# കൃപാ മഹത്വം

*to the praise of His glorious grace, which He has freely given us in the One He loves.*

Ephesians 1:6

LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2016 ഏപ്രിൽ വാല്യം 1 ലക്കം 4

# സത്യ ദൈവശാസ്ത്രം (TRUE THEOLOGY)

പാപ ശാസ്ത്രം + രക്ഷാ ശാസ്ത്രം

# പാപവിമോചനവും കൃപാമഹത്വവും

*Apostle Devasia Mullakara*

അനാദികാലം മുതലേ ദൈവഹിതത്തിൽ മറഞ്ഞിരുന്ന, മാനവരക്ഷയെപ്പറ്റി പ്രതിപാദിക്കുന്ന, ബൈബിൾ സത്യങ്ങളുടെ ക്രോഡീകരണമാണ്, രക്ഷാശാസ്ത്രം (SOTERIOLOGY) എന്നു പറയുന്നത്. നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷകനും ആയ ക്രിസ്തുവിന്റെ ആളത്വത്തിലൂടെയും, ജീവിതത്തിലൂടെയും ആണ് രക്ഷാശാസ്ത്രം ഇതൾ വിടർത്തുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശിതമരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും, സ്വർഗ്ഗാരോഹണത്തിലൂടെയും, ആണ് രക്ഷയുടെ ഭൂരിഭാഗവും നിറവേറിയത്. രക്ഷ, അതിന്റെ ആത്യന്തികാനന്ദത്തിലെത്തുന്നത്, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കപ്പെടുമ്പോഴാണ്. അത് കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയുമാണ്. ഇക്കാര്യം ലോകസ്ഥാപനത്തിനുമുമ്പെ ത്രിത്വം തീരുമാനിച്ചതാണ്. ആ തീരുമാനമനുസരിച്ച് നമ്മെ ക്രിസ്തുവിൽ തിരെഞ്ഞെടുത്തതാണ്. അത് ത്രിത്വത്തിന്റെ തിരുഹിതപ്രകാരമാണ്. അതും ക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കപ്പെടാനാണ്. ഇത്രയും കാര്യങ്ങൾ അവിടുത്തെ കൃപാമഹത്വത്താൽ ആണ് സംഭവിക്കുന്നത്.

ബൈബിളിൽ ഈ കാര്യങ്ങളെല്ലാം അപ്പൊസ്തലനായ പൗലോസ് തന്റെ ഏറ്റവും ഹൃദ്യവും ആലോചനാമൃതവും ആയ ലേഖനമായ 'ലേഖനങ്ങളുടെ റാണി' എന്നറിയപ്പെടുന്ന എഫേസ്യലേഖനത്തിൽ എഴുതിയിരിക്കുന്നത് ഉദ്ധരിക്കാം.

"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളാലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിന്, അവൻ ലോകസ്ഥാപനത്തിനു മുമ്പെ തന്നെ, നമ്മെ അവനിൽ തിരെഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം, യേശുക്രിസ്തു മുഖാന്തരം, നമ്മെ ദത്തെടുക്കേണ്ടതിന്, അവൻ, പ്രിയനായവനിൽ, നമുക്ക് സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻ നിയമിക്കുകയും ചെയ്തുവല്ലോ" (എഫേ.1:6).

നാം രക്ഷാനുഭത്തിലേയ്ക്കെത്തുന്നത് നമ്മുടെ യോഗ്യതയാലല്ല, ദൈവത്തിന്റെ കൃപയാലാണ്. രക്ഷിക്കപ്പെടുന്നതിനുമുമ്പ് നാം ലോകവ്യവസ്ഥകളിലാണ് – അഥവാ ആദാമിലാണ്; പാപങ്ങൾക്ക് അടിമയുമാണ്. പാപന്ധകാരത്തിലാണെന്നതിനേക്കാൾ വലുത്, അവയെപ്പറ്റി വലിയ വലിയ ന്യായീകരണങ്ങളിലുമാണ്. പാപാന്ധകാരത്തിൽ നിന്നും ക്രിസ്തുവിലൂടെ, പാപമോചനത്തിലേക്ക് കടക്കാതെ, മനുഷ്യരോട്, പുരോഹിതന്റെ പ്രച്ഛന്നവേഷം ധരിച്ച മനുഷ്യരോട്, അവെയപ്പറ്റി പറയുക എന്നതും പാപമോചനാർത്ഥം തീർത്ഥയാത്രകളും, കുരിശിന്റെ വഴികളും പള്ളിപ്പണികളും, പള്ളിയമ്പലനേർച്ചകാഴ്ചകളും, അപ്പമെഴുന്നെള്ളിച്ചുവെച്ചുകൊണ്ടുള്ള പൊള്ളയായ ജപമാലസമർപ്പണാരാധനകളും നടത്തി യഥാർത്ഥ പാപവിമോചകന്റെ രക്ത


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: ജസ്റ്റിൻ തോമസ്
ലേഔട്ട് & ഡിസൈൻ : ജീമോൻ




ത്താലുള്ള കഴുകൽ വിശ്വാസത്താലും മാനസാന്തരത്താലും വാങ്ങി ആത്മീയസ്വാതന്ത്ര്യം നേടിയെടുക്കാൻ കഴിയാതെ കോടാനുകോടികൾ ഇവിടെ നെടുവീർപ്പിടുകയാണ്. "അവനിൽ (യേശുക്രിസ്തുവിൽ) നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്" (എഫേ.1:7). യേശുക്രിസ്തുവിന്റെ "രക്തത്താലാണ്" പാപവിമോചനം (മത്താ.26:28, 1 യോഹ.1:7, കൊളോ.1:14). ലോകത്തിലെ മാർപാപ്പാ മുതൽ പാത്രിയാർക്കീസ് മുതൽ മേജർ ആർച്ച് ബിഷപ്പ് മുതൽ പുത്തൻ കുർബ്ബാന ചൊല്ലുന്ന അച്ചൻ വരെ ആരിലൂടെയും പാപമോചനം ഇല്ലെന്ന് ബൈബിൾ പഠിപ്പിക്കുന്നുവെന്ന് പറയാം. കാരണം ക്രിസ്തുവിലൂടെ മാത്രമെ പാപവിമോചനമുള്ളു. ക്രിസ്തുവിന്റെ വേഷം ധരിച്ചതുകൊണ്ടൊ, പഴയനിയമപാപമോചനയാഗമെന്ന വ്യാജേനയുള്ള ബലിയർപ്പണങ്ങൾ കൊണ്ടോ "പുതിയനിയമകാല കൃപായുഗത്തിൽ" പാപമോചനമില്ല. അതു യേശുക്രിസ്തുവിലൂടെ മാത്രമെയുള്ളൂ. അതിന് മനുഷ്യന്റെ ഭാഗത്തുനിന്നും അനുതാപത്തോടെയുള്ള മാനസാന്തര അനുഭവത്തിലൂന്നി നിന്നുകൊണ്ടും ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടുമുള്ള വചനാധിഷ്ഠിത പ്രാർത്ഥനാജീവിതമാണ് വേണ്ടത്. ലക്ഷ്മീഭക്തിക്കോ ഡയാനാദേവീഭക്തിക്കോ യോജിച്ചതോ, അതിനെയും കടത്തിവെട്ടുന്നതോ ആയ മരിയഭക്തിക്കോ, വേളാങ്കണ്ണി -ശബരിമല-മക്കായാത്രകൾക്കോ യാതൊന്നിനും പാപമോചനം നല്കാൻ കഴിയുകയില്ല. ദൈവപിതാവ് പുത്രനെയല്ലാതെ മറ്റാരെയും പാപവിമോചകനും രക്ഷകനുമായി "അപ്പോയിന്റ്" ചെയ്തിട്ടില്ല. ഈ സത്യം പൂർണ്ണമായും വെളിപ്പാടിനാൽ വെളിപ്പെട്ടുകിട്ടിയില്ലായിരുന്നുവെങ്കിൽ, ഈയുള്ളവൻ കത്തോലിക്കാസഭയിലെ ജനപ്രിയനായ ധ്യാനഗുരുവും രോഗശാന്തിശുശ്രൂഷകനുമായി ഇന്നും തുടരുമായിരുന്നു. ഫലമോ, ഭാവിയിൽ നിത്യജീവനെ ലഭിക്കുവാൻ കഴിയാതെ വരിക എന്ന അതിദാരുണമായ അവസ്ഥയും. അത് പിന്നെ, അപ്പോഴല്ലെ, എന്നൊക്കെ വേണമെങ്കിൽ സമാധാനിക്കാം. പക്ഷേ അനുദിനജീവിതത്തിൽ ദൈവീകസമാധാനം അനുഭവിക്കാതെ, പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ കഴിയാതെ, നിരാശയിലും, ദു:ഖത്തിലും, ദേഷ്യത്തിലും, വാശിയിലും സ്വയം ന്യായീകരണത്തിലും കഴിയേണ്ടതായി വന്നേനെ! ഇന്നോ, പാപവിമോചനം യേശുക്രിസ്തു വഴി ലഭിക്കുന്നതിനാലും വചനത്തിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനങ്ങളാലും ദൈവീകസന്തോഷവും ദൈവീകസമാധാനവും ഉള്ളിൽ നിറഞ്ഞ് തുളുമ്പി മറ്റുള്ളവരിലേക്ക് പകരുവാനും ഇടയാകുന്നു. ക്രിസ്തുവിനു വേണ്ടി ജീവിക്കുക മാത്രമല്ല സ്തേഫാനോസിനെപ്പോലെ മരിക്കാനും ആവശ്യമായ സമർപ്പണവും ശിഷ്യത്വവും "കൃപ"യാൽ ഉണ്ടുതാനും. (സ്തേഫാനോസിന്റെ രക്തസാക്ഷിത്വം-അപ്പൊ.7:54-60).

ആദത്തിന്റെ കാര്യം എടുക്കാം. പാപം നിമിത്തമാണല്ലോ ആദാമിന് ആത്മസന്തോഷം നഷ്ടപ്പെട്ടത്. മനുഷ്യനിലെ ദൈവതേജസ്സാണല്ലോ പാപം മൂലം അപ്രത്യക്ഷമായത്. എല്ലാവരുടെയും കാര്യം ഇങ്ങനെയൊക്കെയാണ്. ഇനി നഷ്ടപ്പെട്ട എല്ലാ നന്മകളും തിരിച്ചുകിട്ടുകയും വേണം, ശിക്ഷകൾ ഒഴിവായി കിട്ടണം, പുതിയ പുതിയ അഭിഷേകാനുഭവങ്ങൾ ഉണ്ടാവുകയും വേണം. ഇത്രയും സംഭവിപ്പിക്കുവാൻ കൃപയ്ക്കേ പറ്റൂ. ക്രിസ്തു വഴിയുള്ള ദൈവകൃപയ്ക്ക് പറ്റും, നിത്യഭദ്രതയും കൃപയാൽ തന്നെ സംഭവിക്കും. ഈ രക്ഷ സൗജന്യമായി കൊടുക്കണമെന്നതാണ് ദൈവീകപദ്ധതി. റോമ.3:25-ൽ "അവന്റെ കൃപയാൽ യേശുക്രിസ്തുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു". മാത്രമല്ല കൃപയാൽ നൽകുന്ന ഈ രക്ഷയെപ്പറ്റി എബ്രായലേഖകൻ 2:3,4 വാക്യങ്ങളിൽ "എങ്കിൽ കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും, തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും" (ശിക്ഷാവിധിയിൽ നിന്ന് എങ്ങനെ ഒഴിവാക്കപ്പെടും?)

ഉള്ളടക്കം
CONTENT


സത്യദൈവശാസ്ത്രം *** 2-15
പ്രാർത്ഥനയാൽ നടുവേദന സുഖപ്പെട്ടു *** 6
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും *** 15-20
സത്യദൈവശാസ്ത്രം *** 21-33
വയറുവേദന സുഖപ്പെട്ടു *** 30
7 വർഷത്തിനുശേഷം പ്രാർത്ഥനയാൽ കുഞ്ഞിനെ ലഭിച്ചു *** 31
വാർത്തകൾ *** 34
പ്രോഗ്രാം കലണ്ടർ *** 35

# പാപവിമോചനവും കൃപാമഹത്വവും

പാപ ശാസ്ത്രം
രക്ഷാ ശാസ്ത്രം

## പാപവിമോചനവും കൃപാമഹത്വവും

പാപത്തെ കുറിക്കുന്ന ഗ്രീക്കുപദമായ ഹമാർട്ടിയായിൽ നിന്നുമാണ് ഹമാർട്ടിയോളജി (Hamarteology) എന്ന ഇംഗ്ലീഷ് പദമുണ്ടായത്. ഹമാർട്ടിയോളജിക്ക് പാപസംബന്ധമായ വിഷയങ്ങളെ ബൈബിളിൽ നിന്നും കണ്ടുപിടിച്ച് അടുക്കിയടുക്കി പറയുന്ന ശാസ്ത്രമെന്നാണർത്ഥം. ഈ ലേഖനത്തിലൂടെ പാപശാസ്ത്രത്തെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുവാനല്ല ഉദ്ദേശിക്കുന്നത്. പാപത്തിനധീനമായ ഈ ശരീരത്തിന്റെയും മനസ്സിന്റെയും നിസ്സഹായാവസ്ഥയെ ദൂരീകരിച്ച് പരിശുദ്ധാത്മസഹായത്തോടെയുള്ള ക്രിസ്തുയേശുവിന്റെ വമ്പിച്ച കൃപാമഹത്വത്താൽ വിശ്വാസി ആനന്ദാതിരേകത്തോടെ ജീവിക്കുന്ന കാര്യവും സാത്താന്റെ മേൽ ജയോത്സവം കൊണ്ടാടുന്ന കാര്യവും പ്രതിപാദിക്കുകയാണ് ലക്ഷ്യം.

ഈ ശരീരം പാപത്തിന് അധീനമാണ്. മനസ്സും അങ്ങനെ തന്നെയാണ്. "എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട്, പ്രവർത്തിക്കുന്നതോ ഇല്ല, ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ, ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നുവെങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല; എന്നിൽ വസിക്കുന്ന പാപമത്രേ" (റോമ.7:18-20). മാത്രമല്ല "എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു" അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?" (റോമ.7:23,24). "O wretched man that am I. Who will deliver me from this body of death?" (NKJV Romans 7:24).

പാപവും ന്യായപ്രമാണവും നിമിത്തം ദു:ഖിതനും നിരാശനുമായ ഒരു മനുഷ്യന്റെ ആത്മദു:ഖ ശബ്ദമാണിവ. 1 തിമോ.1:15-ൽ പാപികളിൽ ഒന്നാമൻ താനാണെന്ന് പൗലോസ് പറയുന്നു. നമുക്ക് സ്വന്തം നിലയിലൊ മറ്റേതെങ്കിലും മദ്ധ്യസ്ഥന്മാർ മുഖാന്തരമായോ പാപവിമോചനം സാധ്യമല്ല. കർത്താവായ ക്രിസ്തുവിനെ അഭയം പ്രാപിച്ചേ പറ്റൂ, പാപവിമോചനത്തിന്. ക്രിസ്തുവാകട്ടെ പാപമോചനത്തിന് ആവശ്യമായ ശക്തി തന്റെ കൃപയാൽ വാഗ്ദാനം ചെയ്യുന്നു. അതുകൊണ്ടാണ് കൃപാമഹത്വം എന്നിവിടെ തലക്കെട്ട് എഴുതിയത്. ആകയാൽ പ്രശംസ എവിടെ? അത് പൊയ്പ്പോയി. ഏത് മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലോ? അല്ല, വിശ്വാസമാർഗ്ഗത്താലത്രേ. അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു എന്ന് നാം അനുമാനിക്കുന്നു. അല്ല. ദൈവം യഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതെ, ജാതികളുടെയും ദൈവം ആകുന്നു. ദൈവം ഏകനല്ലോ; അവൻ വിശ്വാസം മൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു. ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരു നാളും ഇല്ല; നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു? (റോമ.3:27-31).

ന്യായപ്രമാണമനുസരിച്ച് പാപി ശിക്ഷിക്കപ്പെടണം. ആ ഭയങ്കര ശിക്ഷ യേശു ക്രൂശിൽ ഏറ്റെടുത്ത് ന്യായപ്രമാണത്തെ ഉറപ്പിച്ചുകൊണ്ട് പാപിയെ നീതീകരിക്കുന്നു. നാം അസുഖം കൂടുതലായാൽ ഒരു വിദഗ്ധ ഡോക്ടറെ സമീപിക്കുമല്ലോ. അദ്ദേഹം നല്ലപോലെ രോഗനിർണ്ണയം നടത്തും ഒന്നാം ഘട്ടത്തിൽ. അതിന് പ്രത്യേക വിധത്തിലുള്ള സ്കാനിംഗുകളും നടത്തും. രണ്ടാം ഘട്ടത്തിലാണ് ചികിത്സ. ഈ രോഗനിർണ്ണയവും ചികിത്സയും രണ്ടും ഒത്തുചേരുമ്പോൾ രോഗി പൂർണ്ണസൗഖ്യത്തിലേക്ക് വരും. ഈ രണ്ട് ഘട്ടങ്ങളും ഡോക്ടറും രോഗിയും ചേർന്ന് പൂർത്തീകരിക്കുന്നു. ഇവിടെ രോഗനിർണ്ണയം നടത്തുന്നതും ചികിത്സ നടത്തുന്നതും ഒരുവൻ തന്നെ യേശുക്രിസ്തു. നാം നമ്മെ സമർപ്പിച്ചാൽ മതി, സമ്പൂർണ്ണ വിശ്വാസത്തോടെ. അതുകൊണ്ടാണ് രണ്ടും ഒരുമിച്ച് ചെയ്യുന്ന ആ ശുശ്രൂഷയെ കൃപയ്ക്കുമേൽ കൃപ എന്ന് വിളിക്കുന്നത്. കൃപാമഹത്വം!

### ആദ്യം ദൈവകൃപയെപ്പറ്റി, പിന്നെ പാപത്തെപ്പറ്റി; സർവ്വ കൃപാലു.

### ദൈവം സർവ്വ കൃപാലു:

1 പത്രോ.5:10-ൽ "എന്നാൽ അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കും;

### യേശുക്രിസ്തു കൃപാലു:

"നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ , നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊരി.8:9).

### പരിശുദ്ധാത്മാവ് കൃപാലു

ദൈവപുത്രനെ ചവിട്ടിക്കളയുകയും തന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്ന് നിരൂപിക്കുകയും




# പാപവിമോചനവും കൃപാമഹത്വവും

"കൃപയുടെ ആത്മാവിനെ" നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്ക് പാത്രമാകും എന്ന് വിചാരിപ്പിൻ". (എബ്രാ.10:29).

**ദൈവകൃപയ്ക്കുള്ള നിർവ്വചനം**

പാപം മുഖാന്തരം ദൈവത്തിൽ നിന്ന് വളരെ വളരെ അകലെ ആയിപ്പോയ മനുഷ്യന്റെ, പാപം തീർത്തും കണക്കിടാതെ പാപത്തിന്റെ ശിക്ഷ പാപിയുടെ മേൽ നൽകുന്നതിന് പകരമായി ഒന്നും പ്രതീക്ഷിക്കാതെ ക്രിസ്തുവിന്റെ മേൽ ചുമത്തിക്കൊണ്ട് പാപിയെ ക്രിസ്തുവിൽ നീതീകരിച്ചുകൊണ്ട്, ആദ്യം രക്ഷയും പാപമോചനവും ഒടുവിൽ നിത്യതയും സൗജന്യമായി നൽകുന്ന ദൈവീകസ്വഭാവത്തിന്റെ അസ്സൽ പേരാണ് കൃപ. പൗലോസപ്പോസ്തലൻ പറയുന്നത്. റോമ.1:6-ൽ "വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന് കൃപയും അപ്പൊസ്തലത്വവും" ഞാൻ പ്രാപിച്ചിരിക്കുന്നുവെന്നാണ്. അപ്പൊസ്തലത്വവും പ്രവാചകത്വവും ഒക്കെ നിലനിർത്താനും വേണം കൃപ, നേരെ മറിച്ച് കൃപയാദ്യം കൊടുത്തുകൊണ്ടേ അപ്പൊസ്തലത്വവും പ്രവാചകത്വവും ഇടയന്റെ വിളിയുമൊക്കെ ദൈവം കൊടുക്കൂ എന്നൊക്കെ നമുക്ക് ദൈവനാമമഹത്വത്തിനായി കരുതാം.

"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു" (യോഹ.1:14). ജഡമായിത്തീർന്നു എന്നു പറഞ്ഞാലർത്ഥം യഥാർത്ഥ മനുഷ്യനായിത്തീർന്നു എന്നാണ്. പഴയനിയമഗ്രന്ഥങ്ങളിൽ പലയിടത്തും ദൈവതേജസ്സ് ഇറങ്ങിവന്നതായി നാം വായിക്കുന്നു. പുറ.16:10-ൽ അഹറോൻ യിസ്രായേൽമക്കളുടെ സർവ്വസംഘത്തോടും സംസാരിക്കുമ്പോൾ അവർ മരുഭൂമിക്ക് നേരെ തിരിഞ്ഞുനോക്കി യഹോവയുടെ തേജസ്സ് മേഘത്തിൽ വെളിപ്പെട്ടിരിക്കുന്നത് കണ്ടു. പുറ.24:16-ൽ "യഹോവയുടെ തേജസ്സ് സീനായ് പർവ്വതത്തിൽ ആവസിച്ചു. മേഘം 6 ദിവസം അതിനെ മൂടിയിരുന്നു". പുറ.40:34-ൽ "അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറയ്ക്കുകയും ചെയ്തതുകൊണ്ട് മോശയ്ക്ക് അകത്തുകടക്കാൻ കഴിഞ്ഞില്ല". 1 രാജാ.8:11-ൽ "യഹോവയുടെ തേജസ്സ് യഹോവയുടെ ആലയത്തിൽ നിറഞ്ഞിരിക്കുന്നതുകൊണ്ട് മേഘം നിമിത്തം ശുശ്രൂഷ ചെയ്യേണ്ടതിന് നിൽപ്പാൻ പുരോഹിതന്മാർക്ക് കഴിഞ്ഞില്ല". പുതിയനിയമത്തിലാണെങ്കിൽ എല്ലാ അത്ഭുതപ്രവൃത്തികളോടും കൂടി ക്രിസ്തുവിന്റെ തേജസ്സ് മറ്റുള്ളവർ കാണുകയായിരുന്നു. മറുരൂപമലയിലോ ? മത്താ.17-ൽ 1 മുതൽ 8 വരെയുള്ള വചനങ്ങൾ കുറിക്കാം.

"ആറ് ദിവസം കഴിഞ്ഞ ശേഷം യേശു പത്രോസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും മാത്രം ഒരു ഉയർന്ന മലയിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനേപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു. മോശയും ഏലിയാവും അവനോട് സംസാരിക്കുന്നതായി അവർ കണ്ടു".

ആദ്യം പറഞ്ഞ പഴയനിയമസന്ദർഭങ്ങളിലും ഒടുവിൽ പറഞ്ഞ പുതിയനിയമസന്ദർഭത്തിലും നാം കാണുന്ന ദൈവതേജസ്സില്ലേ! ആ ദൈവതേജസ്സിനേക്കാൾ കുറഞ്ഞതൊന്നുമല്ല കൃപ.

"കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം, അതിക്രമങ്ങളാൽ മരിച്ചവരായ നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗരാജ്യത്തിൽ ഇരുത്തുകയും ചെയ്തു" (എഫേ.2:5-7). എന്ന വചനത്തിലാണ് കൃപയുടെ അത്യന്തധനത്തെ ഗൗരവമായി അവതരിപ്പിച്ചിരിക്കുന്നത്. റോമ.5:20,21-ൽ "എങ്കിലും പാപം പെരുകിയിടത്ത് കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനുതന്നെ" എന്നെഴുതിയിരിക്കുന്നത് എത്രയോ വലിയ മർമ്മമാണെന്നോ?

അതായത് പാപം എവറസ്റ്റ് കൊടുമുടിയോളം പെരുകി വലുതായി വളർന്നുവെങ്കിൽ കൃപ, പാപത്തെ മൂടി മറക്കുവാൻവേണ്ടി ആയിരം എവറസ്റ്റ് കൊടുമുടിയോളം വളർന്നു നിൽക്കുന്നു. ആദാം മാത്രമല്ല മനുഷ്യവർഗ്ഗം മുഴുവനും പാപത്തിൽ മുഴുകി അതിന്റെ ഘോരമായ ശിക്ഷാവിധിക്ക് കാതോർത്തുനിന്നപ്പോൾ അവരെ ഉപേക്ഷിക്കാതെ, ക്രിസ്തുവിൽ പെരുകി പകർന്ന കൃപയാണിവിടെ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആദാം തുടങ്ങിവെച്ച പാപം തുടർന്നുള്ള കോടാനുകോടി മനുഷ്യരിലൂടെ പിന്നെയും പിന്നെയും വളർന്ന് പടർന്ന് പന്തലിച്ചപ്പോൾ ദൈവത്തിന്റെ കൃപ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തെക്കാൾ വലുതാണെന്ന്, കാൽവരിയിൽ തന്റെ പുത്രനെ കൈവിട്ടുകൊണ്ട് പിതാവ് തെളിയിച്ചിരിക്കുന്നു. തുടർന്ന് നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റുകൊണ്ട്, കൃപയാൽ, മരണത്തെയും




ലജ്ജിപ്പിച്ചുകഴിഞ്ഞു. ഇനി തന്നിൽ പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് ആരൊക്കെ ആത്മീയജീവിതം നയിക്കുന്നുവോ അവരെ മുഴുവൻ പേരെയും നിത്യതയിലേക്ക് എടുക്കുന്നതും കർത്താവ് ആയിരിക്കും.

കാരിസ് എന്ന ഗ്രീക്കുപദത്തെ കൃപ എന്ന മലയാള പദം കൊണ്ടും Grace എന്ന ഇംഗ്ലീഷ്പദം കൊണ്ടുമാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. കൃപയെ ഇനിയും ഒത്തിരിനിർവ്വചിക്കുവാനുണ്ട്. തീത്തോ.3:3-7 വാക്യങ്ങൾ ഉദ്ധരിക്കാം. “മുമ്പെ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകയ്ക്കുന്നവരും ആയിരുന്നുവല്ലോ എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത്. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശപ്രകാരം, നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന് പുനർജ്ജനനസ്നാനംകൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നെ”.

വ്യക്തിപരമായ വീണ്ടും ജനനത്തെ, നമുക്ക്, ദൈവകൃപയാൽ ലഭ്യമാകുന്നതിനെയാണ് തീത്തോസ് പറയുന്നത്. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവെന്ന് തീത്തോസ് 2-ന്റെ 11-ൽ നേരത്തെ പറഞ്ഞായിരുന്നു. യോഹ.3:3,5 വാക്യങ്ങളിൽ വെള്ളത്താലും ആത്മാവിനാലും വീണ്ടുംജനിക്കേണ്ടതുണ്ടെന്ന, വചനമാകുന്ന വെള്ളത്താലാണ് വീണ്ടുംജനനം; അതും, പരിശുദ്ധാത്മാവിനാലുമാണ്. (വിശ്വാസസ്നാനമല്ല ഇവിടുത്തെ വീണ്ടുംജനനം) വിശ്വാസസ്നാനം മറ്റൊരു കല്പനയാണ്. മർക്കോ.16:16-ൽ വിശ്വാസസ്നാനം രക്ഷയിലേക്കുള്ള ചവിട്ടുപടിയാണ്. വീണ്ടുംജനനം രക്ഷയുടെ നാരായവേരാണ്. വെള്ളത്തെ (യെഹസ്ക്കേൽ 36:25) തിരുവചനത്തിന്റെ സാദൃശ്യമായി, ബൈബിളിൽ പറഞ്ഞിട്ടുള്ളത് ഇവിടെ അനുസ്മരിക്കാം. വിശ്വാസസ്നാനം വിശ്വാസിക്കാണ് ലഭിക്കുക. അതൊരു വിശ്വാസിക്ക് കൊടുക്കുവാനും സാധിക്കും. എന്നാൽ വീണ്ടുംജനനം ഒരു വിശ്വാസിക്ക് കൊടുക്കുവാൻ കഴിയുകയില്ല. വചനത്തിനും ആത്മാവിനും മാത്രമെ കഴിയുകയുള്ളു. എന്നാൽ വിശ്വാസത്തോടുകൂടിയ വിശ്വാസിയുടെ പ്രാർത്ഥന, ആരെയും ആർദ്രഹൃദയനാക്കുവാനും ദൈവകൃപ അദ്ദേഹത്തിലേക്ക് കരകവിഞ്ഞൊഴുകിയെത്തുവാനും തീർച്ചയായും സഹായിക്കുകയും ചെയ്യും. നിരവധിയായ ടെൻഷനിലാണല്ലോ മനുഷ്യൻ. പിശാചിന്റെ പലവിധത്തിലുള്ള പ്രലോഭനങ്ങളുടെ നടുക്കാണല്ലോ ആ മനുഷ്യന്റെ ആത്മാവ്. ലോകമയത്വത്തിലേക്കും ബുദ്ധിയുടെയും പുറമെയുള്ള ശരീരത്തിന്റെയും മോഹങ്ങളുടെയും തെറ്റായ ചിന്തകളുടെയും വേലിക്കെട്ടുകൾക്കകത്തുമാണല്ലോ മനുഷ്യൻ. അപ്പോൾ മറ്റുള്ള കൂട്ടുവിശ്വാസിമാരുടെയും പ്രത്യേകസമർപ്പണ ജീവിതമുള്ളവരുടെയും ആത്മാവിൽ നിറഞ്ഞുള്ള പ്രാർത്ഥനാജീവിതം ആർക്കും ഹൃദയകവാടം തുറക്കുവാനും ഒടുവിൽ ക്രിസ്തുദർശനത്തി



എന്റെ പേര് ചെല്ലസ്വാമി. സ്വദേശം വാകമൺ. ഞാൻ ഒരു രോഗിയായിരുന്നു. എന്നാൽ രോഗിയായിരുന്ന എന്നെ യേശുക്രിസ്തു തൊട്ടനുഗ്രഹിച്ചു. ആ അനുഭവം പ്രിയ വായനക്കാരോട് ഞാൻ പങ്കുവയ്ക്കുവാനാഗ്രഹിക്കുന്നു. ഒന്നരകൊല്ലത്തോളം ഞാൻ ഒരു നടുവേദനരോഗിയായിരുന്നു. ചികിത്സകളൊക്കെ ചെയ്തുവെങ്കിലും രോഗം മാറിയിരുന്നില്ല. ഞാൻ പണിക്കൊക്കെ പോകുന്ന ആളായിരുന്നു. അസുഖം കാരണം എനിക്ക് അതിനും സാധിക്കാതെയായി. അങ്ങനെയിരിക്കെയാണ് ഏറ്റുമാനൂരിൽവെച്ച് ഞാൻ ദേവസ്യാ മുല്ലക്കരാസാറിന്റെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാനിടയായത്. അവിടെവെച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുശേഷം കർത്താവ് സുഖപ്പെടുത്തിയെന്നു പറഞ്ഞു. അപ്പോൾ മുതൽ എനിക്ക് നല്ല സൗഖ്യമായി. ഇപ്പോൾ മൂന്നുവർഷമായി. ഞാൻ പണികളൊക്കെ ചെയ്യുന്നു. ഇപ്പോൾ യേശുവിനെ അറിഞ്ഞ് ആത്മീയജീവിതം നയിക്കുന്നു. ഈ കർത്താവിനെ എല്ലാവരും അറിയണമെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവെ നന്ദി.

**ചെല്ലസ്വാമി.**

**വാകമൺ. Ph: 9747332419**

# പാപവിമോചനവും കൃപാമഹത്വവും

ലേക്കും ഒടുവിൽ ബൈബിളധിഷ്ഠിതമയ ദൈവദർശനത്തിലേക്കും എത്തുവാനും കൃപയാൽ ഇടവരാതിരിക്കില്ല. എല്ലാം കൃപയാലാണ്.

**കൃപയുടെ അത്യന്ത ധനം.**

"ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ **കൃപയുടെ അത്യന്തധനത്തെ** വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്, ക്രിസ്തുയേശുവിൽ അവനോടുകൂടി ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു" (എഫേ.6:6,7). കൃപയുടെ അത്യന്തധനമെന്നു പറയുമ്പോൾ ആ ധനത്തിന്റെ ട്രഷറിയിൽ നിന്ന് ഒരിയ്ക്കലും എത്രയെടുത്താലും കുറയുകയില്ല. കാരണം അത് ഒരു മനുഷ്യന്റെ സമ്പത്തുപോലെയല്ല, ദൈവത്തിന്റെ സമ്പത്താണ്. ആ സമ്പത്ത് എത്രമാത്രമെന്ന് "ഒരു കണ്ണ് കണ്ടിട്ടില്ല, ഒരു കാത് കേട്ടിട്ടില്ല, ഒരു മനുഷ്യമനസ്സ് ഒട്ട് ഗ്രഹിച്ചിട്ടുമില്ല" (1 കൊറി.2:9, ഏശ.64:4, 65:17). അപ്രകാരമുള്ള ദൈവത്തിന്റെ സമ്പത്ത് ഒരിക്കലും അവസാനിക്കാത്തതാണ്. 1 കൊറി.2:9-ൽ മുകളിൽ എഴുതിയിരിക്കുന്നത് ഏശയ്യാവിന്റെ പുസ്തകത്തിൽ 64-ൽ നിന്നും 65-ൽ നിന്നും ഉദ്ധരിച്ചതാണ്. ലോകമനുഷ്യരിൽ, വിശ്വാസികൾ പോലും ഈ കൃപയുടെ അത്യന്തധനത്താലുള്ള അതിരുകളില്ലാത്ത സ്നേഹത്തെ തിരിച്ചറിയുന്നില്ലാത്തതിനാൽ, വീണ്ടുംവീണ്ടും പാപത്തിലും വീഴ്ചയിലും ആകുമ്പോൾ, അവരൊക്കെ ബലഹീനത എന്ന വാക്ക് ആവർത്തിച്ച് സ്വയം സമാധാനിക്കുകയും 'പിശാച് എത്ര ഭയങ്കരൻ, അവൻ എന്നെ വഞ്ചിച്ചു' എന്നൊക്കെ പറയുകയും മറ്റും ചെയ്യുന്നു. വേറൊരു സമയം ഇങ്ങനെയും പറഞ്ഞേക്കാം, ഇത് കടമറ്റം കെട്ടാണ്, ഇത് പൗരോഹിത്യക്കെട്ടാണ്, ഇത് മറിയക്കെട്ടാണ്, ഇത് ഭദ്രകാളിക്കെട്ടാണ് എന്നൊക്കെ. പക്ഷേ, ഞാൻ പറയട്ടെ ക്രിസ്തുവിന്റെ അവർണ്ണനീയമായ കൃപാസ്വഭാവത്തെ അറിയേണ്ടത്രയും അറിയാത്തതുകൊണ്ടാണ് നാം പാപത്തിന്റെയും സാമ്പത്തിക കടഭാരങ്ങളുടെയും വൻചതിക്കുഴികൾക്കകത്ത് ചെന്ന് ചാടുന്നത്. ക്രിസ്തുവിൽ നിന്ന് സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന കൃപാമഹത്വത്തേയും നമ്മളോട് ഓരോ നിമിഷവും ഉള്ള കരുതലിനെയും വേണ്ടിടത്തോളം നാം അറിയുകയാണെങ്കിൽ നമ്മുടെ ടെൻഷനെല്ലാം നാം ക്രിസ്തുവിനെ ഏൽപ്പിക്കുകയും സകല പ്രലോഭനങ്ങളെയും കൃപയാൽ നാം പരാജയപ്പെടുത്തുകയും ചെയ്യും.

**എണ്ണിയാൽ ഒടുങ്ങാത്ത കൃപ**

1. പ്രസംഗിക്കുവാനുള്ള കൃപ

"ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നെഴുതിയിരിക്കുന്നുവല്ലോ" (ഏശ.52:7, റോമ.10:15). ശരിയാണ് ആരെങ്കിലും അയച്ചാലെ പോയി പ്രസംഗിക്കുവാൻ പറ്റൂ. സുവിശേഷം പ്രസംഗിച്ച്, ദൈവീകജ്ഞാനവും ക്രൂശിതനിലൂടെ ലഭിച്ച പാപമോചനവും അറിയിച്ച് ലഭിക്കാനിരിക്കുന്ന പരിശുദ്ധാത്മാഭിഷേകത്തിലേക്ക് മനുഷ്യനെ എത്തിക്കുക എന്നതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ നോബൽ പ്രൈസിനേക്കാൾ ഏറ്റവും വലിയ ശുശ്രൂഷ. ഒന്നും രണ്ടും മണിക്കൂർ താളമേളക്കൊഴുപ്പോടെ ആവേശം കയറുന്നതിനനുസിച്ച് ചാടിയും മറിഞ്ഞും പ്രാർത്ഥനാഗാനങ്ങൾ ഉരുവിട്ട് പാടിയാരാധിക്കുന്ന അനേകം സഭകളുണ്ട്. ഇതത്രയും ഹൃദയത്തിൽ നിന്നുള്ള ഗാനാലാപനവും ഹൃദയതന്ത്രികൾ മീട്ടുന്നതിനനുസരിച്ചുള്ള ആരാധനയുമാണെങ്കിൽ ദൈവത്തിനത് ഒത്തിരി ഇഷ്ടവുമായിരിക്കും. എന്നാൽ ക്വയർ ടീം മനുഷ്യരുടെ മുമ്പിൽ അഭിനയിക്കുകയും പാസ്റ്ററിനെ ഭയക്കുകയുമൊക്കെയാണ് ചെയ്യുന്നതെങ്കിൽ ആ ആരാധന സ്വീകരിക്കുന്നത് പിശാച് ആയിരിക്കുവാൻ സാധ്യതയുണ്ട്. പ്രസംഗവും ഹൃദയത്തിൽ നിന്നല്ല വരുന്നതെങ്കിൽ കാപട്യമാകാൻ സാധ്യതയുണ്ടെങ്കിൽ അതും പാപം തന്നെ. പുതിയനിയമത്തിലെ ക്രിസ്തുവിനെ നാം പ്രസംഗിക്കണം. വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെ നാം പ്രസംഗിക്കണം. പഴയനിയമസംഭവങ്ങളിലേക്കും വചനങ്ങളിലേക്കും അവസരോചിതമായി പ്രസംഗകനിറങ്ങണം. കേൾവിക്കാർക്ക് മാനസാന്തരാനുഭവവും വീണ്ടുംജനനാനുഭവവും പരിശുദ്ധാത്മനിറവുമുണ്ടാകണം. പാട്ടുപാടലും പ്രാർത്ഥനകൾ ചൊല്ലലും എല്ലാം കൂടി പ്രസംഗത്തെ ഞെരുക്കിക്കളയരുത്. ആളുകൾക്ക് ഇഷ്ടം ആദ്യം ഗാനാരാധനയും രണ്ടാമത് പ്രാർത്ഥനയുമാണ്. എന്നാൽ ദൈവത്തിനിഷ്ടവും നിത്യതയ്ക്ക് ഏറെ പ്രയോജനപ്പെടുന്നതും വചനപ്രഘോഷണമാണ്. പക്ഷെ ഗാനാലാപനാരാധനയും പ്രാർത്ഥനയും ആവശ്യത്തിനുണ്ടായേ പറ്റൂ. "നിങ്ങൾക്ക് ആത്മീകവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാനിപ്പോൾ നിങ്ങളെ ഭരമേൽപ്പിക്കുന്നു" (അപ്പൊ.20:32). പ്രസംഗിക്കുവാനുള്ള കൃപയാണ് ഏറ്റവും വലിയ കൃപ. കൃപയുള്ളവർക്കേ ഇക്കാര്യത്തിൽ പിടിച്ചു നിൽക്കുവാൻ കഴിയുകയുള്ളു.

**2. നിത്യജീവൻ**

പാപിക്ക് എപ്പോഴും പാപത്തിന്റെ ശമ്പളം കിട്ടിക്കൊണ്ടിരിക്കും. മരണമാണ് പാപത്തിന്റെ ശമ്പളം. ഈ മരണം പാപികൾക്കർഹതയുള്ളതാണെങ്കിലും, പാപിയോടുള്ള ദൈവത്തിന്റെ അഗാധസ്നേഹ




ത്താൽ ഈ മരണം എടുത്ത് ദൈവം ക്രിസ്തുവിന് കൊടുത്തു. ആത്മീകമരണം മാത്രമല്ല, ഭൗതീകമരണവും. അങ്ങനെ മനുഷ്യന്റെ ശിക്ഷ ക്രിസ്തുവിലേക്ക് പോയി. ക്രിസ്തുവിന്റെ മരണത്താൽ, വിശ്വസിക്കുന്ന ഏവരിലേക്കും രക്ഷയും വന്നു. ഇതാണ് കൃപയുടെ പ്രതിപ്രവർത്തനം. റോമ.6:22,23-ൽ പറയുന്നു "നിങ്ങൾ പാപത്തിന് ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ച് സ്വതന്ത്രരായിരുന്നുവല്ലോ. നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നതു തന്നെ. അതിന്റെ അവസാനം മരണമല്ലോ. എന്നാൽ ഇപ്പോൾ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിരിക്കുന്നതിനാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനുമാകുന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ. **ദൈവത്തിന്റെ കൃപാവരമോ** നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ **നിത്യജീവൻ** തന്നെ" (റോമ.6:20-23). പഴയ മനുഷ്യൻ പാപം ചെയ്യുന്നതിൽ പ്രമോദിക്കുന്നവനാണ്. മദ്യപാനം എന്ന പാപം ചെയ്യുന്നവന് മദ്യം അകത്തുള്ള സമയത്തെല്ലാം ഒരു പ്രമോദമുണ്ട്. മദ്യപാനി സ്വർഗ്ഗത്തിൽ പോകുകയില്ലെന്നുള്ള സത്യം ബൈബിളിൽ നിന്ന് ഉദ്ധരിച്ചാലും മദ്യപാനിക്ക് ലിവർസിറോസിസ് വന്ന് രക്തം ഛർദ്ദിച്ച് ഛർദ്ദിച്ച് മരണമാണ് ഒടുവിൽ എന്ന് പറഞ്ഞാലും, കുടിച്ച് കുടിച്ച് കടം കയറി ഭാര്യയും മക്കളും "തെണ്ടി കുത്തുപാള" എടുക്കേണ്ടി വരുമെന്ന് പറഞ്ഞാലും, പോലീസുകാരുടെ കയ്യിൽ നിന്ന് ചപ്രം ചിപ്രം അടി കൊള്ളേണ്ടി വന്നാലും, കൃപയാൽ ദൈവം ഒന്നു തൊടും വരെ അയാൾ കുടിക്കുക തന്നെ ചെയ്യും. അതുപോലെ വിവാഹിതനാകട്ടെ അവിവാഹിതനാകട്ടെ ലൈംഗികപാപത്തിൽ പ്രമോദം കണ്ടെത്തിയവർ ദൈവം ഒന്നു തൊടും വരെ അതങ്ങനെ മുറയ്ക്ക് ചെയ്തുകൊണ്ടിരിക്കും. എന്നാൽ കൃപയാൽ ദൈവം ഒന്നു തൊട്ടാൽ പിന്നെ മരണം വരെ ആ പാപത്തെ എന്നന്നേക്കുമായി ഉപേക്ഷിക്കുവാൻ സാധിക്കും. ഇങ്ങനെ ദൈവം തൊട്ടവരാണ് എല്ലാ യഥാർത്ഥ വിശ്വാസികളും. ദൈവം തൊടുവാൻ ഇടയായതോ ദൈവകൃപയാലാണു താനും. പാപം ചെയ്യുന്നതിൽ ആനന്ദിക്കുന്നവനായ പഴയ മനുഷ്യന്റെ തലച്ചോറും കൈകാലുകളും ലൈംഗികാവയവങ്ങളും നാവും വിശപ്പും ദാഹവും തോന്നിപ്പിക്കുന്ന ആന്തരികാവയവങ്ങളുമെല്ലാം സാത്താന്റെ കളിപ്പാട്ടങ്ങൾ മാത്രമാണ്. എന്നാൽ ക്രിസ്തുവിന്റെ കൃപയെന്ന പുതിയനിയമത്തിലെ പുതിയ അറിവിനാൽ നമ്മുടെ ശരീരത്തിന്റെ അവയവങ്ങളെ ദൈവപുത്രന്റെ രക്തത്തിനും കൃപക്കും നാം കീഴ്പ്പെടുത്തിക്കൊടുത്താൽ മതി. നമുക്ക് നിത്യജീവൻ കൃപയാൽ ഉറപ്പാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ **നിത്യജീവൻ** പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു". (യോഹ.3:16). ഈ വാക്യത്തിലെ നിത്യജീവൻ പ്രാപിക്കുക എന്നത് നാം പ്രത്യേകം അടിവരയിട്ട് പഠിക്കണം. യോഹ.3:35,36-"പിതാവ് പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്, പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ". "ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു, നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെയാകുന്നു" (1 യോഹ.5:20). കൃപയാലാണ് നാം ദൈവത്തിലും ദൈവപുത്രനിലും പരിശുദ്ധാത്മാവിലും ആകുന്നത്. നിത്യജീവനെ സംബന്ധിച്ച് യാതൊരു സംശയവും വേണ്ട - അത് കൃപയാൽ മാത്രമാണ്.

### 3. നീതീകരണവും, നിറപ്പും

സകല തെറ്റുകളും ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന മനുഷ്യന്റെ നേരെ ദൈവപിതാവ് നോക്കുമ്പോൾ, അയാൾ ക്രിസ്തുവിൽ ശക്തമായി വിശ്വസിക്കുന്നു എന്നു കാണുകയും, ക്രിസ്തു അയാൾക്കു വേണ്ടി ക്രൂശിൽ മരിക്കുക മാത്രമല്ല ക്രിസ്തു അയാൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം യാചിക്കുകയും ചെയ്യുന്നതുകൂടി കാണുമ്പോൾ, ക്രിസ്തുവിന്റെ അനുസരണം കാണുകയും തന്റെ കൃപ കരകവിഞ്ഞൊഴുകുകയും കൂടി ചെയ്യുമ്പോൾ, അപ്പൊസ്തലനായ പൗലോസ് റോമാലേഖനം 5-ാം അദ്ധ്യായത്തിൽ 15,16 വാക്യങ്ങളിൽ പറഞ്ഞത് സംഭവിക്കും, **കൃപയാൽ നീതീകരണം** "ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചുവെങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കുവേണ്ടി ഏറ്റവും കവിഞ്ഞിരിക്കുന്നു. ഏകൻ പാപം ചെയ്തതിന്റെ ഫലവും കൃപയുടെ കാര്യവും ഒരുപോലെയല്ല, ഏകന്റെ പാപം ശിക്ഷാവിധി കല്പിക്കുവാൻ ഹേതുവായിത്തീർന്നു. **കൃപാവരമോ** അനേകലംഘനങ്ങളെ മോചിപ്പിക്കുന്ന നീതീകരണ വിധിക്ക് ഹേതുവായിത്തീർന്നു".

പാപമാകുന്ന ക്യാൻസർ മനുഷ്യസമൂഹത്തെ ഇഞ്ചിഞ്ചായി കാർന്നു തിന്നു




കൊണ്ടിരിക്കുന്നു. പക്ഷെ അതിനുള്ള സിദ്ധൗഷധം ക്രിസ്തുവിലുണ്ട്, ക്രിസ്തുവിന്റെ കൃപയിൽ. ആദാമിലൂടെയും ആദാമ്യ സ്വഭാവമുള്ളവരിലൂടെയും മനുഷ്യ സമൂഹത്തിന് നഷ്ടമായതൊക്കെയും ക്രിസ്തുവിൽ പുണ്യമായി വിളങ്ങിനിൽക്കുന്നു, കൃപയാൽ. മനുഷ്യന്റെ വിശ്വാസത്താലും ദൈവത്തിന്റെ കൃപയാലും അവൻ യഥാസ്ഥാനപ്പെടുകയും ചെയ്യും. വിശ്വാസത്താൽ നീതീകരിക്കപ്പെടും. കൃപയാലാണെങ്കിൽ നിത്യജീവൻ പോലും ലഭിക്കും. പെരുകിയ പാപത്തെ കൃപ പെരുകിപ്പെരുകി പരാജയപ്പെടുത്തുന്ന അത്യപൂർവ്വദർശനദീപ്തിയാണ് റോമാലേഖനം 5-ാം അദ്ധ്യായത്തിൽ നാം കാണുക.

കൃപയുടെ പ്ലാറ്റ്ഫോമിൽ തന്നെയാണ് വിശ്വാസി, ദൈവവചനമാകുന്ന വാളോങ്ങിനിൽക്കുന്നത്. പാപം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റിയപ്പോൾ, കൃപയാണെങ്കിൽ മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുകയായിരുന്നു. 2 കൊറിന്ത്യരിൽ 5-ാം അദ്ധ്യായത്തിൽ 18,19 വാക്യങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നു. “അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേൽപ്പിച്ചിരിക്കുന്നു”. കൃപമൂലം നമുക്ക് സ്വർഗ്ഗത്തിലെത്താം. ദൈവത്തോട് സമാധാനത്തിലാകാം (റോമ.5:1). എല്ലാവരോടും അനുരഞ്ജനത്തിലുമാകാം.

**4. കൃപ ഒരു നിക്ഷേപമാണ്.**

1 പത്രോ.4:10-ൽ “ഓരോരുത്തനും വരം ലഭിച്ചതുപോലെ വിവിധമായിട്ടുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ”. വരവും ദൈവകൃപയും എന്ന രണ്ട് പദങ്ങൾ പത്രോസ് അപ്പൊസ്തലൻ ഇവിടെ പറഞ്ഞിട്ടുണ്ട്. വരം കൊടുക്കുന്ന ദൈവം തന്റെ കൃപയാലാണ് അത് കൊടുക്കുന്നത്. അപ്പോൾ അത്, കൃപാവരമായി ത്തീരുകയാണ്. സ്വന്തം കഴിവിനാലല്ല അത് ലഭിക്കുന്നത്, ഇഷ്ടദാനമായിട്ടാണ്. ഗൃഹവിചാരകർക്ക് കൃപാവരം കിട്ടും. ഗൃഹവിചാരകൻ ഗൃഹത്തിന്റെ ഉടമസ്ഥനല്ല. ഗൃഹത്തിന്റെ ഉടമസ്ഥന്റെ ഇഷ്ടമനുസരിച്ച് വീടും നോക്കി, വീട്ടിലുള്ളവരെയും നോക്കുന്ന ആളാണ് ഗൃഹവിചാരകൻ. ദൈവസഭ ആകുന്ന ആത്മീകഗൃഹത്തിലെ ഗൃഹവിചാരകന്മാരാണ് സഭാ ശുശ്രൂഷകന്മാർ. നല്ല ഗൃഹവിചാരകന്മാർക്ക് ദൈവകൃപ സമൃദ്ധമായി കൊടുക്കും. അതൊരു വലിയ നിക്ഷേപമായിരിക്കും. 1 പത്രോ.4:11 -ൽ ആ നിക്ഷേപങ്ങൾ ഇന്നയിന്ന വിധത്തിലായിരിക്കും എന്നുണ്ട്. “ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നുവെങ്കിൽ ദൈവം നൽകിയ പ്രാപ്തിക്കെന്നപോലെയുമാകട്ടെ. എല്ലാറ്റിനും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടയാകട്ടെ. മഹത്വവും ബലവും എന്നേക്കും അവനുള്ളത്”. നല്ലൊരു സുവിശേഷപ്രസംഗകൻ പ്രസംഗിക്കുന്നത് കേൾവിക്കാരിൽ ആരെയും തൃപ്തിപ്പെടുത്തുവാനല്ല. അവർക്ക് ദൈവവചനം തന്നെ ആവശ്യമായ തിരുത്തലുകൾ കൊടുത്തുകൊള്ളും. അയാൾ ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചതുപോലെയാണ് പ്രസംഗിക്കുന്നത്. ഒത്തിരി വചനവ്യാഖ്യാനാശയങ്ങൾ അയാളുടെ ഹൃദയത്തിൽ നിക്ഷേപങ്ങൾ പോലെയുണ്ടായിരിക്കണം. കൃപയുടെ കുത്തൊഴുക്കിൽ കുളിച്ചവനായിരിക്കണം ആ പാസ്റ്റർ. മറ്റൊരാളുടെ ശുശ്രൂഷ ദൈവം നൽകിയ പ്രാപ്തിക്കൊത്തപോലെ മതി. പക്ഷെ പ്രസംഗം ക്രിസ്തുവിന്റെ അരുളപ്പാട് ലഭിച്ചവനേപ്പോലെ തന്നെയായിരിക്കണം. എന്നാൽ വ്യത്യസ്ത സഭകളിൽ ഗാനാമൃതം പൊഴിച്ചും, അന്യഭാഷ ചൊല്ലിച്ചൊല്ലിയാരാധിച്ചും, അത്തരം ശുശ്രൂഷകൾ ദൈവത്താൽ വരം കിട്ടിച്ചെയ്യുന്നു എന്നു വരുത്തുകയും പ്രസംഗശുശ്രൂഷയിലേക്ക് വരുമ്പോൾ വല്ലപാടും കടമ നിർവ്വഹിച്ചിറങ്ങിപ്പോകുന്നതും കാണുമ്പോൾ ജനത്തിനിഷ്ടപ്പെടുമെങ്കിലും ദൈവത്തിനിഷ്ടപ്പെടാതെ പോകുന്നു. 1 പത്രോ.4:11 അനുസരിച്ച് കൃപ എന്ന നിക്ഷേപത്തിൽ നിന്നാണ് ഏതൊരു ശുശ്രൂഷയും ഉയരുവാൻ. സ്വന്തമായി ഒരു വാക്കുപോലും ആവശ്യമില്ല.

റോമ.9:15-ൽ എനിക്ക് കരുണ തോന്നേണം എന്നുള്ളവനോട് കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവരോട് കനിവ് തോന്നുകയും ചെയ്യും (പുറ.33:19) എന്നിടത്തുള്ള കനിവും കരുണയും കൃപയെന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്. P.O.C ബൈബിളിൽ ഇങ്ങനെയാണ്: എനിക്ക് ദയ തോന്നുന്നവരോട് ഞാൻ ദയ കാണിക്കും. എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പ കാണിക്കും എന്ന് അവിടുന്ന് മോശയോട് അരുളിച്ചെയ്യുന്നു എന്നാണ്. ഇംഗ്ലീഷ് ബൈബിളിൽ NKJV യിൽ For he says to Moses, “I will have mercy on whom ever I will have mercy, and I will have compassion on whom ever I will have compassion”

ദൈവമാണ് നിശ്ചയിക്കുന്നത്

# പാപവിമോചനവും കൃപാമഹത്വവും

ആർക്കാണ് വമ്പിച്ച കൃപ കൊടുക്കേണ്ടതെന്ന്. ആർക്ക് കൊടുക്കുവാൻ തീരുമാനിക്കുന്നുവോ അവർക്കങ്ങ് കൊടുത്തുകളയും.

**കൃപയിലും വളരണം**

2 പത്രോ.3:17,18-ൽ "എന്നാൽ പ്രിയമുള്ളവരെ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ട് അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ട് വീണ് പോകാതെയിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും എന്നന്നേക്കും മഹത്വം ആമേൻ". ഈ തിരുവെഴുത്തിലൂടെ നാം കൃപയിൽ വളരണമെന്ന് പരിശുദ്ധാത്മാവ് പറയുന്നു. അതുപോലെ 2 കൊറി.1:12-ൽ "ഞങ്ങൾ ലോകത്തിൽ വിശേഷാൽ നിങ്ങളോട്, ജഡജ്ഞാനത്തിലല്ല, ദൈവകൃപയിലത്രെ, ദൈവം നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു" അതുപോലെ എഫേസ്യലേഖനം 4:29-ൽ "കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മിയവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത്" അറിവിലും നാം വളരേണ്ടതുണ്ട്. കൃപയിലും നാം വളരേണ്ടതുണ്. കൃപയിൽ നാം വളരുന്നതെങ്ങനെ? വിശ്വാസത്തോടുകൂടിയുള്ള നിരന്തരമായ പ്രാർത്ഥനയിലൂടെയും, കൃപാവരങ്ങളും ജീവിതവിശുദ്ധിയും വചനപരിജ്ഞാനവും കൈമുതലുള്ള എളിമയുള്ള ശുശ്രൂഷകരോട് ചേർന്നുള്ള ജീവിതത്തിലൂടെയും നമുക്ക് കൃപയിൽ വളരുവാൻ കഴിയും.

**കൃപമേൽ കൃപ**

യോഹ.1:16-ൽ "അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു". ഒന്നിനുപുറകെ മറ്റൊന്നായി ആവശ്യാനുസരണം കൃപ ലഭിക്കുന്നുവെന്നാണ് "കൃപമേൽ കൃപ" ലഭിച്ചിരിക്കുന്നുവെന്ന് പറയുന്നതിന്റെ അർത്ഥം. റോമ.11:6-ൽ "കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല, അല്ലെങ്കിൽ കൃപ, കൃപയല്ല" എന്നുണ്ടല്ലോ. കൃപ പോലും കൃപയല്ലാതാകും കൃപയാലല്ലെങ്കിൽ. അത്ര ശ്രേഷ്ഠമാണ് കൃപ. എത്രയോ മനോഹരമായ ഒരു കൃപാജീവിത സാധ്യതകളെ തള്ളിക്കളഞ്ഞുകൊണ്ട് മനുഷ്യൻ, പ്രത്യേകിച്ചും വിശ്വാസികൾ പിന്മാറ്റത്തിലാകുന്നു, പലരും.

**കൃപ പണസമ്പാദനത്തിനോ പ്രത്യാക്രണമത്തിനോ?**

കൃപ ഇതിന് രണ്ടിനുമല്ല. കൃപയുടെ നിറവായ യേശുക്രിസ്തുവിനെ ഹൃദയത്തിലും ജീവിതത്തിലും നിരന്തരം നാം കൊണ്ടുനടക്കുന്നുവെങ്കിൽ കൃപ ഒരിക്കലും കുറയുകയില്ല. എന്നാൽ ചിലരെങ്കിലും ദൈവകൃപ ദൈവത്തിന്റേതെന്നും ദൈവം തന്നതെന്നും വിചാരിക്കാതെ സ്വന്തമാണെന്ന് വിചാരിച്ച് സ്വന്തം ബുദ്ധിയിൽ നിന്നും അറിവിൽ നിന്നും അഹങ്കാരം പ്രാപിച്ച് കള്ളമായ കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ചിലപ്പോൾ പണവും സമ്പാദിക്കുന്നു. ദൈവവേല ചെയ്യുന്നവർക്ക് അത്യാവശ്യമായ പണം ദൈവം തീർച്ചയായും ആരിലൂടെയെങ്കിലും തരുവിക്കും. നാം ആ കാര്യത്തിൽ ഒട്ടും ആകാംക്ഷ കാണിക്കണ്ട. മറ്റുള്ളവരുടെ കയ്യിൽ വളരെ കൂടുതലായി പണം കണ്ടാൽ നാം അതൊന്നും ഒരിക്കലും ആഗ്രഹിക്കുകയും വേണ്ട. നമ്മിലെ കൃപ കണ്ട് അവർ പണം തരികയും വേണ്ട. നമ്മിലെ കൃപ കണ്ട് അവർ പണം തരാവുന്ന വിധത്തിൽ നാംഎന്തെങ്കിലും വളച്ചുകെട്ടി പറയുകയോ അഭിനയിക്കുകയോ, യാതൊന്നും വേണ്ട. നമ്മിലുള്ള കൃപ ഉപയോഗിച്ചുകൊണ്ട് ആരെയെങ്കിലും ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ പോലീസിൽ പിടിപ്പിക്കും ഒന്നൊക്കെ പറയുകയോ ചിന്തിക്കുകയോ യാതൊന്നും വേണ്ട. കാരണം കൃപാലു മനുഷ്യനല്ല, ദൈവമാണ്. നെഹമ്യാവിന്റെ പുസ്തകം 6:11-ൽ എന്നെപ്പോലെ ഒരാൾ ഓടിപ്പോകുമോ എന്ന് ചോദിക്കുന്നുണ്ട്. നല്ലപോലെ ഓടുവാനും ജോസഫിനെപ്പോലെ കൃപ വേണം. ഓടാതെ നിൽക്കണമെങ്കിൽ നെഹമിയാവിനെപ്പോലെ കൃപ വേണം.

കൃപ ഒരു ശക്തിപ്രകടനോപാധിയുമല്ല, ഔദാര്യവുമല്ല, പ്രത്യാക്രണണത്തിനുള്ളതുമല്ല. എഫേസ്യലേഖനം 3:8-ൽ പറയുന്നതുപോലെ സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനാണെന്ന് പറയിപ്പിക്കുന്നതാണ് കൃപ. കൃപയുള്ളവർ പറയും, പൗലോസിനേപ്പോലെ "ഞാൻ ആകുന്നത് കൃപയാലാകുന്നു" (1 കൊറി.15:10) എന്ന്.

**കൃപാപ്രവാഹം യേശുക്രിസ്തുവിൽ**

കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹ.1:17). എന്നു പറയുമ്പോൾ സകല കൃപകളുടെയും സത്യങ്ങളുടെയും മദ്ധ്യസ്ഥൻ യേശുതന്നെയാണ് എന്നാണർത്ഥം.

കാനാവിലെ കല്യാണവീട്ടിൽ പച്ചവെള്ളത്തെ വീഞ്ഞാക്കിക്കൊണ്ടാണ് (യോഹ.2) ക്രിസ്തുവിന്റെ കൃപാജീവിതം ആരംഭിക്കുന്നത്. അതെ കൃപ ഉപയോഗിച്ചപ്പോൾ പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ചതിയൻ യൂദായുടെയും കാലിൽ വിശുദ്ധചുംബനം അവിടുന്ന് കൊടുത്തു. മാല്ക്കൂസിന്റെ ചെവി അറുത്ത പത്രോസിനെ ശകാരിച്ചതും കൃപയാലാണ്. തന്നെ വിസ്തരിച്ച മത-രാഷ്ട്രീയ കോടതികളിൽ മൗനം പാലിച്ചതും കൃപയാൽ തന്നെയാണ്. എബ്രാ.2




-ൽ 9-18 വരെ ഉദ്ധരിക്കാം. "എങ്കിലും കൃപയാൽ എല്ലാവർക്കും മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു. സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം ഒരുവനല്ലോ പിതാവ്; അത് ഹേതുവായി അവൻ അവരെ സഹോദരന്മാർ എന്ന് വിളിപ്പാൻ ലജ്ജിക്കാതെ: "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും; സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" എന്നും "ഞാൻ അവനിൽ ആശ്രയിക്കും" എന്നും "ഇതാ, ഞാനും ദൈവം എനിക്ക് തന്ന മക്കളും" എന്നും പറയുന്നു. മക്കൾ ജഡരക്തങ്ങളോടുകൂടിയവരാകകൊണ്ട് അവനും അവരേപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു. ദൂതന്മാരെ സംരക്ഷണ ചെയ്യുവാനല്ല അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്‌വാനത്രെ അവൻ വന്നത്. അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിന് സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യനായി തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു". ക്രൂശിക്കപ്പെട്ടപ്പോഴും ഉത്ഥാനം ചെയ്തപ്പോഴുമൊക്കെ ക്രിസ്തുവിൽ നിന്നും കൃപകൾ വഴിഞ്ഞൊഴുകുകയായിരുന്നു. യോഹന്നാൻ 8-ാം അദ്ധ്യായത്തിലെ പാപിനിയായ സ്ത്രീയോട് ഞാനും നിന്നെ വിധിക്കുന്നില്ലെന്ന് പറയിപ്പിച്ചത് അവിടുത്തെ കൃപക്കുമേൽ കൃപ തന്നെയായിരുന്നു. കൊലോസ്യലേഖനം 2:3-"ജ്ഞാനത്തന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ക്രിസ്തുവിൽ ഗുപ്തമായിരിക്കുന്നു. ആ നിക്ഷേപത്തെ കൃപയെന്ന് തന്നെ വിളിക്കാം".

ക്രിസ്തുവിൽ ഗുപ്തമായിരിക്കുന്ന മഹാജ്ഞാനവും പരിജ്ഞാനവും "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" (കൊളോ.1:27) എന്ന ആശ്വാസവചനത്തിലൂടെ നമ്മിലേക്ക് പകർന്നുകൊണ്ടെയിരിക്കുന്നു എന്നു മാത്രമല്ല ക്രിസ്തു നമ്മുടെയുള്ളിൽ സദാസമയവും വസിക്കുകതന്നെ ചെയ്യും ആത്മാവായി. അതാണ് നമ്മുടെയുള്ളിലെ കൃപ. ക്രിസ്തു നമ്മുടെയുള്ളിൽ വസിക്കുന്നു. നാം ക്രിസ്തുവിന്റെ വാഹകരാണ്, എന്നതാണ് കൃപ, കൃപമേൽ കൃപ. അപ്പോൾ നാം ക്രിസ്തുവിന്റെ നാവായും കൈകളായും മാറുമെന്നിടത്തോളം എത്തും. ഈ പരിജ്ഞാനത്താലാണ് അപ്പൊസ്തലനായ പൗലോസ് "ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്" എന്ന് ധൈര്യമായും സത്യസന്ധമായും പറയുന്നത് (ഗലാ.2:20). പ്രവചനമുൾപ്പെടയുള്ള അത്ഭുതവരങ്ങളോ പഴയനിയമ പുതിയനിയമാശയങ്ങളെ വെടിച്ചില്ലുപോലെ മനുഷ്യമനസ്സിലേക്ക് പ്രസംഗിച്ചു കയറ്റുന്നതോ മരിച്ചവരെ ഉയിർപ്പിക്കുകയോ ചെയ്യുന്നതിലൂടെ സഭയെ നന്നായി വളർത്തുവാൻ കഴിഞ്ഞേക്കാം. എന്നാൽ നാം വളരുന്നത് ക്രിസ്തു നമ്മുടെ അകത്ത് ആത്മാവായി വസിക്കുമ്പോഴാണ്. പക്ഷെ, നമുക്ക് ലഭിച്ച ദൈവകൃപയെ വ്യർത്ഥമാക്കുവാൻ സാധ്യതയുള്ളവരാണ് നാം എന്ന് ബൈബിൾ പറയുന്നു: "നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായിത്തീരരുത് എന്ന് ഞങ്ങൾ സഹപ്രവൃത്തിക്കാരായി പ്രബോധിപ്പിക്കുന്നു. പൗലോസാണെങ്കിൽ "ഞാൻ ആകുന്നത് ദൈവകൃപയാലാകുന്നു: എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയാലത്രെ" (1 കൊറി.15:10).

**വ്യക്തികൾക്കാണ് കൃപ.**

ചിലർ കരുതാൻ സാധ്യതയുള്ളതുപോലെ പാപവിമോചനവും രോഗ-ശാപ-ദു:ഖവിമോചനവും ഒക്കെ യേശുക്രിസ്തു ചില കോൺഗ്രിഗേഷനുകൾക്കല്ല കൊടുക്കുന്നത്. വ്യക്തികൾക്കാണ് കൃപ നല്കപ്പെടുന്നത്. ഹൃദയംകൊണ്ട് യേശുവിനെ "കർത്താവ്" എന്ന് വിശ്വസിച്ച് വിളിച്ച് അവനെ മാത്രം ആരാധിക്കുന്നവർക്ക് ആണ്. യോഹന്നാൻ 8-ാം അദ്ധ്യായത്തിൽ "പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീ" യെ നാം കാണുന്നു. കരുണാമയനും കൃപാലുവുമായ യേശു അവളുടെ വ്യക്തിപരമായ മാനസാന്തരവും യേശുവിനെ കർത്താവ് എന്ന് നൂറ് ശതമാനവും വിശ്വസിച്ച് കൊണ്ട് വിളിക്കുന്നതും സ്നേഹിക്കുന്നതും ആരാധിക്കുന്നതും കണ്ട് അവളോട് "വൻകൃപ ചൊരിയുന്ന" രംഗം നാം കാണുന്നു (യോഹ.8:3 മുതൽ)

"ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിച്ചിരുന്ന ഒരു സ്ത്രീയെ കൊണ്ടുവന്ന് നടുവിൽ നിർത്തി അവനോട്:




ഗുരോ, ഈ സ്ത്രീയെ വ്യഭിചാരത്തിൽ തന്നെ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയണം എന്ന് മോശ ഞങ്ങളോട് കല്പിച്ചിരിക്കുന്നു; നീ ഇവളെക്കുറിച്ച് എന്ത് പറയുന്നു എന്ന് അവനെ പരീക്ഷിച്ച് ചോദിച്ചു. ഇത് അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന് അവനെ പരീക്ഷിച്ച് ചോദിച്ചതായിരുന്നു. യേശുവോ കുനിഞ്ഞ് വിരൽ കൊണ്ട് നിലത്തെഴുതിക്കൊണ്ടിരുന്നു. അവർ അവനോട് ചോദിച്ചുകൊണ്ട് ഇരിക്കുമ്പോൾ അവൻ നിവർന്നു: നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന് അവരോട് പറഞ്ഞു. പിന്നെയും കുനിഞ്ഞ് വിരൽകൊണ്ട് നിലത്തെഴുതിക്കൊണ്ടിരുന്നു. അവർ അത് കേട്ടിട്ട്, മന:സ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടുപോയി; യേശു മാത്രവും നടുവിൽ നിൽക്കുന്ന സ്ത്രീയും ശേഷിച്ചു. യേശു നിവർന്ന് അവളോട്: സ്ത്രീയെ അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ എന്ന് ചോദിച്ചതിന്: "ഇല്ല കർത്താവെ" എന്ന് അവൾ പറഞ്ഞു. ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല: പോക. ഇനി പാപം ചെയ്യരുത് എന്ന് പറഞ്ഞു"(യോഹ.8.3-11). ആ പരീശന്മാർ ആ സ്ത്രീയെ കല്ലെറിയാതെ വിട്ടുപോയത് കണ്ടില്ലെ? യേശുവിന്റെ ലാവണ്യ വാക്കുകളിലൂടെയും പെരുമാറ്റത്തിലൂടെയും അവരിലേയ്ക്ക് കൃപ വഴിഞ്ഞൊഴുകിക്കാണും. കുനിഞ്ഞ് നിലത്തെഴുതിയതിൽ മോശ പറഞ്ഞ ന്യായപ്രമാണ വ്യവസ്ഥയും ഇവർ അവ വായിക്കുക മാത്രം ചെയ്യുന്നതിനാൽ, അനുഷ്ഠിക്കാത്തതിനാൽ, അവയിൽ ഇവർ ലംഘിച്ചതൊക്കെ യേശു വിരൽകൊണ്ട് ഇവർ വായിക്കത്തക്കവിധം എഴുതിക്കാണും. ആ ഫരിസേയർ ഇനിയും ഇവിടെ നിന്നാൽ യേശു ഇവരുടെ കപടശാസ്ത്രിത്വത്തിന്റെ തൊലി പൊളിച്ചെന്നിരിക്കും. അധികം നിൽക്കണ്ട, എന്ന് മാനസാന്തരപ്പെടാനിനിയും പിശാച് എതിർക്കുന്നതിനാൽ, അവർക്ക് വീണ്ടും ജനനം വേണ്ടാത്തതിനാൽ, അവർക്ക് തോന്നിയിട്ടുണ്ടാകും. അവർ ഒരക്ഷരം ഉരിയാടാതെ അവിടം വിട്ടുപോവുകയായിരുന്നു.

മന:സ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി എന്ന് വചനത്തിൽ പറഞ്ഞുവല്ലോ ആ ഫരിസേയരെപ്പറ്റി. ഏത് പാപിയെയും മാനസാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആരിലും ഉണ്ടാകും. എല്ലാവർക്കുമുള്ള മന:സ്സാക്ഷിയാണ് അത്. അവിടെ കുത്തുകൊള്ളുമ്പോൾ ചിലർ കർത്താവിലേക്ക് തിരിയും. കഠിനഹൃദയരായവർ പിശാചിലേക്ക് തിരിയും. ഈ ഫരിസേയർ കർത്താവിലേക്ക് തിരിഞ്ഞില്ല. അവർ പിശാചിലേക്ക് തിരിഞ്ഞ് അവർ പോയി.

കർത്താവ് എല്ലാം അറിയുന്നുവല്ലോ. അവരാരും തന്നെ കർത്താവെന്ന് ഇപ്പോൾ വിളിക്കില്ലെന്ന് കർത്താവിനറിയാം. അവർ ഗുരോ എന്നാണല്ലോ വിളിച്ചത്. എന്താ ഗുരു എന്ന വാക്കിന് വല്ല കുഴപ്പവുമുണ്ടോ? പക്ഷെ സ്ത്രീയെ, അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലല്ലോ എന്ന് ചോദിച്ചു? അവൾ മറുപടി പറയുകയാണ് "ഇല്ല കർത്താവെ" ഈ മറുപടിയാണ് ആരിൽ നിന്നും കർത്താവ് പ്രതീക്ഷിക്കുന്നത്. യേശുവിനെ യഥാർത്ഥ ഭക്തിയോടെയും വിശ്വാസത്തോടെയും ആത്മസമർപ്പണത്തോടെയും എല്ലാവരും കർത്താവ് എന്ന് വിളിക്കണം. ഇസ്ലാം സഹോദരങ്ങളാണെങ്കിൽ ഈസാ നബിയെന്നേ വിളിക്കൂ. അതല്ല അവിടുന്ന് പ്രതീക്ഷിക്കുന്നത്. കത്തോലിക്കരാണെങ്കിൽ പിതാവിനെ ദൈവമെന്നും യേശുവിനെ ദൈവപുത്രനെന്നും മറിയത്തെ ദൈവത്തിന്റെ അമ്മയെന്നും ഒക്കെ വിളിച്ച് യേശുവിന്റെ ദൈവത്വത്തെ വേണ്ടത്ര അവർക്ക് മനസ്സിലാകാത്തതുകൊണ്ടും പുത്രന്റെഅമ്മയായതുകൊണ്ട് ദൈവത്തിന്റെ അമ്മയാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ടും (സ്വയംഭൂ ആണല്ലോ ത്രീയേകദൈവം). പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മാതാപിതാക്കന്മാരില്ലെന്ന് മാത്രമല്ല ഉണ്ടാകാൻ പാടുമില്ല. അവർ (ത്രിത്വം) ഏകദൈവമാണ്. അതിൽ യേശു എന്ന പുത്രൻ, മാനവരക്ഷ ക്രൂശിൽ മരിച്ച്, ഉയിർത്തുകൊണ്ട് സാധിച്ചെടുക്കാൻ വേണ്ടിയാണല്ലോ, മനുഷ്യനായത്. അതിനു വേണ്ടി കൃപയാൽ മേരിയെ തിരെഞ്ഞെടുത്തതാണ്. പുരുഷസഹായമില്ലാതെ മറിയത്തിലൂടെ യേശു ജനിച്ചു എന്നത് ശരിയാണ്. യേശുവെന്ന ദൈവപുത്രന്റെ അമ്മയുമാണ് മറിയം. ഒരിക്കലും ത്രീയേകദൈവമെന്ന ദൈവത്തിന്റെ അമ്മയല്ല. എന്നാൽ യേശു മരിച്ചുയിർത്ത് ആത്മാവായതോടുകൂടി (1 കൊറി.15:45) യേശുവിന്റെ പുത്രത്വം ഉയർന്ന് ദൈവത്വത്തിലേക്ക് എത്തി.

കൂടാതെ മാതാവ് എന്ന മറിയ മരിച്ചിട്ട് യേശുവിനെപ്പോലെ ഉയിർത്തെഴുന്നേറ്റിട്ടില്ല. മറിയത്തിന്റെ സ്വർഗ്ഗാരോഹണ കഥയൊക്കെ ബൈബിളധിഷ്ഠിതമല്ലാത്ത കെട്ടുകഥയാണ്. മറിയവും ഒരു മദ്ധ്യസ്ഥയാണെന്ന, ആ സഭയുടെ പഠിപ്പിക്കലും ബൈബിളധിഷ്ഠിതമല്ല. ലോകം കേട്ടതിലേറ്റവും വലിയ നുണയാണ് മറിയമിനോട് പ്രാർത്ഥിക്കണമെന്നത്. അവരുടെ വിശ്വാസവും പ്രാർത്ഥനയും പാരമ്പര്യവും കെട്ടുകഥകളുമായി ബന്ധപ്പെട്ടുള്ളതാണ്. അങ്ങനെയിരിക്കെയാണ് ആ സ്ത്രീയേപ്പോലെ ആരെങ്കിലും കർത്താവെ എന്ന് യേശുവിനെ വിളിക്കുന്നത്. "യേശുവിനെ കർത്താ

# പാപവിമോചനവും കൃപാമഹത്വവും

വെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചുവെന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമ.10:9). ഇല്ല കർത്താവെ എന്ന് അവൾ, പറയേണ്ടത് പറഞ്ഞു എന്നു കർത്താവ് അറിഞ്ഞപ്പോൾ ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല പോവുക ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു (യോഹ.8:11). യേശുവാണെങ്കിൽ ക്രൂശിൽ അവളുടെ പാപത്തിന്റെ ശിക്ഷയും അനഭവിക്കുവാനിരിക്കുന്നു. ഇപ്പോൾ കല്പനയിൽ ഞാനും നിന്നെ വിധിക്കുന്നില്ലെന്ന് പറഞ്ഞ് **കൃപയാൽ** പാപമോചനം കൊടുക്കുകയാണ്. കണ്ടോ വ്യക്തിപരമായ പാപമോചനം? അതും കൃപയ്ക്കുമേൽ കൃപകൊണ്ടല്ലേ. രക്ഷ കുംടുംബമായിട്ടല്ല, സഭയായിട്ടുമല്ല, സമൂഹമായിട്ടുമല്ല, വ്യക്തിപരമാണ്. രക്ഷയ്ക്ക് കാരണമായ പാപവിമോചനവും അങ്ങനെതന്നെ. എങ്കിൽ രക്ഷ, പാപമോചനം ഇവ രണ്ടും സൗജന്യവും കൃപകൊണ്ടുമാണ്. നമ്മുടെ ഭാഗത്തുനിന്നും മാനസാന്തരവും വിശ്വാസവും സമർപ്പണവും, ആവശ്യമാണ്. ദൈവഭാഗത്തുനിന്നും ശക്തമായ കരുതലും. ഈ കരുതലിനെയാണ് ബൈബിൾ കൃപ എന്നും കൃപയ്ക്കുമേൽ കൃപ എന്നും വിളിക്കുന്നത്.

**വരദാനങ്ങൾ**

എല്ലാ വരദാനങ്ങളും അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും നമുക്കെല്ലാവർക്കും ലഭിക്കുന്നത് കൃപയാലാണ്. 1 കൊറി.12–ാം അദ്ധ്യായത്തിൽ 4–മുതലുള്ള തിരുവെഴുത്തുകൾ ഉദ്ധരിക്കുകയും അല്പമായി വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകയും ചെയ്യാം. "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകൾ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നല്കപ്പെടുന്നു. ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വരവും മറ്റൊരുത്തന് അതേ ആത്മാവിൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു. വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തിയുടെ വരം, മറ്റൊരുവന് വീര്യപ്രവൃത്തികൾ; മറ്റൊരുവന് പ്രവചനം; മറ്റൊരുവന് വിവേചനം; വേറൊരുവന് പലവിധ ഭാഷകൾ; മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവന് അതതുവരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നെ. ശരീരം ഒന്ന്, അതിന് അവയവം പലതും, ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരമായിരിക്കുന്നതുപോലെയാകുന്നു ക്രിസ്തുവും. യഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാമെല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരവയവമല്ല. പലതത്രേ. ഞാൻ കയ്യല്ലായ്കകൊണ്ട് ശരീരത്തിനുള്ളതല്ല എന്ന് കാൽ പറയുന്നു. അതിനാൽ അത് ശരീരത്തിനുള്ളതല്ല എന്ന് വരികയില്ല. ഞാൻ കണ്ണല്ലായ്കകൊണ്ട് ശരീരത്തിനുള്ളതല്ല എന്ന് ചെവി പറയുന്നുവെങ്കിൽ അതിനാൽ അത് ശരീരത്തിനുള്ളതല്ല എന്നും വരികയില്ല. ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു. സകലവും ഒരവയവമെങ്കിൽ ശരീരമെവിടെ"? (1 കൊറി.12:4–19).

വരങ്ങൾ കൊടുക്കുന്നത് ക്രിസ്തുവിന്റെ ആത്മാവാണ്. "നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്ന് വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രെ. **ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല**" (റോമ.8:9). ദൈവാത്മാവെന്ന് പറയുന്നത് ക്രിസ്തുവിന്റെ ആത്മാവ് തന്നെയാണ്. ദൈവവും ക്രിസ്തുവും രണ്ടും ഒന്നുതന്നെ. ദൈവം മനുഷ്യനായി വരേണ്ടതില്ലായിരുന്നു, പക്ഷെ അങ്ങനെ വരാതിരുന്നാൽ ദൈവഹിതം തെറ്റുമായിരുന്നു, മാനവരക്ഷ അവിടുത്തെ ഹിതപ്രകാരം പുത്രൻ വഴിയെന്നത് തെറ്റിയേനെ. പുത്രൻ എന്നത് സ്ത്രീയിലൂടെ മനുഷ്യാവതാരം ചെയ്തതുകൊണ്ട് പുത്രനെന്ന് വിളിക്കാമെങ്കിലും ക്രിസ്തു പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയാണ് (യോഹ.1:18). കൃപയാലാണ്, വരങ്ങൾ കൊടുക്കുന്നത്. രോഗശാന്തിവരമോ വീര്യപ്രവൃത്തികളുടെ വരമോ പ്രവചനവരമോ ഉള്ളവർ ആരെങ്കിലും പറയുകയോ ചിന്തിക്കുകയോ ചെയ്തേക്കാം, "അവർക്ക് അവ ഉണ്ട്, മറ്റുള്ളവർക്ക് എവിടെ" എന്ന്. പക്ഷേ അവർക്ക് കൃപയാൽ ദാനമായി പരിശുദ്ധാത്മാവ് കൊടുത്തതാണ്.

എല്ലാവർക്കും എല്ലാ വരങ്ങളും ദൈവം കൊടുക്കണമെന്നില്ല. 1 പത്രോസ്.4:11–ൽ ഇപ്രകാരം പറയുന്നു "ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നുവെങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്ക് ഒത്തവ

# പാപവിമോചനവും കൃപാമഹത്വവും

പാപ ശാസ്ത്രം + രക്ഷാ ശാസ്ത്രം

ണ്ണവും ആകട്ടെ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ടെങ്കിലും ആ ശുശ്രൂഷാവരങ്ങൾ നൽകുന്നത് പലരല്ല, ഒരുവൻ മാത്രമാണ്; കർത്താവ് തന്നെ. ഒരേ ആത്മാവ്, ഒരേ കർത്താവ്, ഒരേ ദൈവം എന്ന് പറഞ്ഞിരിക്കുന്നതു തന്നെ ത്രിത്വത്തിന്റെ വെളിപ്പെടുത്തലാണെന്ന് തന്നെ കരുതണം. പിതാവിന്റെ പേരിന് പകരം ആത്മാവിന്റെ പേർ ആദ്യം പറഞ്ഞത് ഈ വരങ്ങൾ നൽകുന്നത് പരിശുദ്ധാത്മാവിലൂടെയായതുകൊണ്ടാണ്. സഭയുടെ ആത്മീയാഭിവൃദ്ധിക്കാണ്, പൊതു പ്രയോജനത്തിനായി ഒരേ ആത്മാവിൽ ദാനങ്ങളാകുന്ന വിവിധ കൃപാവരങ്ങൾ നൽകിയിരിക്കുന്നത്. കൃപാവരങ്ങൾ ലഭിച്ച വ്യക്തി, വ്യക്തിയുടെ മാഹാത്മ്യം ഒരിക്കലും പ്രകടിപ്പിക്കുവാൻ പാടില്ല.

റോമാലേഖനം 12:6,7,8 ഉദ്ധരിക്കട്ടെ. "ആകയാൽ നമുക്ക് ലഭിച്ച കൃപയ്ക്കൊത്തവണ്ണം ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ. സ്നേഹം നിർവ്യാജം ആയിരിക്കട്ടെ". എഫേസ്യലേഖനത്തിലും (4:11,12) പത്രോസിന്റെ 1-ാം ലേഖനത്തിലും (4.8:11) വരദാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

1 രാജാക്കന്മാർ 3-ാം അദ്ധ്യായത്തിൽ (3.5:28) ശലോമോൻ ജ്ഞാനത്തിനായി അപേക്ഷിച്ചു. ഏശയ്യാവ് 11:2-ൽ "അവന്റെ (മ്ശിഹായുടെ) മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവ് തന്നെ".

I **ജ്ഞാനം** എന്ന വരം അതിശ്രേഷ്ഠം ആണ് (1 കൊറി.13:2, 14:6). അതായത്, ദൈവീകസത്യങ്ങളെയും മർമ്മങ്ങളെയും, ദൈവാത്മാവിനാൽ വെളിപ്പെട്ട് കിട്ടി, ഗ്രഹിക്കുകയും ആത്മീയമായ ദിവ്യദൃഷ്ടിയോടുകൂടിയും ത്യാജ്യഗ്രാഹ്യവിവേചനാശക്തിയോടെയും അവ പ്രാർത്ഥനയോടെ പഠിച്ച് ആത്മാക്കളെ നേടാനുള്ള ആഗ്രഹത്തോടെ പകർന്ന് കൊടുക്കുന്ന കൃപയെയാണ് ജ്ഞാനവരമെന്ന് പറയുന്നത് ( The word of wisdom). ബൈബിൾ വായിച്ചാലും പഠിച്ചാലും ഗ്രഹിക്കുന്നതിന് ഒരു പരിധിയുണ്ട്. എന്നാൽ കൃപയാൽ ദൈവം ഒരു വെളിപാട് നൽകിയാൽ ആ വെളിപാടിന്റെ തുമ്പിൽ പിടിച്ചുകൊണ്ട് ബൈബിൾ സത്യങ്ങൾ ഗ്രഹിക്കുവാനും അവതരിപ്പിക്കുവാനും കഴിയും.

II **പരിജ്ഞാനത്തിന്റെ വചനം** (The word of knowledge) ആദ്യം നാം വസ്തുതകളെ ആരാഞ്ഞ് ഗ്രഹിക്കണം. പ്രായോഗികജീവിതത്തോട് ദൈവീകകാര്യങ്ങളെ ബന്ധപ്പെടുത്തണം. ബൈബിൾ ജ്ഞാനം കൂടാതെ സമാർജ്ജിക്കാവുന്ന ലോകജ്ഞാനമൊക്കെ ആർജ്ജിക്കണം. അനേകമനേകം ഉദാഹരണങ്ങളിലൂടെ കേൾവിക്കാരുടെ നിലവാരത്തിലേക്ക് ഉപദേഷ്ടാവിറങ്ങിവന്ന്, സാഹിത്യവും സംഗീതവും കലയും കൂട്ടിച്ചേർത്ത് അവയൊക്കെ ആവശ്യമല്ലയെങ്കിലും ആ കേൾവിക്കാരുടെ നിലവാരമങ്ങനെയാണെങ്കിൽ ആ വഴിയിലൂടെ നാം സഞ്ചരിച്ച് ഇത്തരം പരിജ്ഞാനമുപയോഗിച്ച് ജ്ഞാനത്തെ കൊടുക്കാം.

III **വിശ്വാസം** (The gift of faith) ഇവിടെ ഉദ്ദേശിക്കുന്നത് രക്ഷയ്ക്ക് മുഖാന്തരമായ വിശ്വാസമോ, ആത്മാവിന്റെ ഫലമായ വിശ്വാസമോ എന്നതിനേക്കാൾ ഉപരിയായി രോഗസൗഖ്യാദികാര്യങ്ങൾക്കായുള്ള കടുത്ത വിശ്വാസമാണ്. എബ്രായരുടെ ലേഖനം 11-ാം അദ്ധ്യായത്തിൽ മോശ തുടങ്ങിയ വിശ്വാസവിശുദ്ധവീരന്മാരേപ്പറ്റി പറയുന്നില്ലേ. അവർക്കുണ്ടായിരുന്ന വിശ്വാസം പോലത്തെ വിശ്വാസമെന്നാണ് ഉദ്ദേശിക്കുന്നത്. നാം ഓരോരുത്തനിലും ഓരോ വിശ്വാസ വിശുദ്ധവീരന്മാരെ ദൈവാത്മാവ് സൃഷ്ടിക്കുന്നത് ഈ വരമുപയോഗിച്ചാണ്.

IV **രോഗശാന്തികളുടെ വരം** (The gift of healing)

അപ്പ.പ്ര.3:6-ൽ വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളത് നിനക്ക് തരുന്നു എന്നു പറഞ്ഞുകൊണ്ട് അപ്പൊസ്തലനായ പത്രോസ് നസ്രായനായ യേശുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞിട്ട് അവന്റെ വലംകൈ പിടിച്ച് എഴുന്നേൽപ്പിച്ചു. ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ച് അവൻ കുതിച്ചെഴുന്നേറ്റ് നടന്നു എന്നും നാം വായിക്കുന്നു. ഇതുപോലെ അപ്പൊസ്തലപ്രവർത്തനങ്ങളിൽ പല രംഗങ്ങളുമുണ്ട്. ദൈവത്തിന്റെ കൃപയാൽ രോഗികൾക്കൊക്കെ സൗഖ്യം കൊടുക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. കാരണം രോഗം മൂലം മനുഷ്യൻ കഷ്ടപ്പെടുന്നു. മനസ്സിനും ഭാരം. പണത്തിനും ചിലവ്. ആരോഗ്യവും കുറയുന്നു. മരുന്ന് കഴിച്ച് കുറഞ്ഞാൽതന്നെ അവയ്ക്കൊക്കെ "സൈഡ് ഇഫക്ട്" ഉണ്ട്. തന്നെയുമല്ല, രോഗവേദനകാരണം പ്രാർത്ഥിക്കാനുള്ള ഏകാഗ്രത നഷ്ടപ്പെടും. ദേഷ്യവും പിണക്കവുമൊക്കെയുണ്ടാകും. എന്നാൽ ദൈവീകരോഗശാന്തി കിട്ടുമ്പോൾ, ഒന്നാമത്, സമാധാനവും ലഭിക്കും, രണ്ടാമത്, രോഗത്തിന് പൂർണ്ണവിടുതലും ആകും.

ഈ കൃപാവരം കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും കാലത്തേപ്പോലെ ഇന്ന് പ്രവർത്തിക്കുന്നില്ല എന്ന കല്ലുവെച്ച നുണ പ്രസിദ്ധീകരിക്കുന്ന




വലിയ വലിയ സഭകളിലെ എഴുത്തുകാരും "ബ്രദർകാരും" അന്നത്തെ കർത്താവും ഇന്നത്തെ കർത്താവും രണ്ടാണെന്ന ധാരണ ഉള്ളിൽ വെച്ച് പുലർത്തുന്നവരാണ്, ദൈവീകരോഗശാന്തിയെയും വീര്യപ്രവർത്തികളെയും അന്യഭാഷയെയും അവരെതിർക്കുന്നു. അവരൊക്കെ സാത്താന്റെ കുടിലതന്ത്രങ്ങളിൽ അറിയാതെ പെട്ട് കിടക്കുന്നവരാണ്. അന്നത്തെയും ഇന്നത്തെയും കർത്താവ് ഒരുവൻ തന്നെ എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (എബ്രാ.13:8) പക്ഷെ നാം നല്ല വിശ്വാസത്തിൽ വളരുക തന്നെ വേണം. ബുദ്ധികൊണ്ടും ജ്ഞാനം കൊണ്ടും കൂടുതൽ വളർന്നവർക്ക് ഈ "മെഡിക്കൽ സയൻസിന്റെ വളർച്ചിയിൽ" ലയിച്ചു നിന്നാൽ പോരെ എന്ന ചിന്തയുണ്ടായേക്കാം. പൗലോസപ്പൊസ്തലന്റെ ജഡത്തിലെ ശൂലം മാറ്റിയില്ലല്ലോ ദൈവം എന്ന യുക്തിചിന്തയൊക്കെ ഉണ്ടായേക്കാം. തിമോത്തിയോസിന്റെ ഉദരത്തിലെ അജീർണ്ണത കർത്താവ് എന്തേ മാറ്റാഞ്ഞത് എന്ന് അവർക്ക് തോന്നിയേക്കാം. ത്രൊഫിമോസിന്റെയും എപ്പഫ്രോദിത്തോസിന്റെയും രോഗങ്ങൾ അപ്പൊസ്തലന്മാർ മാറ്റിയില്ലല്ലോ എന്ന് ചിന്തിക്കുന്നവരും ഉണ്ടാകാം.

എല്ലാ രോഗികളെയും സുഖപ്പെടുത്തുമെന്നല്ല ബൈബിൾ പഠിപ്പിക്കുന്നത് എന്റെ യേശു പ്രവർത്തിക്കുമെന്ന് യഥാർത്ഥമായി വിശ്വസിക്കുകയും പ്രാർത്ഥിക്കുന്നത് യഥാർത്ഥ അഭിഷിക്തരായിരിക്കുകയും ആ പ്രാർത്ഥയാൽ രോഗം സുഖപ്പെടുത്തുവാൻ യേശു ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ, മാത്രമെ സുഖപ്പെടുകയുള്ളു. എന്തായാലും ദൈവകൃപയാൽ അനേകർ വിശ്വസിച്ച് രോഗസൗഖ്യം പ്രാപിക്കുന്നു. പ്രസ്തുത രോഗത്തെ നിവേശിപ്പിച്ച സാത്താന്മാർ വളരെ ശക്തന്മാരാണെങ്കിൽ, അവരെയും തോല്പിക്കാനുള്ള വിശ്വാസവും വചനവും പ്രാർത്ഥനയും കൈമുതലുള്ളവർക്കേ ഈ ശുശ്രൂഷകളിൽ വിജയിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, പ്രസ്തുത രോഗങ്ങൾ മാറുംമുമ്പൊ മാറിയ ശേഷമോ ഒരു ഭീമൻ സംഖ്യ അടിച്ചെടുക്കാം എന്ന് ഉള്ളിൽ താല്പര്യമുള്ള മനുഷ്യരിലൂടെയും ദൈവം പ്രവർത്തിച്ചില്ലെന്നിരിക്കും. ഏതൊരു കാപട്യവും പാപമാണല്ലോ. പാപിയെ കർത്താവ് സ്നേഹിക്കുന്നുണ്ടെങ്കിലും പാപത്തെ അവൻ വെറുക്കുകയാണല്ലോ ചെയതത്.

V **വീര്യപ്രവർത്തികളുടെ വരം** (The working of miracles) വീര്യപ്രവർത്തികൾ എന്നു പറയുന്നത് ബൈബിൾ അനുസരിച്ച് ദൈവരാജ്യത്തിന്റെ തെളിവാണ്. യേശുക്രിസ്തുവിന് മാത്രം ചെയ്യാൻ കഴിയുന്നതാണ് വീര്യപ്രവർത്തികൾ. പത്രോസ് തബീഥായെ ഉയിർപ്പിച്ചത് (അപ്പൊ.പ്പ.9:36-42). യേശുക്രിസ്തുവിൽ നിറഞ്ഞു നിന്ന പരിശുദ്ധാത്മനിറവ് പത്രോസിലും നിലനിന്നിരുന്നതുകൊണ്ടും വീര്യപ്രവർത്തികളുടെ വരം ക്രിസ്തു പത്രോസിന് പകർന്നുകൊടുത്തതുകൊണ്ടുമാണ്. യുത്തിക്കോസിനെ (അപ്പൊ.20:7-12) പൗലോസും ഉയിർപ്പിച്ചുവല്ലോ. ആദ്യസഭയിൽ ക്രിസ്തു എന്ന സത്യദൈവത്തിൽ വിശ്വസിച്ചാൽ അത് സത്യസന്ധവും നിർഭയവുമായ ദൈവീകവെളിപാട് തന്നെയെന്ന് തെളിയിക്കപ്പെടേണ്ടതുമുണ്ടല്ലോ. അതിനൊക്കെ സഹായകമായിരുന്നു വീര്യപ്രവർത്തികളുടെ വരം. "ദൈവം പൗലോസ് മുഖാന്തരം അസാധാരണ വീര്യപ്രവർത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മക്കൾ പുറപ്പെട്ട് പോകയും ചെയ്തു" (അപ്പൊ.പ്ര.19:11,12). രോഗശാന്തിവരങ്ങളോ, വീര്യപ്രവർത്തികളുടെ വരമോ ഇന്നില്ലെന്ന് ആരെങ്കിലുമൊക്കെപ്പറയുന്നുണ്ട്. അതിനൊന്നാമത്തെ കാരണം അങ്ങനെയൊരു തെറ്റായ ധാരണ സാത്താൻ ചില വചനപണ്ഡിതന്മാരെ ഉപയോഗിച്ച് പറഞ്ഞുപരത്തുന്നു എന്നതാണ്. രണ്ടാമത്തെ കാരണം സയൻസും ടെക്നോളജിയും സംസ്കാരവും വളർന്നുയർന്നതോടെയും ലോകമതങ്ങൾ വിഗ്രഹാരാധനയിലൂടെയും തെറ്റായ പഴയനിയമസ്വഭാവമുള്ള യാഗങ്ങൾ നടത്തുന്നതിലൂടെയും ജനങ്ങളുടെ രീതി യുക്തിയോടും മതാചാരങ്ങളോടും അടുത്തു എന്നതാണ്. മൂന്നാമത്തെ കാരണം കത്തോലിക്കാ- ഓർത്തഡോക്സ്-യാക്കോബയിറ്റ് മതസിദ്ധാന്തങ്ങൾ മരിച്ചുപോയവരെ പിടിച്ച് പുണ്യവാളന്മാരോ, പുണ്യവതികളോ ആക്കുകയും "ബൈബിൾസ്റ്റഡി" തീരെയില്ലാതെ വിവിധ കൂദാശകളിലേക്ക് അമിതപ്രാധാന്യത്തോടെ ദൈവജനത്തെ നയിക്കുന്നതുമാണ്. നാലാമത്തേത് സാത്താനാകട്ടെ അടങ്ങിയിരിക്കാതെ ബൈബിൾ തെറ്റാണെന്നും ക്രിസ്തുവിശ്വാസം ശരിയല്ലെന്നും ഒക്കെ പ്രചരിപ്പിക്കുന്നതിൽ വിജയിക്കുന്നു എന്നതുമാണ്. അഞ്ചാമത്തേത് ഈ വരം ലഭിച്ചിട്ടില്ലാത്തവർ, തങ്ങൾക്കില്ലാത്തത് മറ്റാർക്കെങ്കിലും ഉണ്ട് എന്നത് അംഗീകരിക്കാൻ മടിക്കുന്നതുകൊണ്ടുമാണ്.

VI **പ്രവചനം** (The gift of prophecy) ഭാവിയെപ്പറ്റി പറയുന്നതുമാത്രമാണ് പ്രവചനമെന്ന് അനേകർ കരുതുന്നു. ഇലക്ഷനുമുമ്പുതന്നെ സർവ്വെ നടത്തിയും മറ്റും ഇന്ന പാർട്ടിക്ക് ഇത്ര സീറ്റ് കിട്ടുമെന്നൊക്കെപ്പറയുന്നു. പലതും തെറ്റാകുമ്പോൾ ചിലത് ശരിയാകുന്നു താനും. "ആ കാലത്ത് യെരുശലേമിൽ നിന്ന് പ്രവാചകന്മാർ അന്ത്യോക്യയിലേക്ക് വന്നു. അവരിൽ അഗബോസ് എന്ന് പേരുള്ള ഒരുവൻ എഴു

ശേഷം 21-ാം പേജിൽ

# ചർച്ച് ഓഫ് ഇറ്റേണിറ്റി CHURCH OF ETERNITY

## അജപാലന നിർവ്വാഹക സമിതി Pastoral Council


President.
Apostle. Devasia
Mullakkara sir


Apostle & Prophet
Pr. Soajn
Now Church Of Eternity
Kuwait
Mob: 0096597711237


General Secretary
Pr. Abraham
Now Church Of Eternity
Ponkunnam
Mob: 994726 7701


Sr. Vice President
Pr. Yesudas
*(Church Prophet)*
Now Church Of Eternity
Thiru valla
Mob: 9446 74 5148


Sr. Vice President
Pr. Tomichan
*(Church Prophet)*
Now Church Of Eternity
Kottayam, Pala
Mob: 9744655214


Acting President
Pr. George Kudippara
Now Church Of Eternity-
Trivandrum
Mob: 9446 718242


Working President
Rev. Watson Daniel (Adv)
Now Church Of Eternity
Bathery, Wayanad
Mob: 9446952562


Vice President
Pr. Raj Mohan
Now Church Of Eternity
Delhi
Mob: 09958328119

### Church Of Eternity Academic deans


Dr. Mathew Zakharia(Pastor)
Now Church Of Eternity
Chennai
Mob: 09916315981

Pr. Yohannan Daniel(M.Div)
Now Church Of Eternity
Mumbai
Mob: 09447192773

Pr. Radhakrishnan
Now Church Of Eternity
Alappuzha
Mob: 8086425080


Administrator
Pr. Johny
Now Church Of Eternity
Kozhikode
Mob: 9961854203


Treasurer
Pr. Tony
Now Church Of Eternity
Mundakkayam
Mob:9388608345


Office. Secretary
Pr. Joyichan
Now Church Of Eternity
Perambra
Mob:9048222384


Secretary
Pr. Shaju
Now Church Of Eternity
Thissur
Mob:9446988562


Secretary
Pr. Jose
Now Church Of Eternity
Kollam
Mob:9847872731


Secretary
Pr. Sibichan
Now Church Of Eternity
Ettumanoor
Mob:9947260420


Secretary
Pr. George
Now Church Of Eternity
Mananthavady
Mob:9495326295


Secretary
Pr. babychan
Now Church Of Eternity
Perumbavoor
Mob:9947142748


Joint. Secretary
Pr. Biju
Now Church Of Eternity
Adimaly
Mob: 9495876219


Joint. Secretary
Pr. Stanly
Now Church Of Eternity
Pulingome
Mob:9447374860


Joint. Secretary
Pr. Saji
Now Church Of Eternity
Palakkad
Mob: 9447695624


Joint. Secretary
Pr. Francis
Now Church Of Eternity
Kanjagad
Mob: 9645707908


Worship Leader
Pr. Biju Kundara
Now Church Of Eternity
Punaloor
Mob:9447248425


Worship Leader
Pr. TD Thomas
Now Church Of Eternity
Thalassery
Mob:9539002341


Pr. Samson
Now Church Of Eternity
Abbassiya
Mob:0096566311234


Pr. Lal Kumar
Now Church Of Eternity
Yemen
Mob: 00967777741554


Pr. Tomy Mannoor
Now Church Of Eternity
Mahbula
Mob: 0096596035928


Pr. Jiji
Now Church Of Eternity
UAE
Mob: 00971503631158


Dr. Viji(Pastor)
Now Church Of Eternity
Kuwait, English Ministry
Mob: 0096566394954


Sr.Molly Socrates
Church Of Eternity
Chennai
Mob: 09444928484


Pr. Suresh
Now Church Of Eternity
Ernakulam
Mob: 9388487301


Pr. Deepu
Now Church Of Eternity
Ernakulam(English)
Mob: 9745971555


Media Head
Pr. Jeemon
Now Church Of Eternity
Aluva
Mob:9947375738

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും

### കണ്ണൂർ ജില്ല


**പാ. കെ. എ. സ്റ്റാൻലി**
Mob:9447374860,
9847786950
**പുളിങ്ങോം**
ആത്മാഭിഷേകം വചനാശ്രമം
ഞായർ 9 am- 2.00pm (ആരാധന)
**കരുവഞ്ചാൽ**
സൂരജ് മെഡിക്കൽസിന്റെ മുകൾ നില
പുതിയ ബസ് സ്റ്റാൻഡ്
ഞായർ 3 pm- 5.00pm (ആരാധന)


**പാ. ദീപു കൈപ്പൻപ്ലാക്കൽ**
Mob:9947787042
**കണ്ണൂർ**
ഹോട്ടൽ ഇന്ത്യാ ഹൗസ്
പഴയബസ്സ്റ്റാന്റിന്
സമീപം
ഞായർ 10 am- 1.00 pm (ആരാധന)


**പാ. ജോസ്**
Mob:9495066596
**പിലാത്തറ**
വ്യാപാര ഭവൻ
ഞായർ 10 am- 2pm (ആരാധന)


Mrs.&Mr. ടി.ഡി.
തോമസ്(പാസ്റ്റർ)
Mob:9539002341
9746979922
**തലശ്ശേരി**
കേരള ഹോട്ടൽ & റസ്റ്റോറന്റ്
അസോസിയേഷൻ റൂം.
ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ്.
ഞായർ 10 am- 1.00 pm (ആരാധന)


**പാ: ബിജോയി**
**അയിലുക്കുന്നേൽ**
Mob:9495696466
**വലിയപറമ്പ്**
ടി.ടി. മാത്യുഭവനം
മൃഗാശുപത്രിക്ക് സമീപം
ഞായർ 10.00 am 1.00 pm(ആരാധന)
**ശ്രീകണ്ഠപുരം,** ലൈബ്രറി ഹാൾ,
Near Royal Auditorium.
ഞായർ 3.00 pm- 5.00 pm(ആരാധന)


**പാ: ടി.ടി. മാത്യു**
Mob:**9446262926**
**ഇരിട്ടി** വ്യാപാര ഭവൻ,
അപ്പോളോ
ടെക്സ്റ്റൈൽസ് ബിൽഡിംഗ്
ഞായർ 10 am- 2 pm (ആരാധന)
**കൊട്ടിയൂർ, നീണ്ട നോക്കി**
ഞായർ 2.30 pm- 4.30 pm (ആരാധന)

### കാസർഗോഡ് ജില്ല


**പാ. ഫ്രാൻസിസ്(അപ്പച്ചൻ)**
Mob: 9400784917
9645707908
**കാഞ്ഞങ്ങാട്**
വ്യാപാരഭവൻ
ഞായർ 9 am-12 noon(ആരാധന)
**പെരിയ, ബേക്കൽ**

### വയനാട് ജില്ല


Rev.Watson Daniel
(Adv.)
Mob:9446952562
**ബത്തേരി**
ഐഎംഎ ഹാൾ
ഞായർ 10 am-12 noon (ആരാധന)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും

**മീനങ്ങാടി** പാ.തോമസ് Ph:9495787779



**പാ.ജോർജ്ജ്കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
2.30 pm 5.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപ്പള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഒഫള്ളി-കർണ്ണാടക
**പാടിച്ചിറ** വിനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസപ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)





Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച് (Opp.പഴയബസ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)
**കല്ലുപാടി**
സാജൻ ഭവനം വെള്ളി 7.00 am- 9.30 pm

## കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, *2nd floor* ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)





Mrs.&Mr. **വിസി.മാത്യു** (പാസ്റ്റർ)
(ജോയിച്ചൻ വണ്ടനാനിക്കൽ)Mob::9048222384
**പേരാമ്പ്ര** സാഗർ ഓഡിറ്റോറിയം, സാഗർ ഹോട്ടലിന് മുകളിൽ മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)



Pr.N.P Chackochan
Mob:9847866077
**പട്ടാമ്പി**
ഖദീജ കോംപ്ലക്സ്, കൽപക, സ്ട്രീറ്റ്, മേലെപട്ടാമ്പി.
ഞായർ 2pm to 5 pm (ആരാധന)

## തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob 9446988562
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

## മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**
വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm (ആരാധന)

## എറണാകുളം ജില്ല







**പാ:സുരേഷ്** Mob:9388487301
**പാ.ദീപു** Mob:9745971555
**പാ.ബിനു** Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്, മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ (കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)
**പറവൂർ** വ്യാപാരഭവൻ, മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വിഐപി. ഷോപ്പിംഗ് കോംപ്ലക്സ് (പ്രൈവറ്റ് ബസ്റ്റാന്റിനു സമീപം).
ഞായർ 10.00 am - 1 pm (ആരാധന)
വ്യാഴം: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ, മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടിഎം. ജേക്കബ്ബ് മെമ്മോറിയൽ ഹാൾ
ഞായർ: 2.00 pm - 5 pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം എല്ലാവ്യാഴാഴ്ചയും 11 am-1.30 pm

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)
വെള്ളി: 10 am to 4 pm (ഉപവാസ പ്രാർത്ഥന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അരവിന്ദൻ ബിൽഡിംഗ് (മാതൃഭൂമി ഓഫീസിനു മുകളിൽ) പിറവം പള്ളിക്കവല, സ്കൂൾ റോഡ്.
ഞായർ:10.00 am- 1.00 pm(ആരാധന)
**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708



**പാ.ജീമോൻ പി.ജെ**
Ph:9947375738
**ആലുവ**
മാത്തിപ്പറമ്പിൽ റസിഡൻസി, റെയിൽവേ സ്റ്റേഷനു സമീപം
ഞായർ:10 pm -1.00 pm (ആരാധന)

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** IMA ഹാൾ
ഡി.സി. ബുക്സിനു സമീപം ലോഗോസ് ജംഗ്ഷൻ
ഞായർ:9 am - 1 pm (ആരാധന)

**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**പാമ്പാടി,** ലയൺസ്ക്ലബ്ഹാൾ (ബൈബിൾക്ലാസ്സ്)
ശനി: 10.00 am - 1.00 pm
**വയല** വെള്ളി: 7.00 pm - 9.00 pm
(ഭവന കൂട്ടായ്മ) യൂണിറ്റി ബിൽഡിംഗ്, ഒന്നാം നില, കോട്ടയം മെഡിക്കൽ കോളേജിനടുത്ത്
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm (പ്രാർത്ഥന)
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
വെള്ളി 10 am to 1pm (ബൈബിൾ ക്ലാസ്)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)



**പാ:ടോണി സിറിയക്**
Ph:9388608345,9400502442
**പാ.സിറിൾ**
Mob: 9400333164
**മുണ്ടക്കയം**
അത്യാലിൽ പ്ലാസ, മൂന്നാം നില
ഞായർ: 9.30 am to 2pm (ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസ പ്രാർത്ഥന)
**വിമ്പിള്ളി** (ഭവന കൂട്ടായ്മ)
ബുധൻ: 10.00 am to 1.00 pm
**പനക്കച്ചിറ** (ഭവന കൂട്ടായ്മ)
ബുധൻ:2 pm to 5 pm
**എരുമേലി** റോട്ടറി ക്ലബ്ബ്
ഞായർ: 2 pm to 5 pm (ആരാധന)





**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം (കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1 pm (ആരാധന)
ചൊവ്വ വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6pm to 8pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, (K.S.R.T.C ബസ്സ്റ്റാന്റിനു സമീപം)
ഞായർ: 9am to 1 pm (ആരാധന)
**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ.സിജെ.ജോസഫ്ഭവനം.വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ:10 am to 1pm (ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519, 9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm (ആരാധന)



**പാ:സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ, കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm (ഉപവാസ പ്രാർത്ഥന)
**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പൊൻകുന്നം**
സ്വദേശി റസിഡൻസി
ഞായർ: 9 am 12.30 pm (ആരാധന)

**ചങ്ങനാശ്ശേരി, പാ:യേശുദാസ് പുളിക്കൽ ,** Ph:9446745148
YWCA ഓഡിറ്റോറിയം
ഞായർ: 8.00 am to 10 am (ആരാധന)
**പാ. ബിജു** Ph:9447116820
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)
**മണിമല**
**പാ.സിറിൾ** Mob: 9400333164
അഴകത്ത് ബിൽഡിംഗ്, മണിമല പാലത്തിനടുത്ത്
വ്യാഴം: 10 am 1pm (പ്രാർത്ഥന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219, 9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1 pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ വായനശാലയ്ക്ക് സമീപം
ഞായർ 2.30 pm –5.30 pm (ആരാധന)
**ചാറ്റുപാറ** സേവ്യർ ഭവനം.
വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന) (ഉപവാസ പ്രാർത്ഥന)
**മാങ്കുളം(വിരിപാറ)**
വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 8.30 pm (പ്രാർത്ഥന)
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)
**പാറത്തോട്** ആത്മാഭിഷേകം വർഷിപ്പ് സെന്റർ (R.C. ചർച്ചിന് മുൻവശം)
ശനി 10.00 am- 1.00 pm (പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
ആദ്യവെള്ളിയാഴ്ചകളിൽ 10.00 am– 1 pm
**200ഏക്കർ റോയി ഭവനം ശനി** 6 pm-9pm
**ബൈബിൾ ക്ലാസ്സ്**



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
വ്യാപാരഭവൻ കാഞ്ഞിരമറ്റം ജംഗ്ഷൻ
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, സാഗര തീയേറ്റർ റോഡ്, ആൽവിൻ പെയിന്റ്സിന് പുറകുവശം
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
**ആത്മാഭിഷേകം വർഷിപ്പ്സെന്റർ**
Opp. വ്യാപാരഭവൻ
ഞായർ 10 am to 1 pm (ആരാധന)

## പത്തനംതിട്ട ജില്ല





Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)
Ph:9446745148
**തിരുവല്ല**
ആത്മാഭിഷേകം സഭാഹാൾ, മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്
**പന്തളം**
കന്യകാ ടെക്സ്റ്റയിൽസിന്റെ ഗ്രൗണ്ട് ഫ്ളോർ, ഗവ: ആശുപത്രിക്കു സമീപം
ചൊവ്വ: 10.00 am- 1.00 pm

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)

---



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to 1 pm (ആരാധന)
ബുധൻ (പ്രാർത്ഥന)

---



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ.രാധാകൃഷ്ണൻ**
Mob:8086425080
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ്‌റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm (ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ, ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലുംമൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലുംമൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.

---



**പാ. സോജൻഎബ്രഹാം**
Mob:9037705419
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി **മുറിഞ്ഞകൽ** ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി **പ്ലാന്റേഷൻ**, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm

---



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm), 4-ാം ഞായർ (12.30pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm

**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)

**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭവനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം**, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
**വലിയവിള**, 2-ാംബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
**കരമന**,3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം സാവിത്രിഭവനം10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, **പാറോട്ട്കോണം**,4-ാം ശനി മനോജ് ഭവനം 5.30 pm

---



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)

ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

### MAHARASHTRA (Kamothe)



Pr. Radhakrishnan
Ph: 8086425080

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

### GUJARAT





Mrs. & Mr. Samachen (Pastor)
Mob: 09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

### കർണ്ണാടക



Pr. Francis

മൂടബിദ്രെ കല്ലെബെട്ടു
Nr. ഫയർസ്റ്റേഷൻ, മംഗലാപുരം(dt)
ദക്ഷിണ കർണ്ണാടക
Ph: 9400784917, 9645707908

നെല്ലിയാടി മടേരി
കൊപ്പം, ദക്ഷിണ കർണ്ണാടക
Ph: 9400784917, 9645707908

### CHENNAI





Mrs. & Mr. Mathew K. Zachariah(Pastor)
Ph: 09916315981
Grace Matriculation School
Near Hot Chips Bus Stop & Shanthi Colony Road, No. 4, L Block, 12th main Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr. Wilson (Pastor)
Ph: 09585290142
M.G.Community Hall, Opp. Railway Hospital. Sunday Worship 10 am - 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA

**Newyork (Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

### CANADA



**908-1585**
**Ernest Ave**
Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Friday
10 am to
12.30 noon
Praise and
Worship

Pr. Jiji
Ph:00971503631158

### QATAR



Pr. Alwin

Regional Church Complex
Tuesday 8 pm to 9.30 pm
Prayer Meeting
Ph:00974 30693987

### YEMEN(SANA)



Pr. Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center, Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center, Near Kuwait Hospital, Sana'a
And Athmabishekam worship center, Safia.Sana'a
Sunday
prayer 5pm to 6.30pm at Kuwait Hospital and Saudi German Hospital. sana'a.

### BAHRAIN..

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



Pr. Sojan Zacharias
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



**Friday**
**9 am to 12 noon**

**Caesar's Travel & Tourism Basement**

Dr. Viji
Ph:0096566394954



**English worship (Friday)**
**6.30 pm to 9 pm**

**Indian PublicSchool**

### ABBASSIYA





Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965 65929880
**Friday**
**9 am to 12 noon**

Pr.Tomy Mannoor
Ph:00965 96035928



### MAHBULA

**Saturday**
**7 pm to 9 pm**





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA

**Friday 7 Pm to9 PM**

# പാപവിമോചനവും കൃപാമഹത്വവും

15-ാം പേജിൽ നിന്നും തുടർച്ച

ന്നേറ്റ് ലോകത്തിലൊക്കെയും മഹാക്ഷാമമുണ്ടാകുമെന്ന് ആത്മാവിനാൽ പ്രവചിച്ചു. അത് ക്ലൗദ്യാസിന്റെ കാലത്ത് സംഭവിച്ചു. അപ്പോൾ യഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരോടും ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അത് നടത്തി, ബർണ്ണബ്ബാസിന്റെയും ശൗലിന്റെയും കയ്യിൽ മൂപ്പന്മാർക്ക് കൊടുത്തയച്ചു".

ഇവ കൂടാതെ ദൈവീകാലോചന, ദൈവാത്മാവ് വെളിപ്പെടുത്തുന്ന മുറയ്ക്കും, ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതനുസരിച്ചും പ്രസംഗിച്ചും പ്രാർത്ഥിച്ചും വെളിപ്പെടുത്തുന്നതിനെ പ്രവചനം എന്ന് പറയും. അപ്പൊസ്തലപ്രവർത്തനങ്ങൾ 14-ാം അദ്ധ്യായത്തിൽ "എന്നാൽ അവർ വളരെ കാലം അവിടെ പാർത്തു. കർത്താവിൽ ആശ്രയിച്ച് പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു. അവൻ തന്റെ കൃപയുടെ വചനത്തിന് സാക്ഷി നിന്നു. അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി. എന്നാൽ പട്ടണത്തിലെ ജനസമൂഹം ഭിന്നിച്ചു. ചിലർ യഹൂദന്മാരുടെ പക്ഷത്തിലും ചിലർ അപ്പൊസ്തലന്മാരുടെ പക്ഷത്തിലും ആയി" (അപ്പൊ.പ്ര.14:34). അതായത് കർത്താവിലാശ്രയിച്ച് പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കേണ്ട ഘട്ടങ്ങൾ സഭയിലുണ്ടാകാം. അന്ത:ഛിദ്രങ്ങളും കലഹങ്ങളും കൂടുതൽ ഉണ്ടാകുമ്പോഴും ദുരുപദേശങ്ങൾകൊണ്ട് സഭയെ കലക്കുവാൻ ചിലർ ശ്രമിക്കുമ്പോഴുമൊക്കെ യഥാർത്ഥ പ്രവാചകന്മാർ അവരുടെ നാവിനെയും പേനയെയും കർത്താവിനുവേണ്ടി ചലിപ്പിക്കുക തന്നെ ചെയ്യും.

VII **ആത്മാക്കളുടെ വിവേചനം** (The discerning spirit)

നല്ല ആത്മാക്കളുള്ളവരെയും കള്ള ആത്മാക്കളുള്ളവരെയും തിരിച്ചറിയുന്നതിന് ദൈവം തരുന്ന കൃപയാണിത്. നാം നേതൃനിരയിലുള്ളവരുടെയും വിശ്വാസവിശുദ്ധരെന്ന് കരുതുന്നവരുടെയും ആത്മാക്കളെ വിവേച്ചറിഞ്ഞ് മുന്നോട്ട് പോകേണ്ടതുണ്ട്. "അപ്പൊസ്തലന്മാർ കൈ വച്ചപ്പോൾ പരിശുദ്ധാത്മാവ് ലഭിച്ചത് ശിമോൻ കണ്ടപ്പോൾ അവർക്ക് ദ്രവ്യം കൊണ്ടുവന്നു. ഞാൻ ഒരുത്തന്റെമേൽ കൈ വച്ചാൽ അവന് പരിശുദ്ധാത്മാവ് ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു. പത്രോസ് അവനോട് ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാമെന്ന് നീ നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ" (അപ്പൊ.പ്ര.8:20). അതുപോലെ പൗലോസ് എലിമാസ് എന്ന വിദ്വാനോട് പരിശുദ്ധാത്മപൂർണ്ണനായി "ഹേ സകല കപടവും സകല ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനെ സർവ്വ നീതിയുടെയും ശത്രുവെ, കർത്താവിന്റെ നേർവഴികളെ മറിച്ചുകളയുന്നത് നീ മതിയാക്കുകയില്ലയോ? ഇപ്പോൾ കർത്താവിന്റെ കൈ



# പാപവിമോചനവും കൃപാമഹത്വവും

നിൻ്റെമേൽ വീഴും. നീ ഒരു സമയത്തേക്ക് സൂര്യനെ കാണാതെ കുരുടനായി ഇരിക്കും എന്നു പറഞ്ഞു. ഉടനെ ഒരു തിമിരവും ഇരുട്ടും അവൻ്റെമേൽ വീണു. കൈ പിടിച്ചു നടത്തുന്നവരെ തിരഞ്ഞ് അവൻ തപ്പി നടന്നു, ഈ ഉണ്ടായത് ദേശാധിപതി കണ്ടിട്ട് കർത്താവിൻ്റെ ഉപദേശത്തിൽ വിസ്മയിച്ച് വിശ്വസിച്ചു" (അപ്പൊ.പ്ര.13:10-12). ആത്മാക്കളെ വിവേചിച്ചറിയുവാൻ ദൈവം കൊടുത്ത വരം ആണിവിടെയും നമ്മൾ കാണുന്നത്. അപ്പൊസ്തലപ്രവർത്തനങ്ങൾ 16:17,18-ലേക്ക് പോകാം. "ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേക്ക് പോകുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരി ഞങ്ങളെ എതിരേറ്റ് അവൾ പൗലോസിൻ്റെയും ഞങ്ങളുടെയും പിന്നാലെ വന്നു. ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിൻ്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ എന്ന് വിളിച്ചുപറഞ്ഞു. ഇങ്ങനെ അവൾ പലനാൾ ചെയ്തുവന്നു. പൗലോസ് മുഷിഞ്ഞ് തിരിഞ്ഞുനോക്കി. അവളിലുള്ള ഭൂതത്തോട്; അവളെ വിട്ടുപോകുവാൻ ഞാൻ യേശുക്രിസ്തുവിൻ്റെ നാമത്തിൽ നിന്നോട് കല്പിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽതന്നെ അത് അവളെ വിട്ടുപോയി".

നാം ആത്മാക്കളെ വിവേചിക്കണം. അത് ശുശ്രൂഷകരുടെയും യഥാർത്ഥ വിശ്വാസികളുടെയും കടമയാണ്.

VIII **പലവിധ ഭാഷകൾ** (Spirit in other languages)

അപ്പൊ.2:4-ൽ പരിശുദ്ധാത്മാവ് വന്നപ്പോൾ അവർ "അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" എന്നെഴുതിയിരിക്കുന്നു. 1 കൊറി.12-ൽ 28:30-ൽ ഭാഷാവരം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഭാഷകൾ എന്ന് 1 കൊറി.13:1-ലും പുതുഭാഷകൾ എന്ന് മർക്കോസ് 16:17-ലും കാണുന്നു. ഈ ആത്മീക വരത്തെ പെന്തക്കോസ്ത് ആദ്ധ്യാത്മികതയിലുള്ള ലക്ഷോപലക്ഷം ആളുകൾ അനുകൂലമായും ബ്രദറൺ ആദ്ധ്യാത്മികതയിലുള്ളവർ പ്രതികൂലമായും പ്രസ്താവിക്കുന്നു.

ഇതൊരു വരമാണ്. ദൈവാത്മാവ് നൽകുന്നതാണ്. അങ്ങനെയൊന്നില്ലെന്ന് പറഞ്ഞ് പരിഹസിക്കുന്നത് പാപമാണ്. എന്നാൽ വികലമായ അനുകരണത്തിലൂടെയൊ അത് സമ്പാദിക്കുന്നതും പാപമാണ്. അന്യഭാഷ ചൊല്ലി ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന അഭിഷിക്തരും വിശ്വാസികളും അനുഭവിക്കുന്ന ആത്മീയനിർവൃതി ഒന്നുവേറെ തന്നെയാണ്. എന്നാൽ ദൈവവചനത്തിൻ്റെ പരംപൊരുൾ ഗ്രഹിച്ചുകൊണ്ട് ആത്മാവിൽ നിറഞ്ഞ് ആരാധിക്കുവാൻ കഴിയുന്നവർക്ക് യാതൊരുകുറവും ഒട്ടും വരികയുമില്ല.







ദൈവം തന്നാൽ ഭാഷാവരം വാങ്ങുക. തരുന്നില്ലെങ്കിൽ കുറവൊന്നും ഇല്ലെന്ന് തിരിച്ചറിയുക.

**IX വ്യാഖ്യാനവരം** (The gift of interpretation)

ദൈവവചനം, ദൈവത്തിന്റെ വചനമാണെങ്കിലും യഥാർത്ഥ സമർപ്പണമില്ലാത്തവർക്ക് അവ ഗ്രഹിക്കുവാൻ കഴിയാതെ വരും. സുന്ദരമായും ഹൃദ്യമായും ദൈവവചനത്തെ വ്യാഖ്യാനിക്കുവാൻ കഴിയുന്നതാണീ വരം. പ്രവചനങ്ങളുടെയും മറുഭാഷാപ്രയോഗങ്ങളുടെയും വ്യാഖ്യാനം കൊടുക്കുവാൻ കഴിയുമെങ്കിൽ അതിനെ ഭാഷകളുടെ വ്യാഖ്യാനം എന്ന് വിളിക്കാം. ലൂക്ക.24:27–ൽ "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു" എന്ന് നാം വായിക്കുന്നു. അതുപോലെ തന്നെ അപ്പൊ.പ്ര.8:31–ൽ "ഒരുത്തൻ പൊരുൾ തിരിച്ചുതരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും? എന്ന് അവൻ പറഞ്ഞു. ഫീലിപ്പോസ് കയറി തന്നോടുകൂടെ ഇരിക്കണം എന്നപേക്ഷിച്ചു". വചനത്തിന്റെ പൊരുൾ തിരിച്ചു മനസ്സിലാക്കി പഠിപ്പിക്കുന്ന ദൈവീകകഴിവാണ് ഭാഷകളുടെ വ്യാഖ്യാനം. 1 കൊരി. 14–ൽ 4–7 വാക്യങ്ങളിൽ ഇങ്ങനെയും കാണുന്നു. "അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മീയവർദ്ധന വരുത്തുന്നു. പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മീകവർദ്ധന വരുത്തുന്നു. നിങ്ങളെല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്നും വിശേഷാൽ പ്രവചിക്കണമെന്നും ഞാൻ ഇച്ഛിക്കുന്നു. അന്യഭാഷകളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് ആത്മീകവർദ്ധന ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവൻ അവനേക്കാൾ വലിയവൻ". സ്വന്തം ആത്മീകവർദ്ധനയ്ക്ക് അന്യഭാഷ ഉപയോഗിക്കപ്പെടുന്നു. എന്നാൽ ചിലർ അന്യഭാഷയാണേറ്റവും വലുതെന്ന് അറിഞ്ഞോ അറിയാതെയോ പഠിപ്പിക്കുന്നു. അത് തെറ്റാണ്. 1 കൊറി.12:28–ൽ "ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കൾ ഇങ്ങനെയോരോരുത്തരെയും നിയമിക്കുകയും പിന്നെ വീര്യപ്രവർത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്യുവാനുള്ളവരം, പരിപാലനവരം, വിവിധ ഭാഷാവരം എന്നിവ നല്കുകയും ചെയ്തു" എന്നുണ്ടല്ലോ. ദൈവത്തിന്റെ ഹിതമാണ് ആർക്ക് ഏത് കൊടുക്കണമെന്നത്. ആ ഹിതം കൃപയാണ്. ആ കൃപയ്ക്കനുസരിച്ച് അപ്പൊസ്തലത്വം കൊടുക്കുന്നവർക്ക് ജ്ഞാനപരിജ്ഞാന വരങ്ങളും പ്രവചനവീര്യപ്രവർത്തിയുടെ വരങ്ങളും ഭരണപരിപാലനാവരങ്ങളും ഒക്കെ ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമെ അയാൾക്ക് കർത്താവിന്റെ സഭയെ കർത്താവ് ആഗ്രഹിക്കുന്നതുപോലെ മുന്നോട്ട് നയിക്കാൻ ആകൂ. പ്രസ്തുത വരങ്ങൾ ഒട്ടും കുറയാതെ പ്രവാചകശുശ്രൂഷ ചെയ്യേണ്ട പാസ്റ്റർമാർ ആരാണെന്ന് കർത്താവിനറിയാം. അവയെ കർത്താവ് കൃപയാൽ പ്രവാചകന്മാർക്കും ഇടയന്മാർക്കും ഒക്കെ കൊടുക്കും. ആത്മാവ് എന്നെ എന്തെങ്കിലും കാണിക്കുന്നുവെന്ന് പറഞ്ഞ് വചനപരിജ്ഞാനം കുറഞ്ഞവർക്കെതിരെ ഭീഷണി മുഴക്കുവാൻ ഈ വരങ്ങളിൽ ഏതെങ്കിലും ആരും ഉപയോഗിക്കുവാൻ പാടില്ല.

**വചനപരിജ്ഞാനം**

വചനവും സ്നേഹവുമാണ് വരങ്ങൾ ഉപയോഗിക്കുവാനുള്ള മാനദണ്ഡം. ബൈബിളിലെ 27 പുസ്തകങ്ങളടങ്ങിയ പുതിയനിയമത്തിലെ രക്ഷയെന്ന കാതലായ ആശയത്തെയും, പഴയനിയമത്തിലെ 39 പുസ്തകങ്ങളിലെ ക്രിസ്തുസംഭവങ്ങളുടെ നിഴലായ നൂറായിരം സംഭവങ്ങളെയും വ്യാഖ്യാനിക്കേണ്ടതുപോലെ വ്യാഖ്യാനിച്ച് ദൈവജനത്തെ തീയിൽ അല്പം പോലും പൊള്ളാതെ (യൂദാ.23) നിത്യതയ്ക്ക് അർഹതയുള്ളവരാക്കാൻ ലഭിക്കുന്ന കൃപയ്ക്കനുസരിച്ചുവേണം വരങ്ങൾക്ക് മൂല്യം കൊടുക്കുവാൻ. ദർശനത്തിൽ "പാമ്പി"നെ കണ്ടാൽ അതിന് വരാവുന്ന അർത്ഥങ്ങൾ പലതാണ്. ആ വ്യക്തിയെപ്പറ്റിയുള്ള ജനറൽ നോളഡ്ജും അദ്ദേഹത്തിന്റെ ജീവിതസാഹചര്യങ്ങളും പഠിച്ച ശുശ്രൂഷകൻ ത്യാജ്യഗ്രാഹ്യവിവേചനാശക്തിയോടെ, കൃപയിൽ ആശ്രയിച്ച്, കണ്ടതിന്റെ അർത്ഥം പറയണം. 1. ഭയപ്പെടുത്തൽ. 2. കുശാഗ്രബുദ്ധിത്വം. 3. സാത്താന്യ വഞ്ചന. 4. അമിതമായ ജഡികമോഹം. 5. പ്രതികാരം. 6. എവിടെയും ഒളിച്ചുനിൽക്കൽ. 7. ഓടിരക്ഷപ്പെടൽ, എന്നിങ്ങനെ ദർശനത്തിൽ കാണുന്ന 'പാമ്പി'ന് വിവിധ അർത്ഥങ്ങളുണ്ട്. ഒരാൾ മറ്റൊരാൾക്ക് കൗൺസിലിംഗ് കൊടുക്കുമ്പോൾ ദൈവം കാണിക്കുന്നതനുസരിച്ചും ദൈവം തോന്നിക്കുന്നതനുസരിച്ചും വേണം അദ്ദേഹത്തോട് സംസാരിക്കുവാൻ. പക്ഷെ ഉപദേഷ്ടാവ് ഒരിക്കലും അയാൾക്ക് കുറ്റബോധം ഉണ്ടാകാത്ത വിധത്തിലും ദൈവത്തിൽനിന്നോ ദൈവസഭയിൽ നിന്നോ അയാളുടെ പണം ലക്ഷ്യം വെച്ചുകൊണ്ടോ, യാതൊരുവിധത്തിലും സംസാരിക്കുവാൻ പാടില്ല. അയാളുടെ ആത്മരക്ഷയായിരിക്കണം കൗൺസിലറുടെ ലക്ഷ്യം. അയാൾക്കെതിരെ ചിലർ ക്ഷുദ്രം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെട്ടെന്നിരിക്കട്ടെ, വെളിപ്പെടാം. അപ്പോൾ കൗൺസിലർ ക്ഷുദ്രത്തിന്റെ നിഷ്പ്രയോജനത്തെ 'ബൈബിൾസ്റ്റഡി' യിലൂടെ പറയണം,




യാക്കോബിന് ആഭിചാരം ഏൽക്കുകയില്ലെന്ന് (സംഖ്യാ.23:23) പഠിപ്പിച്ചുകൊടുക്കണം. ഒരാൾ ക്രിസ്തുവിലാണെങ്കിൽ ക്ഷുദ്രപ്രയോഗം എത്രയോ നിഷ്ഫലമാണെന്ന് പഠിപ്പിച്ചുകൊടുക്കണം; ആരാണൊ ക്ഷുദ്രപ്രയോഗങ്ങൾ ചെയ്യാൻ സാധ്യത അവർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കണം; ബന്ധുമിത്രാദികളോ അയൽക്കാരോ ആണ് എന്നു വെളിപ്പെട്ടാൽത്തന്നെ, അത് ഇന്നാരാണെന്ന് പറയാതെ വ്യംഗ്യമായി അവർക്കൊക്കെവേണ്ടി പ്രാർത്ഥിക്കുവാൻ ഉപദേശിക്കണം. ഇങ്ങനെ വരങ്ങൾ ഉപയോഗിക്കുന്നത് വളരെ സൂക്ഷിച്ചും പ്രാർത്ഥിച്ചുമല്ലെങ്കിൽ ആ ആത്മാക്കൾ നഷ്ടപ്പെടുവാൻ സാധ്യത ഏറെയാണ്. വിവാഹത്തിന് മുമ്പുള്ള പ്രേമബന്ധം, കാമുകന്റെ ഭീഷണികൊണ്ട് വിവാഹത്തിനുശേഷവും തുടരേണ്ടി വന്ന ഒരു സ്ത്രീക്ക്, കൗൺസിലിംഗ് കൊടുത്ത ശുശ്രൂഷകൻ അത് ഭർത്താവിനെയും മക്കളെയും അറിയിക്കുമെന്ന് ഇടയ്ക്കിടെ ഭീഷണിപ്പെടുത്തിക്കൊണ്ട് ആ വീട്ടിൽ കൂടുതൽ സ്വാധീനം സൃഷ്ടിച്ച് ലക്ഷോപലക്ഷങ്ങൾ ആ വീട്ടിൽ നിന്ന് വാങ്ങുകയും അങ്ങനെ രണ്ടുപേരിലും കയറിപ്പറ്റിയ സാത്താൻ മുഖാന്തരം ആ സഭ വിട്ട് പുതിയസഭ സംഘടിപ്പിക്കുകയും ഒടുവിൽ സഭാത്മകജീവിതമൊക്കെ തകർന്ന് ആത്മഹത്യയിലേയ്ക്ക് പിശാച് ആ കൗൺസിലറെ നയിച്ചുകൊണ്ടിരിക്കുന്നതും ഒക്കെയായ സംഭവങ്ങൾ ഈ ആത്മീയഗോളത്തിൽ ദുർല്ലഭമല്ല. പുരുഷന്മാരിലോ സ്ത്രീകളിലോ അനേകായിരങ്ങൾക്ക് ആ സ്ത്രീയുടേതുപോലുള്ള ചില കാര്യങ്ങൾ കാണും. ഇതു "ദൈവം കാണിച്ചു" എന്നു പറഞ്ഞ് ഭീഷണിപ്പെടുത്താനല്ല ഈ ദാനങ്ങൾ തന്നിട്ടുള്ളത്; പൂർണ്ണമാനസാന്തരത്തിലേക്ക് അവരെ കൊണ്ടുവന്ന് ദൈവമക്കളാക്കി മാറ്റുന്നതിനും മാനസാന്തരത്തിന്റെയും വീണ്ടും ജനനത്തിന്റെയും അനുഭവമില്ലാത്ത കപടഭക്തിയെ നിരുത്സാഹപ്പെടുത്തുവാനും വേണ്ടിയാണ്. "അയാളുടെ അടുത്ത് കൗൺസിലിംഗിന് ചെന്നാൽ നമ്മുടെ കാര്യങ്ങളെല്ലാം "കിളികിളി" പോലെ ഇങ്ങോട്ട് പറയും എന്ന് പലരേയും കൊണ്ട് പറയിപ്പിക്കുന്നത് കേട്ട് കേട്ട് എന്നിൽ പരിശുദ്ധാത്മാവുണ്ടെന്ന് പറഞ്ഞ് ഞെളിയുവാനും വേണ്ടിയല്ല ദൈവം കൃപാവരങ്ങൾ തരുന്നത്.

## സ്നേഹം

1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പരിശുദ്ധമായ സ്നേഹത്തിന് വിധേയപ്പെട്ടുവേണം പ്രാർത്ഥനാജീവിതം അഥവാ ആത്മീയജീവിതം നയിക്കുവാൻ. വരങ്ങൾ ഉപയോഗിക്കുന്നിടത്തും സ്നേഹത്തിന് വചനപരിജ്ഞാനത്തിനെന്നപോലെ പ്രാധാന്യമുണ്ട്. അതായത് വരങ്ങളുടെ പ്രയോഗം സ്നേഹത്തിലായിരിക്കണം. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്ക് പ്രവചനവരമുണ്ടായിട്ട് സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല" (1 കൊറി.13:1,2) ദൈവത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും എല്ലാ മർമ്മങ്ങളും വെളിപ്പെട്ടുകിട്ടിയാലും സ്നേഹമില്ലെങ്കിൽ ഏതുമില്ല എന്ന വചനം അടിസ്ഥാന വചനമാണ്. സ്നേഹം എന്നത് മനുഷ്യന് ഒരു ആയിരം രൂപാ വെറുതെ കൊടുക്കുന്നതിനും ഒരു വീട് വെച്ചുകൊടുക്കുന്നതിനുമൊക്കെ അപ്പുറത്തുള്ളതാണ്. ആ രണ്ടു സംഭവവും സ്നേഹം തന്നെ. പക്ഷെ ക്രിസ്തു ക്രൂശിൽ ആവിഷ്ക്കരിച്ച സ്നേഹം ത്യാഗോജ്ജ്വലമായിരുന്നു. **"അഗാപ്പേ".** അഗാപ്പേയുടെ സ്നേഹം എങ്ങനെ ഉള്ളതെന്നോ? 1 കൊറി.13.4-7-ൽ "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല. ദേഷ്യപ്പെടുന്നില്ല. ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, സ്നേഹം ഒരുനാളും ഉതിർന്നുപോകുന്നില്ല" എന്നു രേഖപ്പെടുത്തുന്ന വിധത്തിലുള്ളതാണ്. ഈ വിശുദ്ധസ്നേഹത്തിന് പകരം ആദ്ധ്യാത്മികാഹങ്കാരം കൃപാവരങ്ങൾ ഉപയോഗിക്കുന്നവർക്ക് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ടാണ് യഥാർത്ഥമായ വചനപരിജ്ഞാനവും സ്നേഹപരിജ്ഞാനവും അത്യാവശ്യമാണെന്ന് പറയുന്നത്.

ഈ വായിച്ച കാര്യങ്ങളൊക്കെയും, കൃപകൾ അനുസരിച്ചാണ് വരങ്ങളും ഫലങ്ങളും എന്ന് തിരിച്ചറിയാനാണ് എഴുതിയത്. ദൈവകൃപയാലാണ് വരദാനഫലങ്ങൾ എന്നറിയുന്നില്ലെങ്കിൽ നാം തെറ്റിപ്പോയേക്കുമെന്ന് വീണ്ടും എഴുതട്ടെ. പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനത്തിന്റെ അഞ്ച് അടിസ്ഥാനപ്രമാണങ്ങൾ എഴുതാം.

I **സോളാ സ്ക്രിപ്ച്ചുറ** = രക്ഷയ്ക്ക് ബൈബിൾ മാത്രം (തിരുവചനം മാത്രം). അതായത് ശരിയായ ഉപദേശസ്ഥാപനത്തിനുള്ള പരമോന്നതമായ മാനദണ്ഡം ബൈബിൾ മാത്രമാണ്.




II **<u>സോളാ ക്രിസ്റ്റസ്</u>** = ക്രിസ്തു മാത്രം. നമ്മുടെ രക്ഷയ്ക്ക് വേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തു വഴിയല്ലാതെ രക്ഷയില്ല.

III **<u>സോളാ ഗ്രാഷ്യ</u>** = കൃപ മാത്രം. ദൈവത്തിന്റെ കൃപയാൽ മാത്രമാണ് രക്ഷ.

IV **<u>സോളാ ഫിഡേ</u>** = വിശ്വാസം മാത്രം. ക്രിസ്തുവിന്റെ കാൽവരിയാഗത്തിലൂടെ പാപമോചനവും നിത്യതയും എന്ന് വിശ്വസിക്കുന്നതിലൂടെ മാത്രമാണ് രക്ഷ.

V **<u>സോളാ ഡിയോ ഗ്ലോറിയ</u>** = ദൈവനാമമഹത്വം മാത്രം. എല്ലാമെല്ലാം ദൈവനാമമഹത്വത്തിന് മാത്രമായിരിക്കണം.

**<u>പാപവിമോചനം കൃപയാലാണ്. കൃപയെ വ്യർത്ഥമാക്കി പാപസേവ തുടരുകയോ?</u>**

മനുഷ്യന് മുമ്പുള്ള പരിണാമകണ്ണിയും മനുഷ്യന് ശേഷമുള്ള കണ്ണിയും ഇനിയും അവ്യക്തമായി തുടരുന്നതിനാൽ പരിണാമസിദ്ധാന്തം വിവേകമതികളെല്ലാം ഉപേക്ഷിച്ച മട്ടാണ്. ബൈബിൾ പഠിപ്പിക്കുന്ന ദൈവീകസൃഷ്ടിപ്പാണ് ലോകവും അതിലെ സകല ജീവജാലങ്ങളും ഏറ്റവും ഒടുവിൽ മനുഷ്യനും. യഥാർത്ഥ വിശ്വാസികൾ എന്ന് പറയുന്നത് അവരവരുടെ മതം അനുശാസിക്കുന്നത് അനുസരിച്ച് വിശ്വസിക്കുന്നവരാണെന്ന് അവരവർ വിശ്വസിച്ചേക്കാം. പക്ഷേ, ബൈബിൾ ഒന്ന് പഠിച്ച് പഠിച്ച് വരികയും ദൈവത്തെ ക്രിസ്തുവിലൂടെ കണ്ടെത്തുകയും ചെയ്യുമ്പോഴാണ്, മതവിശ്വാസങ്ങളൊന്നും ശരിയല്ലെന്നും, ബൈബിൾ നൽകുന്ന ക്രിസ്തുദർശനമാണ് യഥാർത്ഥ ദൈവദർശനമെന്നും മനസ്സിലാകുക. ഞാനാണെങ്കിൽ പുരാണങ്ങളും വേദങ്ങളുമൊക്കെ, സാമാന്യമായി പഠിക്കുവാൻ ശ്രമിച്ചു, ഭാരതഭാഗവതരാമായണാദികൾ സാമാന്യമായി പഠിക്കുവാൻ ശ്രമിക്കുന്നുണ്ട്, ഖുറാൻ പലവട്ടം തർജ്ജിമഗ്രന്ഥങ്ങൾ വച്ച് പഠിക്കുവാൻ ശ്രമിച്ചു. പക്ഷെ, ബൈബിൾ പലവട്ടം വായിച്ച് പഠിക്കുകയും പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ക്രിസ്തുദർശനം പ്രാപിച്ച് നല്ലൊരു പ്രാർത്ഥനാജീവിതത്തിലേക്കും, വചനപ്രസംഗത്തിനുവേണ്ടിയും വചനമെഴുത്തിനുവേണ്ടിയും നല്ലപോലെ ശ്രമിച്ചപ്പോഴാണ് ദൈവം ആരാണെന്നും ദൈവം ആരല്ല എന്നും മനസ്സിലായത്. ദൈവമെന്താണ് എന്നും എന്തല്ല എന്നും മനസ്സിലായത്. പാപങ്ങൾ ചെയ്തുകൂട്ടുന്ന മനുഷ്യനെക്കൊണ്ട് ഉപദേശിച്ചും പാപപരിഹാരം ചെയ്യിപ്പിച്ചും പാപവിമോചനരീതി ആവിഷ്ക്കരിക്കുകയാണ് ഇതര മതഗ്രന്ഥങ്ങളിലെ ദൈവങ്ങൾ ചെയ്യുന്നതെന്ന് കണ്ടു. എന്നാൽ ബൈബിളിലെ ക്രിസ്തു, അടങ്ങാത്ത മാനവസ്നേഹം മൂലം - അതിന്റെ പേരാണ് കൃപ- പാപപരിഹാരം ക്രൂശിതമരണത്തോടും അതിനോട് ബന്ധപ്പെട്ട പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശൂന്യമാക്കലിലൂടെ ചെയ്യുകയായിരുന്നു. ഒരു സ്വർഗ്ഗീയ കോടതിയിൽ നിന്നുള്ള കല്പനയെക്കാൾ ഉപരിയായി, ഭൂമിയിലെ കാര്യങ്ങൾ അങ്ങനെയാണല്ലോ, ജഡ്ജി തന്നെ കുറ്റവാളി ചെയ്യേണ്ട ജയിൽ ശിക്ഷയും മരണവും അനുഭവിക്കുക എന്ന പോലെയാണ് ക്രിസ്തു എല്ലാവർക്കും വേണ്ടി ദയനീയമായി മരിച്ചത്. കൃപ എന്നത് അതാണ്. യഥാർത്ഥ സ്നേഹം എന്നതും അതാണ്.

**<u>പാപമോചനം ക്രിസ്തുവിന്റെ സ്റ്റൈലിൽ</u>**

ഇങ്ങനെയൊരു തലക്കെട്ടാകാം. കാരണം, ക്രിസ്തുവിന്റെ സ്റ്റൈലാണ് കൃപയാൽ പാപമോചനവും വിടുതലും എന്നത്.

സങ്കീർത്തനം 14-ൽ നിന്നും ഏശയ്യാവ് 14-ൽ 12 മുതലുള്ള വചനങ്ങളിൽ നിന്നും ആശയം സ്വീകരിച്ചുകൊണ്ടായിരിക്കാം റോമർ 3:23 എഴുതിയത് അപ്പൊസ്തലനായ പൗലോസ്. "ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു". സ്വയം ന്യായീകരിക്കുന്ന ഫരിസേയമനസ്സിനെ ഒരു നിമിഷം ഒഴിവാക്കിയാൽ റോമ.3:23 എല്ലാവരെയും സംബന്ധിച്ച് ശരിയാണെന്ന് കാണാൻ കഴിയും. ഈ പാപികളായ നമ്മൾ പിന്നെങ്ങനെയാണ് നീതീകരിക്കപ്പെടുക എന്ന് ചോദിച്ചാൽ കാപട്യമില്ലാതെ പറയാവുന്ന ഏക മറുപടിയേ ഉള്ളു. "അവന്റെ കൃപയാൽ" (റോമ.3:24) എന്നു മാത്രം. "അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്" (റോമ.3:24). "എങ്കിലും പാപം പെരുകിയിടത്ത് കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ ക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിന് തന്നെ" (റോമ.5:20,21).

പാമോചനം കൃപയാൽ മാത്രമാണ്. എല്ലാവിധ വിടുതലും കൃപയാൽ മാത്രമാണ്. നമ്മുടെ ഭാഗത്തുനിന്നും കടുത്ത ക്രിസ്തുവിശ്വാസവും ശക്തമായ മാനസാന്തരവും ആണ് തമ്പുരാന് ആവശ്യം. വിശ്വാസവും മാനസാന്തരവും വചനാഭിഷേകവും കൂടിച്ചേരുമ്പോൾ വിശുദ്ധി ആയിക്കൊള്ളും. ഇങ്ങനെയെല്ലാമാണ് തമ്പുരാൻ നമ്മളിൽ നിന്നും പ്രതീക്ഷിക്കുന്നത്. നമ്മുടെ നേർച്ചകാഴ്ചകൾക്കോ, കറ പുരണ്ട തുണിപോലെയെന്ന് വചനം പറയുന്ന പുണ്യപ്രവർത്തികൾക്കോ, യാതൊന്നിനും മനുഷ്യന്റെ പാപങ്ങളെ മോചിപ്പിക്കുവാൻ കഴിയുകയില്ല. കാരണം ഒന്നാമതായി പാപംകൊണ്ട് മുറിയുന്നത് തമ്പുരാന്റെ നെഞ്ചാണ്. ആ മുറിവുണക്കാൻ തമ്പുരാന്റെ കൈ




# പാപവിമോചനവും കൃപാമഹത്വവും

തന്നെ ആ മുറിവിൽ തൊടണം. ആ തൊടീലാണ് കൃപ എന്നു പറയുന്നത്. രണ്ടാമത് പാപംകൊണ്ട് മുറിയുന്നത് സ്വസഹോദരന്റെ നെഞ്ചാണ്. സഹോദരന്റെ നെഞ്ചിലെ മുറിവും ദൈവം തന്നെ ഉണക്കണം. രണ്ടിനും നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നുമുള്ള ക്ഷമായാചനവും അത്യാവശ്യമാണ്.

**ദൈവവചനത്തെ സംശയിക്കൽ എന്ന പാപം**

ഹവ്വായോട് ഉല്പ.3:1-ൽ പാമ്പിന്റെ രൂപത്തിൽ വന്ന പിശാച് "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?" വാസ്തവമായി എന്ന പ്രയോഗം ഹവ്വായിൽ ദൈവവചനം സംശയിക്കുവാനുള്ള കാരണം ജനിപ്പിച്ചിരിക്കാം. ദൈവവചനത്തെ സംശയിപ്പിക്കുക എന്നത് പിശാച് ചെയ്യാൻ തയ്യാറായി വന്നാലും നാം ദൈവത്തെയും ദൈവവചനത്തെയും സംശയിക്കാൻ പാടില്ല. ദൈവവചനമനുസരിച്ച് ഒരു കുർബ്ബാനയേ ഉള്ളൂ. അത് ഗോൽഗോഥായിലെ ക്രിസ്തുവിന്റെ മരണമെന്ന ഏകബലിയാണ് (എബ്രായർ 10:9-14). ബാക്കി മനുഷ്യരർപ്പിക്കുന്ന ബലികളെല്ലാം പാപവിമോചനം നൽകാൻ അപര്യാപ്തവുമാണ്. അവ ബലികൾ എന്ന വ്യാജേന അർപ്പിക്കുന്നത് പാപമാകുന്നു. എന്നാൽ ജനകോടികൾ ഇതെന്റെ ശരീരരക്തങ്ങളാണ് വാങ്ങി ഉപയോഗിപ്പിൻ എന്ന വചനതല്ലജങ്ങളുടെ അർത്ഥം വേണ്ടപോലെ ഗ്രഹിക്കാത്തതുകൊണ്ട് തെറ്റായി വചനത്തെ വ്യാഖ്യാനിക്കുന്നു. വചനത്തെ സംശയിപ്പിക്കുന്ന പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങുക എന്ന പാപമാണ് ഇവിടെ സംഭവിക്കുന്നത്.

**ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുക എന്ന പാപം**

ഉല്പത്തി 3-ാം അദ്ധ്യായത്തിൽ 4-ഉം 5-ഉം വാക്യങ്ങളിൽ "മരിക്കുകയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തേപ്പോലെ ആവുകയും ചെയ്യും എന്ന് ദൈവം അറിയുന്നു" എന്ന് സാത്താൻ പറയുകയാണ്.

ഉല്പ.2:17-ൽ "ദൈവം പറഞ്ഞത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത് തിന്നുന്ന നാളിൽ മരിക്കും" എന്നാണ്. മരിക്കും എന്ന് പറഞ്ഞാൽ ഉദ്ദേശിക്കുന്നത് ആത്മീയതേജസ്സുകൾ നഷ്ടപ്പെട്ടു പോകുന്ന മരണം സംഭവിക്കും എന്നാണ്. പക്ഷെ ദൈവം പറഞ്ഞതിന്റെ അർത്ഥതലങ്ങൾ മാറ്റി ദൈവത്തെപ്പോലെയാകുവാൻ വേണ്ടി ആ പഴം തിന്നുകൊള്ളുക എന്ന അഹങ്കാരത്തിലധിഷ്ഠിതമായ സ്വപ്നലോകത്തേയ്ക്ക് ആ സ്ത്രീയെ പിശാച് മാറ്റി. അഥവാ ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്തു. മരിക്കുകയില്ലെന്ന പ്രയോഗത്തിന് ശാരീരികമരണമെന്ന ആശയമെന്നേ ഹവ്വായ്ക്ക് തോന്നിക്കാണുകയുള്ളൂ. അവർ തിന്നിട്ട് യാതൊന്നും സംഭവിച്ചില്ല അതുകൊണ്ടും കൂടിയായിരിക്കാം, ആദാമിനും കൊടുത്തതെന്ന് വിനോദത്തിനായി കരുതാം.

**ദൈവവചനത്തോട് നിഷേധസ്വഭാവവും അനുസരണക്കേടും കാണിക്കുക എന്ന പാപം**

ഉല്പത്തി. 3:6-ൽ "ആ വൃക്ഷത്തിന്റെ ഫലം തിന്നുവാൻ നല്ലതും കാണുവാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കുവാൻ കാമ്യവുമെന്ന് സത്രീ കണ്ടു". എന്നിടത്ത് അവളുടെ പഞ്ചേന്ദ്രിയങ്ങളുടെ വാസനയ്ക്കു ദൈവവചനത്തെക്കാൾ സ്ഥാനം കൊടുത്തുകൊണ്ടുള്ള നിഷേധാത്മക നിലപാടാണ് അവൾ സ്വീകരിച്ചത്. 6-ാം വാക്യത്തിൽത്തന്നെ അവൾ ഫലം പറിച്ചുതിന്നുകയും ഭർത്താവിനും കൊടുക്കുകയും ചെയ്തു എന്നിടത്ത് വചനത്തോടുള്ള അനുസരണക്കേടും നാം കാണുകയാണ്. ബൈബിളിൽ പറയുന്നതുപോലെ ദൈവത്തെ ആരാധിക്കാത്തവരല്ലേ ജനകോടികൾ? അവരൊക്കെ പാപികളല്ലേ? ബൈബിളിൽ പറയുന്നതനുസരിച്ച് സ്നേഹിക്കാത്തവരല്ലേ ഭൂരിപക്ഷം? ബൈബിളിൽ പറയുന്ന വചനങ്ങളേക്കാളും കൂടുതലായി സഭാമേലദ്ധ്യക്ഷന്മാർ ഓർഡർ ഇടുന്നതനുസരിച്ച് ദൈവചനത്തെ ധിക്കരിക്കുന്നവരല്ലേ മഹാഭൂരിപക്ഷവും!

**ഊതിവീഴ്ത്തുന്നവരും പാപത്തിൽ, സംബന്ധിക്കുന്നവർക്കും പാപം**

പരിശുദ്ധാത്മാവ് "സുബോധത്തിന്റെ ആത്മാവാണ്" (2 തിമോ.1:7). "ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രെ" (1 കൊരി.14:33). "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും" (യോഹ.16:13). "അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതൊക്കെയും എനിക്കുള്ളത്. അതുകൊണ്ടത്രെ അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറഞ്ഞത്" (യോഹ.16:14,15).

ഈ തിരുവെഴുത്തുകൾ നിങ്ങൾ ശ്രദ്ധവെച്ചു വായിച്ചാൽ വലിയ വലിയ കർതൃദാസന്മാർ എന്നു പറയപ്പെടുന്നവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കു




ന്നതിനു പകരം ക്രിസ്തു ചെയ്യാത്ത ഊതി വീഴ്ത്തൽ ചെയ്യുന്നു. ക്രിസ്തു ചെയ്യാത്ത "ചിരിയും, കുരയും, ഛർദ്ദിയും, നിലവിളിയും റോക്ക് ഡാൻസിംഗിന് തുല്യമായ "പ്രെയിസ് & വർഷിപ്പ് വിത്ത് ഡാൻസിംഗ് മെത്തേഡും" ഒക്കെ ആവിഷ്ക്കരിച്ചുകൊണ്ട് പാപം ചെയ്യുകയും പാപം ചെയ്യാൻ ആയിരങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വെള്ളം പ്രാർത്ഥിച്ചുകൊടുത്തും പ്രാർത്ഥിച്ചെടുത്ത വെള്ളം അനേകരുടെ തലയിലേക്ക് എറിഞ്ഞുവീഴിച്ചും ഒക്കെ ശുശ്രൂഷ ചെയ്യുമ്പോൾ പിശാച് ആണവിടെ ആളുകളെ വീഴിക്കുന്നതും പലപല അടയാളങ്ങൾ കാണിക്കുന്നതെന്നും ബൈബിൾ പണ്ഡിതന്മാരല്ലാത്ത കൊച്ചുകൊച്ചു ശുശ്രൂഷകരും അറിയുന്നില്ല; പാവം ജനവും അറിയുന്നില്ല. ശുശ്രൂഷയിലെ ചിരിയും, ഛർദ്ദിയും, മൂളലും (ടൊറൊന്റൊ ബ്ലസിംഗ്) കൈവിഷം ഛർദ്ദിക്കലും ഒക്കെ സാത്താന്റെ തട്ടിപ്പുകളാണ്. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ പിടിച്ചെടുക്കും. മരണകരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്ക് സൗഖ്യം വരും എന്ന് മർക്കോസിന്റെ 16:16-ലുണ്ട് താനും. 1 കൊറി.12-ൽ 9 വരങ്ങൾ ഏവയെന്ന് രേഖപ്പെടുത്തിയപ്പോൾ രോഗശാന്തിയുടെയും വീര്യപ്രവർത്തികളുടെയും വരങ്ങളെപ്പറ്റി ദൈവവചനത്തിൽ ആധികാരിക രേഖയുമുള്ളപ്പോൾ യേശുവും അപ്പൊസ്തലന്മാരും ചെയ്തതുപോലെ ഏതൊരു വിശ്വാസിക്കും രോഗശാന്തി ശുശ്രൂഷ ചെയ്യാം. ദൈകൃപയിലാശ്രയിച്ചുകൊണ്ട് ദൈവം ദാനമായിതന്ന വരം ഉപയോഗിച്ച് ആളുകളെ സുഖപ്പെടുത്താം. പണത്തിനായിരിക്കരുത്, വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമായിരിക്കണം. ദൈവവചനവുമായുള്ള വ്യസ്ഥകൾ ദൈവാത്മാവ് വെളിപ്പെടുത്തുന്നതനുസരിച്ചായിരിക്കണം. ആ വെളിപ്പാടുകൾ ദൈവവചനവ്യവസ്ഥക്കനുസൃതമായിരിക്കണം. ലക്ഷ്യം മനുഷ്യന് രോഗശാന്തിയും സമാധാനവും ലഭിക്കുക എന്നതും ശുശ്രൂഷ ദൈവനാമ മഹത്വത്തിനുമായിരിക്കണം. ഈ വരദാനങ്ങളെ എതിർക്കുന്നവരുടെ എതിർപ്പുകളെ മറിക്കുക തന്നെവേണം. രോഗശാന്തി വരം എന്ന കൃപ ലഭിച്ചവരോടുള്ള എതിർപ്പുകൾ അത്തരം കൃപ ലഭിക്കാത്തവരും അവരുടെ സഭയുടെ ടീച്ചിംഗും അങ്ങനെ ആയതിനാലാണ്. ആ എതിർപ്പ് അസ്ഥാനത്താണ്. എന്നാൽ എല്ലാവിധ ഊതിവീഴ്ത്തലുകളും, വെള്ളമോ, എണ്ണയോ, ടൗവ്വലോ ഉപയോഗിച്ച് ടച്ച്, പവർ, ഫയർ എന്നൊക്കെ പറഞ്ഞുകൊണ്ടോ കൈകൊണ്ട് തലയിൽ ഞെരിച്ചോ ഒക്കെ കാട്ടിക്കൂട്ടുന്നതും, സാമ്പത്തിക ആദായത്തിനായി സഭകളിൽ ആളു കൂടുവാൻ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതുമൊക്കെ പാപമാണ്.

നമുക്കെന്തൊക്കെ ചെയ്യാം? ക്രിസ്തുവും അപ്പൊസ്തലന്മാരും ചെയ്ത






വ. നമുക്കെന്തൊക്കെ ചെയ്യാതിരിക്കാം. ക്രിസ്തുവും അപ്പൊസ്തലന്മാരും ആദിമ സഭയിലെ ശുശ്രൂഷകരും ചെയ്യാത്ത തൊക്കെ ചെയ്യാതിരിക്കാം. സാത്താനും ദുരുപദേശക്കാരും ചെയ്തുകൂട്ടുന്നതെല്ലാം പാപമാണ്. അവയിൽ പലതും പരിശുദ്ധാത്മാവിനെതിരെയുള്ള പാപങ്ങളുമാണ്, അവ ക്ഷമിക്കപ്പെടുന്നില്ല.

**കള്ളപ്രവാചകന്മാരെ സൂക്ഷിക്കാത്തത് പാപമാണ്.**

"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെയടുക്കൽ വരുന്നു. അകമേയൊ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു എന്ന് യേശുക്രിസ്തു പറഞ്ഞത് നാം പഠിക്കാത്തവരല്ലല്ലോ. 1 യോഹ.4:1,2–ൽ "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്യുവിൻ". ശോധന ചെയ്യാതെ എടുത്തുചാടിയ ആയിരങ്ങളുടെ കൂടെ ചെന്ന് നിങ്ങൾ വഞ്ചിതരായാൽ നിങ്ങളുടെ പണവും അവർ പിടുങ്ങും. നിങ്ങൾ അനുഭവിക്കുന്ന അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും അവ പിശാചിൽ നിന്ന് ആകയാൽ കുടുംബത്തകർച്ചകളും പാപദു:ഖങ്ങളും ആത്മഹത്യകളും, കൊലപാതകങ്ങളും, വേശ്യാവൃത്തികളുമൊക്കെ തൊട്ടടുത്ത് അനുഭവിക്കേണ്ടതായി വരും. 1 തിമോ.4:1–ൽ "എന്നാൽ ഭാവി കാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" എന്നും ദൈവവചനമുണ്ടല്ലോ.

ഇവയെല്ലാം കൃത്രിമ ഉണർവ്വാണ്. ഇത്തരം എണ്ണവീഴ്ത്തലുകാരും വെള്ളംവീഴ്ത്തലുകാരും ഊതിവീഴ്ത്തലുകാരും, പുതപ്പോ, ടൗവ്വലോ എറിയുന്നവരും, തലയിലോ തോളിലോ, കൈകൊണ്ട് പിടിച്ചുകൊണ്ട് ശക്തിയിൽ ഞെരിക്കുന്നവരും കുഴമ്പ് ഇട്ട് തിരുമ്മിക്കൊടുക്കുവാൻ ഒരുങ്ങുന്നവരുമൊക്കെ സാത്താന്റെ ഏജന്റുമാരാണ്. ഇടയ്ക്കൊക്കെ പഴയനിയമത്തിൽ നിന്നോ പുതിയനിയമത്തിൽ നിന്നോ ചില വചനങ്ങൾ ഉദ്ധരിക്കുന്നു എന്നതാണ് തട്ടിപ്പല്ല എന്ന് വരുത്തുവാൻ വേണ്ടിയുള്ള അവരുടെ അടവ്.

കാനഡയിലെ "ടൊറൊന്റൊ എയർപോർട്ട് വിനിയാർഡ്" എന്ന സഭയിലെ പാസ്റ്റർ ജോൺ ആർനോക്കിനും ഭാര്യ കാരളിനും ആണ് ദൈവവചനത്തിനെതിരായ ടൊറൊന്റൊ ബ്ലസിംഗ് തുടങ്ങിയത്. സൗത്ത് ആഫ്രിക്കയിലും അർജ്ജന്റീനയിലുമൊക്കെ ഇവർ ഇത് പരത്തുകയുണ്ടായി. ഇവരുടെ ശുശ്രൂഷകളിൽ സംബന്ധിച്ച അനേകരിലേക്ക് ഈ "ആരവങ്ങൾ" പടരുകയുണ്ടായി. ഇവർ പഠിപ്പിക്കുന്നത് ഇത് പരിശുദ്ധാത്മാവിന്റെ പ്രകാശിപ്പിക്കലാണ് (Manifestation) എന്നാണ്. ഈ തെറ്റായ പ്രതിഭാസത്തിന് ആരംഭം കുറിച്ചത് ദക്ഷിണാഫ്രിക്കക്കാരനായ പാസ്റ്റർ റോഡ്നി ഹോവാർഡ് ബ്രൗൺ ആണ്.

**ശാപമഴിക്കൽ ശുശ്രൂഷ എന്ന പാപം**

ക്രൂശിലെ മരണത്താൽ നമ്മുടെ കർത്താവായ ക്രിസ്തു സകല പാപങ്ങൾക്കും ദു:ഖങ്ങൾക്കും പരിഹാരം ചെയ്തുകഴിഞ്ഞു. ക്രിസ്തു അങ്ങനെ ചെയ്തു എന്ന് നാം ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയുമാണ് വേണ്ടത് (റോമ.10:9). അപ്പോൾതന്നെ വിടുതൽ ഉറപ്പാണ്. വിശ്വാസത്തോടൊപ്പം മാനസാന്തരത്തോടെയുള്ള വീണ്ടും ജനനാനുഭവവും ജീവിതവിശുദ്ധിയും നിലനിർത്താൻ കഴിഞ്ഞാൽ ലഭ്യമായ വിടുതൽ തുടർന്ന് അനുഭവിക്കുകയും ചെയ്യാം. ഇതേപ്പറ്റിയുള്ള ആധികാരികവചനങ്ങളിൽ ചിലത് ഉദ്ധരിക്കാം. "ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നല്ലോ ഉള്ളത്. ന്യായപ്രമാണത്തിനോ വിശ്വാസമല്ല ആധാരമായിരിക്കുന്നത് "അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും" എന്നുണ്ടല്ലോ. മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു; ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്ക് വാങ്ങി (ഗലാ.3.11,12,13). (1. ഹബ.2:4, റോമ.1:17, എബ്രാ.10:38, ഉല്പ.15:6. 2. ലേവ്യ.18:5, ആവ.21:23). അതായത് കർത്താവിൽ ഉറപ്പായി വിശ്വസിക്കുന്നവന് പാപവും ശാപവും ദു:ഖവും ഒന്നും നിലനിൽക്കുകയില്ല. അവ പോകാൻവേണ്ടി പലരും ശാപമഴിക്കൽ ശുശ്രൂഷ ചെയ്യുന്നതും പലരും ആ ശുശ്രൂഷയിൽ സംബന്ധിക്കുന്നതും പാപമാണ്.

കള്ളവെളിപ്പാടുകളിലൂടെയാണ് ശുശ്രൂഷകർ ഇന്നയിന്ന ശാപങ്ങൾ ഉണ്ടെന്ന് പറയുന്നത് അമേരിക്കയിലെയും ഭാരതത്തിൽ ബാംഗ്ലൂർ, കോട്ടയം, കൊച്ചി, ഹൈദ്രാബാദ്, അടൂർ, തൃശ്ശൂർ, കൊട്ടാരക്കര എന്നീ പ്രദേശങ്ങളിലെയും ശാപമഴിക്കൽ ശുശ്രൂഷക്കാർക്കും ബ്ലസിംഗ്ടുഡെ ഊതിവീഴ്ത്തൽ ശുശ്രൂഷക്കാർക്കും ആയിരക്കണക്കിന് ശ്രോതാക്കളും അവരുടെ പോക്കറ്റിൽ നിന്ന് ലഭിക്കുന്ന ലക്ഷോപലക്ഷം രൂപയുടെ വരുമാനവുമൊക്കെ കണ്ട് സാത്താൻ കൈകൊട്ടി സന്തോഷിക്കുന്നു




ണ്ടാകാം. ശാപമഴിക്കൽ ശുശ്രൂഷയുടെ ആചാര്യൻ ഡെറക്പ്രിൻസ് ആണ്. മെർലിൻ ഹിക്കിയും, മാർക്ക് ഗ്രീൻവുഡും ഒക്കെ ഈ കൂടെ പെടുന്നു. ഇവരെല്ലാവരും വൈദേശികരാണ്. കേരളത്തിലെ പഴക്കം ചെന്ന അനേകം ശുശ്രൂഷകരും യുവതല മുറയിലെ ന്യൂജനറേഷൻ ചർച്ച് ലീഡേഴ്സു മൊക്കെ ഇത്തരം പരീക്ഷണങ്ങളിൽ ഏർപ്പെടുന്നുണ്ട്. അവരാദ്യം ടിവിചാനലു കളിലൂടെ, പിന്നീട് ഇതാ അനുഗ്രഹം, എന്നു തുടങ്ങിയ പുസ്തകങ്ങളിലൂടെ, പിന്നെ വിദേശയാത്രകളിലൂടെ ഇങ്ങനെ യൊക്കെ അവരുടെ ആശയങ്ങൾ പ്രചരി പ്പിക്കുമ്പോൾ ആൾക്കൂട്ടം ഓടിക്കൂടുന്നതി നാലും പണം വാരിക്കൂട്ടുവാൻ കഴിയുന്ന തിനാലും ഇത് ദൈവനാമമഹത്വത്തിന് യോജിച്ചതാണെന്ന് അവർ കരുതുകയാണ്. പക്ഷെ എല്ലാവരും സാത്താന്റെ കൂരമ്പുകൾ ഏറ്റ് പാപത്തിന് അടിമയാകുകയാണ്. ഏറ്റവും വേഗം ഈ ആത്മീയനേതാക്കൾ മാത്രമല്ല അവരുടെ ലാവണങ്ങൾ ആകുന്ന ചതിക്കുഴികളിൽ വീഴുന്നവരും മാനസാന്ത രപ്പെട്ട് വചനവ്യവസ്ഥയിലേക്ക് വരണം.

**സമൃദ്ധിദൈവശാസ്ത്രത്തിൽ വിശ്വസി ക്കുന്നതും പാപം, പ്രചരിപ്പിക്കുന്നതും പാപം**

തികച്ചും വചനവിരുദ്ധമായ ഒരു തത്വചിന്തയാണ് സമൃദ്ധിസുവിശേഷം. സമ്പന്നരാജ്യങ്ങളിൽ വേരൂന്നി ഏറ്റവുമൊ ടുവിൽ ദാരിദ്ര്യരാജ്യങ്ങളിൽ പോലും അത് നീരാളിപോലെ പടരുകയുണ്ടായി. വേറൊ രെണ്ണമുണ്ട്, ആരോഗ്യധന ഉപദേശം (Health & Wealth Doctrine), പറയുക- അവകാശ പ്പെടുക (Name it and claim it) വിശ്വാസ-വചനപ്രസ്ഥാനം (word of faith movement) എന്നിവകളും ഈ ദുരുപദേശങ്ങ ളുടെ കൂടെയുണ്ട്. ലോകപ്രശസ്തരായ അനകർ ഈ ദുരുപദേശങ്ങളുടെ പിന്നിൽ ഉള്ളപ്പോൾ ജനം തള്ളിക്കയറുക സ്വാഭാവി കമാണ്. അവരുടെ പുസ്തകങ്ങളും കാസ റ്റുകളും ചൂടപ്പംപോലെ വിറ്റഴിയപ്പെടുക എന്നതും സ്വാഭാവികമാണ്. ഫിനിയാസ്സ് പാർക്കുസ്റ്റ് ക്വിംബി, (1802-1866) മേരിബേ ക്കർ എഡ്ഡി (1821-1910) എക്സ്.ഡബ്ള്യു. കെന്യോൻ (1867-1948), കെന്നത്ത് എർവിൻ ഹേഗിൻ (1917-2003) തുടങ്ങിയ അനേകർ ഈ ദുരുപദേശങ്ങൾ പ്രചരിപ്പിച്ചവരുടെ മുൻനിരയിലുണ്ട്. സമൃദ്ധിയുടെ ദൈവ ശാസ്ത്രം പ്രസംഗിച്ചവർ രോഗശാന്തി കൾകൂടി അവതരിപ്പിക്കാറുണ്ട്. ഏറ്റവും ഒടു വിൽ അത്തരക്കാരുടെ സഭകളിൽ വന്നുചേ രുന്ന ലക്ഷാധിപതികളോട് ലക്ഷങ്ങൾ സഭ ക്കുവേണ്ടി ഊറ്റിവാങ്ങുക മാത്രമല്ല അത്ത രക്കാർ ചെയ്യുന്നത്, വൻബിസിനസ്സുകളും ലോകരാജ്യങ്ങളിൽ ചെയ്യും. അവരെ അന്ധ മായി സപ്പോർട്ട് ചെയ്യുന്നവർക്ക് കൊടി വെച്ച കാറും കെട്ടിടവുമൊക്കെ സംഘടി പ്പിച്ചുകൊടുക്കും. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ഇവർ ചെയ്യുന്ന ഇത്തരം കാര്യങ്ങൾ വല്ലതും ചെയ്തോ എന്നാണ് ബഹുമാന്യരായ വയനക്കാർ നോക്കേണ്ടത്. എന്നിട്ട് ഇതു യഥാർത്ഥ ക്രിസ്തീയ മെസ്സേജാണോ എന്ന് പരിശോ ധിച്ച്, അല്ലെന്ന് തിരിച്ചറിഞ്ഞ്, മാനസാന്തര പ്പെടുവാൻ നോക്കണം. ഇല്ലെങ്കിൽ ലോക പ്രശസ്തരായ ശുശ്രൂഷകരെക്കൊണ്ട് നരകം നിറക്കുവാൻ സാത്താൻ ശ്രമിക്കു ന്നത് വിജയിക്കുവാൻ ഇടയാകും.

**ദുരുപദേശകർ, കൾട്ടുകൾ**

തിരുവചനം അബദ്ധരഹിത ദൈവശാ സീയ സത്യങ്ങളാണ്. തിരുവചനങ്ങളിലെ പഴയനിയമം രക്ഷയെ സംബന്ധിച്ചിട ത്തോളം ആശയപരമായി ദൈവശാസീയ മെങ്കിലും അതിലെ ബലിയർപ്പണങ്ങളും പാപവിമോചനരീതികളും ക്രിസ്തുവി ലേക്കും പുതിയനിയമത്തിലേക്കും വന്നപ്പോൾ പഴഞ്ചനായി പോയെന്നെഴുത ണമോ? പുതിയനിയമത്തിലാണ് പൂർണ്ണ മായതെന്നെഴുതണമോ എന്ന് ഇതെഴുതു മ്പോളാണാലോചിച്ചത്.

എന്നാൽ ഇതിന് വിപരീതമായി ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും അസ്തിത്വത്തെയും ആളത്വത്തെയും നിഷേ ധിച്ചുകൊണ്ട് സ്വദേശത്തുനിന്നാകട്ടെ വിദേ ശത്തുനിന്നാകട്ടെ ഇറക്കുമതി ചെയ്യുന്ന ദുരു പദേശങ്ങളെയാണ് കൾട്ടുകൾ എന്ന് വിളി ക്കുന്നത്. മിക്ക കൾട്ടുകൾക്കും സംഘടിത രൂപമുള്ളതിനാൽ അവയെ ദുരുപദേശസം ഘടനകൾ എന്ന് പറയുന്നു.

ഇവരുടെ ഏറ്റവും വലിയ സ്വഭാവം തങ്ങൾ അനുഗ്രഹീതരും ബാക്കിയുള്ളവ രൊക്കെ ശപിക്കപ്പെട്ടവരുമാണെന്നാണ്. ക്രസ്തീയ വിശ്വാസത്തെയും ഉപദേശങ്ങ ളെയും ഹൈന്ദവവൽക്കരിക്കുന്നവർ ദുരു പദേശക്കാരാണ്. പ്രജാപതി പ്രചാരകർ അവരിൽപ്പെടുന്നു. യഹോവാസാക്ഷികളും സാബത്തുകാരും കൾട്ടുകാരാണ്. മോർമോൺസുകാരും ടിപിഎം (പെന്ത ക്കോസ്ത് മിഷൻ) കാരും കൾട്ടുകൾ തന്നെ. മാനസാന്തരപ്പെട്ട് ദൈവവചനത്തി ലേക്ക് മടങ്ങിവരുവാൻ സമയമുണ്ട്. സമൃ ദ്ധിയുടെ ദൈവശാസ്ത്രക്കാർക്കും ഊതി വീഴ്ത്തൽകാർക്കും വെള്ളം എണ്ണ മുതലാ യവ എറിഞ്ഞും തെളിച്ചും ഒരു ശക്തമായ ആദ്ധ്യാത്മികതയാണെന്ന ധാരണ പരത്തു ന്നവർക്കും അവസരമുണ്ട്.

ഇവരുടെ മറ്റൊരു ശൈലിയാണ് സാമ്പത്തികകീഴ്പ്പെടുത്തൽ. ഹിപ്നോട്ടിക് രീതികളും പുറംലോകവുമായി ബന്ധവുമി ല്ലാതെ ഭക്താഗ്രേസന്മാരെ ഭയപ്പെടുത്തി നിർത്തുന്നതും ദശാംശമായി സ്വയം ഉള്ളിൽ കരുതിക്കൊണ്ട്, സ്വർണ്ണാഭരണമോ, വൻതു കകളോ കടമായി ചോദിച്ചുവാങ്ങുന്നതും,




മറ്റുള്ളവരുടെ വൻപറമ്പുകളോ സ്വത്തുകളോ വിറ്റ് കിട്ടുമ്പോൾ വലിയ കമ്മീഷൻ പ്രതീക്ഷിക്കുന്നതും എല്ലാം കൾട്ട് മതനേതാക്കന്മാരുടെ സ്വഭാവങ്ങളാണ്. പഴയനിയമത്തിൽ ഒരു ഭർത്താവിന് പല ഭാര്യമാരുണ്ടെന്ന വചനം കാണിച്ച് സ്ത്രീകളെ വശത്താക്കുന്നതും കൾട്ട് നേതാക്കന്മാരുടെ സ്വഭാവമാണ്. നല്ല ആത്മീയഅച്ചടക്കമുള്ള സഭകളിൽ വിശുദ്ധമായ ശുശ്രൂഷ ചെയ്യുന്നതിനിടയിൽ ചാടിപ്പോയി പുതിയ ഗ്രൂപ്പുകൾ സ്ഥാപിച്ച് കുറച്ചധികം പേരുടെ പണവും പിരിച്ചെടുത്ത് ഏതെങ്കിലും ശക്തിയുള്ള ബിഷപ്പിൽ നിന്നോ നേതാവിൽ നിന്നോ പിഎച്ച്ഡിയോ റവറന്റോ പോലെയുള്ള പദവി പണംകൊടുത്തോ കാലുപിടിച്ചോ വാങ്ങിയെടുക്കുന്നതും കൾട്ട് വാദികളുടെ സ്വഭാവമാണ്.

ക്രൈസ്തവകൾട്ടുകളെ കൂടാതെ അക്രൈസ്തവകൾട്ടുകളുമുണ്ട്. ഇനി ഗുപ്തവിശ്വാസങ്ങളെ തീറ്റിപ്പോറ്റി വളർത്തുന്നവരുണ്ട്. അതായത് കൂടോത്രം, മന്ത്രവാദം, ആഭിചാരം, ഹസ്തരേഖാശാസ്ത്രം, കടമറ്റം പോലെയുള്ള സേവകൾ, ജ്യോത്സ്യം, സ്ഫടികവിദ്യകൾ മുതലായവ ചെയ്യുന്നവർ, കൂടാതെ ചില മന്ത്രം ചൊല്ലിയുണ്ടാക്കിയ തകിടോ, അത്തരം വെള്ളം നിറച്ച കുപ്പികളോ, കുരിശുകളോ വീട്ടിലോ പരിസരത്തോ കുഴിച്ചിടാൻ പ്രേരിപ്പിക്കുന്നവരൊക്കെയും കൾട്ട് സ്വഭാവമുള്ളവരാണ്. അവരുപയോഗിക്കുന്ന സാധനങ്ങളെയാണ് ഒക്കൾട്ട് ഉല്പന്നങ്ങളെന്ന് പറയുന്നത്. ഒക്കൾട്ടസ് എന്ന വാക്കിന് ദുർഗ്രാഹ്യമായ വിധത്തിൽ ഒളിച്ചുവച്ചിരിക്കുന്നത് എന്നാണർത്ഥം. തകിടും, കൊന്തയും, അരയിലും കയ്യിലും കെട്ടുന്ന ചരടുകളും, വെന്തിങ്ങയും, കാശുരൂപവുമൊക്കെ ഒക്കൾട്ടുല്പന്നങ്ങളാണ്. ഇന്ദ്രജാലക്കാരും, മായാദർശനക്കാരും, ജ്യോതിഷവീരന്മാരും, ഭൂമിയെയും കടലിനെയും പാമ്പിനെയും ആരാധിക്കുന്നവരും സൂര്യചന്ദ്രന്മാരെയും, നക്ഷത്രങ്ങളെയും വണങ്ങുന്നവരുമൊക്കെ ഇക്കൂട്ടത്തിൽപ്പെടും. ലക്ഷണച്ചീട്ടുകൾ തത്തയെക്കൊണ്ട് കൊത്തിക്കുന്നവർ, ഹസ്തരേഖാശാസ്ത്രത്തിൽ ആശ്രയിക്കുന്ന



ഞാൻ ഗ്രേസി. ഇടുക്കിജില്ലയിൽ മഞ്ഞക്കുഴി എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് മൂന്നു വർഷത്തോളമായി വയറുവേദനയായിരുന്നു. ആശുപത്രിയിൽ പോകുമ്പോൾ അവർ മരുന്ന് തരും. അതൊക്കെ കഴിക്കുമെങ്കിലും യാതൊരു കുറവും കണ്ടില്ല. കൂടാതെ എന്റെ മകൾക്കും രക്തത്തിൽ ഇൻഫക്ഷൻ ആയിരുന്നു. അങ്ങനെയിരിക്കെയാണ് അടിമാലിയിൽ 2016 മാർച്ച്മാസം ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാനിടയായത്. അവിടെവെച്ച് സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ കൃപയാൽ എന്റെയും മകളുടെയും രോഗം പൂർണ്ണമായി മാറുകയും ചെയ്തു. അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു.

**ഗ്രേസി തങ്കച്ചൻ.മഞ്ഞക്കുഴി. ഇടുക്കി.**
**Ph:** 9020181271

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




വർ, സ്ഫടികദർശനം നോക്കുന്നവർ, സൈക്കോമെട്രിയിലും, ഒഗറിയിലും, ചായക്കോപ്പ വ്യാഖ്യാനത്തിലും, ജിയോമാക്സിയിലും, അയിറോമൻസിയിലും, അരിതമൻസിയിലും ഒക്കെ ഭാഗ്യം തേടിപ്പോകുന്നവരും ഒക്കെ കൾട്ട് ഉപദേശങ്ങളിൽ തന്നെ വീണുപോയവരാണ്. കപ്നോമൻസി (capnomancy) എന്നൊന്നുണ്ട് യാഗപീഠത്തിൽനിന്നുയരുന്ന പുകയുടെ ഗതി നോക്കി ഭാഗ്യം പറയുക എന്നതാണത്. വേറൊന്നുണ്ട്. റസോദാമൻസി (Rhasodamancy) അതായത് വിശുദ്ധഗ്രന്ഥത്തിലെ ഏതെങ്കിലും ഒരു ഭാഗം വായിച്ചിട്ട് തീരുമാനമെടുക്കുക.

ഇത്തരം വ്യാജന്മാരെ യിര.14:14-ൽ വ്യാജപ്രവാചകന്മാരെന്ന് വിളിക്കുന്നു. ഏശയ്യാവ് 47:3-ൽ ജ്യോതിഷക്കാരും നക്ഷത്രം നോക്കുന്നവരുമെന്നും വിളിക്കുന്നു. ആവ18:11-ൽ വെളിച്ചപ്പാടൻ എന്ന് വിളിക്കുന്നു. ആവ.18:14-ൽ മുഹൂർത്തക്കാരെന്ന് വിളിക്കുന്നു. മന്ത്രവാദികളെ ഉല്.48:8-ലും പ്രശ്നം വെയ്ക്കുന്നവരെ ഏശ.2:6-ലും നാം പരിചയപ്പെടുന്നു. കള്ളപ്രവാചകന്മാരെ 1 യോഹ.4:1-ലും 1 തിമോ.4:1-ലും നാം പരിചയപ്പെടുന്നു. ആവ.18:11-ൽ അഞ്ജനക്കാരനെന്ന് വിളിച്ചിരിക്കുന്നു. സാത്താൻ സേവയും പരമ്പരാഗതസാത്താൻ സേവയുമുണ്ട്. സാത്താൻസേവകരാണ് കറുത്തകുർബ്ബാന ആവിഷ്ക്കരിച്ചത്. സാത്താൻ സഭയുമുണ്ട്.

മരിച്ചവരുടെ ആത്മാക്കളുമായി ജീവിച്ചിരിക്കുന്നവർക്ക് ബന്ധപ്പെടുവാൻ പറ്റുമെന്ന് പഠിപ്പിക്കുന്നവരും കൾട്ട് വാദികളാണ്. ചിലരിതിനെ പ്രേതസേവയെന്ന് വിളിക്കാറുണ്ട്.

യഥാർത്ഥ പ്രേതസേവ എന്തെന്നാൽ, പ്രേതലോകത്തിലെ ആത്മാക്കളുമായി ഒരു മാദ്ധ്യമം മുഖാന്തരം ബന്ധം സ്ഥാപിച്ച് പ്രശ്നപരിഹാരമുണ്ടാക്കാൻ കഴിയും എന്ന തെറ്റായ ധാരണയാണിത് (The dictionary of mysticism) ചാൾസ്. ഡി.റെസ്സൽ, ആൻടൻ സാൻഡോർ ലാവെ, ആലീസ് ബെയ്ലി, എച്ച്. ഡബ്ളു ആംസ്ട്രോങ്, ജോസഫ് സ്മിത്ത്, കെന്നത്ത് ഹഗ്ഗിൻസ്, മേരിബേക്കൽ എഡ്ഡി, സൺ.എം.മൂൺവിലും, ബ്രെൻഹാം മുതലായവരെല്ലാം കൾട്ട് ലീഡേഴ്സാണ്. മലയാളികൾ വളരെയുണ്ട്. മറ്റൊരു പ്രസിദ്ധീകരണത്തിൽ അവരുടെ പേര് പറയാം, ഞാൻ അവരെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള പഴയനിയമ ഉപദേശങ്ങളും പുതിയനിയമ ഉപദേശങ്ങളും പഠിക്കുവാൻ സന്മനസില്ലാത്തവരാണ് യഹോവസാക്ഷികൾ. പരിശുദ്ധാത്മാവിന്റെ ഉപദേശങ്ങളെപ്പറ്റി ധാരണയില്ലാ



എന്റെ പേര് ബിൻസി പൗലോസ്. ഞാൻ എറണാകുളം ജില്ലയിൽ കോതമംഗലത്തിനടുത്ത് വെണ്ടുകുഴി എന്ന സ്ഥലത്ത് താമസിക്കുന്നു. ഞങ്ങൾക്ക് 7 വർഷമായി കുഞ്ഞുങ്ങളില്ലാതെയിരിക്കുകയായിരുന്നു. മരുന്നുകൾ കഴിച്ചിട്ടും യാതൊരു പ്രയോജനവുമുണ്ടായില്ല. അങ്ങനെയിരിക്കെയാണ് രണ്ടുവർഷം മുമ്പ് പെരുവയിൽ ദേവസ്യാ മുല്ലക്കരസാറിന്റെ ഒരു പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാനിടയായത്. അവിടെവെച്ച് സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥന കേട്ട ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. 5-ാം മാസം ഒരു കുഞ്ഞിനെ ഉദരത്തിൽ ലഭിക്കുവാനിടയായി. ഇപ്പോൾ കുഞ്ഞിന് ഒന്നരവയസ്സായി. കുഞ്ഞിന്റെ പേര് ബേസിൽ. ഇത്രത്തോളം ഞങ്ങളെ അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു.ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു.**ബിൻസി പൗലോസ്. വെണ്ടുകുഴി. എറണാകുളം.**

**Ph: 9846060185**







ത്തവർ പലരും പഴയബ്രദറുകാരിലുണ്ട്. പ്രാണിക്ഹീലിംഗുകാരും ഒരുതരം യോഗാനുഭവജ്ഞാനികളാണ്. ക്ഷുദ്രശാസ്ത്ര ദുരുപദേശക്കാരും ഇക്കൂട്ടത്തിലുണ്ട്.

ഇവർ ദുരാത്മാവിനെ ഉപയോഗിച്ചുകൊണ്ട് പരിശുദ്ധാത്മാവാണെന്ന് പറഞ്ഞുപരത്തുന്നു. പ്രാണിക് ഹീലിംഗ് ചികിത്സാവിധിയുടെ സ്ഥാപകൻ ചാവോകോക്സൂയി എന്നയാളാണ്. മനുഷ്യശരീരത്തിൽ ചില പ്രത്യേക ചക്രങ്ങളുണ്ടെന്ന് ഇവർ പഠിപ്പിക്കുന്നു. തലച്ചോർ മുതൽ താഴോട്ട് നട്ടെല്ലിന്റെ താഴെ വരെ ഈ ചക്രങ്ങളുണ്ടെന്ന് പറഞ്ഞ് പഠിപ്പിക്കുന്നു. സൗഖ്യദായകരായ ദൂതന്മാർ വന്ന് നിങ്ങളെ ഇപ്പോൾ സുഖപ്പെടുത്തുമെന്ന് പഠിപ്പിച്ച് പരഹൃദയജ്ഞാനം, യോഗാ, താന്ത്രികവേലകൾ മുതലായവ ഉപയോഗിക്കുന്നു പ്രാണിക്ഹീലിംഗുകാർ.

പുരുഷസൂക്തത്തിലെ പ്രജാപതിയും ക്രിസ്തുവും ഒന്നാണെന്ന് സമർത്ഥിക്കുവാൻ ശ്രമിക്കുന്ന പ്രജാപതി ഉപദേശവും തെറ്റായ ഉപദേശമാണ്. പ്രജാപതി ഹൈന്ദവസംസ്ക്കാരത്തിന്റെ ഭാഗമാണ്. ആ മത വിശ്വാസികൾ അത്തരം കാര്യങ്ങൾ പഠിക്കുന്നത് ഭാരതീയമായ ഒരാചാരമാണ്. ആ ആചാരം അനുഷ്ഠിക്കേണ്ടവർ അനുഷ്ഠിക്കേണ്ടത് ഭരണഘടനാപരമായ അവരുടെ അവകാശമാണ്. ക്രിസ്തുവോ അവൻ മരിച്ചുയർത്ത ഇന്നലെയും ഇന്നുമെന്നും മാറ്റമില്ലാത്തവനായ ദൈവവുമാണ് (എബ്രാ.13:8).

ക്യാൻസർ ഉൾപ്പെടെ, ലിവർ സിറോസിസ് ഉൾപ്പെടെ, തളർവാതമുൾപ്പെടെ അനേകം രോഗികളെ ഇന്നും ജീവിക്കുന്ന കർത്താവ് കൃപയാൽ സുഖപ്പെടുത്തി ആരോഗ്യം നൽകി അനുഗ്രഹിച്ച് ജീവിപ്പിക്കുന്നതിന് ഞാൻ ദൃക്സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിവിധ ടിവിചാനലുകളുടെയും, കാസറ്റുകളുടെയും ഇത്തരമായിരക്കണക്കിന് സാക്ഷ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അവയെല്ലാം പരമസത്യങ്ങളുമാണ്. ഇരുപത് വർഷം മുതൽ രണ്ട് വർഷം വരെ വൈവാഹികജീവിതത്തിൽ കുട്ടികളില്ലാതിരിക്കെ, പ്രാർത്ഥനയാൽ, വന്ധ്യത മാറി കൃപയാൽ സന്താനഭാഗ്യം ലഭിച്ചവരും ആയിരത്തിലധികം വരും. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്ക് അവരുടെ യോഗ്യത നോക്കാതെ ദൈം കൃപയാൽ കൊടുക്കുന്നതാണ് അവയൊക്കെയും. വീട്, പറമ്പ്, ജോലി, നല്ല വിവാഹബന്ധം, വിദേശയാത്ര, സമാധാനമുള്ളതും സ്വസ്ഥതയുള്ളതുമായ കുടുംബജീവിതവും, സഭാജീവിതവും എന്നുവേണ്ട എന്തെല്ലാമാണ് കൃപയാൽ കർത്താവ് ആയിരങ്ങൾക്ക് നൽകിയിരിക്കുന്നത് ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ വിശ്വാസവിശുദ്ധവീരന്മാരായ ഞാനുൾപ്പെടെയുള്ള പാസ്റ്റർമാരിലൂടെയും സഭാവിശുദ്ധരിലൂടെയും. ഇതെല്ലാം ഞാൻ ഇവിടെ കുറിക്കുന്നത് ദൈവനാമമഹത്വത്തിനുവേണ്ടിയാണ്. യാതൊരു പൊങ്ങച്ചത്തിനുവേണ്ടിയുമല്ല. അത് ഇങ്ങനെയാണെന്ന് ദൈവമറിയുന്നു. മഹാ മദ്യപാനത്തിന്റെയും വ്യഭിചാര പ്രവൃത്തികളുയും കൊലപാതകം, മോഷണം, വിഗ്രഹാരാധന, ക്രൂശിത (ക്രിസ്തുവിന്റെ) മരണമൊഴികെയുള്ള യാഗങ്ങൾ തുടങ്ങിയ പാപന്ധകാരത്തിൽ നിന്നുമൊക്കെ പതിനായിരങ്ങൾ അത്രേ ഇന്നും ജീവിക്കുന്ന ക്രിസ്തുവിന്റെ കൃപയാൽ രക്ഷയുടെ മഹാസന്തോഷത്തിലേക്ക് വന്നതും വന്നുകൊണ്ടിരിക്കുന്നതും. ഒരു പക്ഷെ കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രത്തിൽ ചർച്ച് ഓഫ് ഇറ്റേണിറ്റിക്ക് മാത്രമവകാശപ്പെടുന്നതാണ് 2008 ഫെബ്രുവരി 8 മുതലുള്ള ഒരാഴ്ചകൊണ്ട് 958 പേർ എന്റെ കൈക്കീഴിൽ കണ്ണൂർ ജില്ലയിലെ പുളിങ്ങോത്ത് വെച്ച് സ്നാനമെടുത്ത് വിശുദ്ധിയും വേർപാടുമുള്ള ഒരു ജീവിതത്തിലേക്ക് വന്നത്. അതിൽ 800ലധികം പേരും കത്തോലിക്കരും ബാക്കിയുള്ളവർ ഇതരമതസ്ഥരും ആയിരുന്നു. 2016 മാർച്ചു മാസം 31-ാം തീയ്യതി വൈകുന്നേരം 5 മണിക്ക് ഇത് എഴുതിക്കൊണ്ടിരിക്കുന്നതുവരെ കഴിഞ്ഞ ആഴ്ചയിലെ ഡൽഹിയിലെയും കട്ടപ്പനയിലെയും വിശ്വാസസ്നാനമുൾപ്പെടെ 100000-ൽ കവിഞ്ഞു എന്റെ കൈക്കീഴിൽ സ്നാനമെടുത്തവരുടെ സംഖ്യ. കഴിഞ്ഞ 2 1/2 വർഷംകൊണ്ട് സഭാവിശ്വാസികളുടെ വീടുകളിൽ സഹപാസ്റ്റർമാരോടുകൂടി കയറിയിറങ്ങി "വീണ്ടും വരുവാൻ പോകുന്ന കർത്താവിനായി ഒരുങ്ങുവിൻ" എന്ന സന്ദേശം പറഞ്ഞ ഭവനങ്ങൾ കേരളത്തിൽത്തന്നെ 47000 കഴിഞ്ഞു. ചില ഭവനങ്ങളിൽ നാലും അഞ്ചും കുടുംബാംഗങ്ങളേ ഉള്ളുവെങ്കിൽ പല ഭവനങ്ങളിലും അയൽവാസികളേവരും കൂടി വരുമ്പോൾ പത്തും പതിനഞ്ചും പേർ കാണും. അപൂർവ്വം ചില വീടുകളിൽ സ്ഥലപരിമിതികളെ ലജ്ജിപ്പിച്ചുകൊണ്ട് നാല്പതും അമ്പതും പേർ വന്ന് സുവിശേഷം കേട്ട് പ്രാർത്ഥനയേറ്റുവാങ്ങി അനുഗ്രഹിക്കപ്പെടാറുണ്ട്. ശരാശരി 30 പേർ ഓരോ വീട്ടിലും കാണും. ഒരു ലക്ഷം ഭവനങ്ങളിൽ ഈ സന്ദർശനം പൂർത്തീകരിക്കുവാൻ ദൈവമനുവദിക്കുമ്പോൾ 30 ലക്ഷം ആളുകളോട് കർത്താവിന്റെ വീണ്ടും വരവിന്റെ സുവിശേഷം പറഞ്ഞ് അവരെ കർത്താവിലേയ്ക്കടുപ്പിക്കാൻ ശ്രമിക്കാം എന്നു കരുതുന്നു. ഇതൊക്കെയുംകൃപയാലാണ്. യാതൊന്നുപോലും യോഗ്യതയാലല്ല.

# പാപവിമോചനവും കൃപാമഹത്വവും




പക്ഷെ ഇനി പറയാൻ പോകുന്ന സാക്ഷ്യം എന്നെ എന്നുമെപ്പോഴും അത്ഭുതപ്പെടുത്തുന്നു. ഇപ്പോൾ എഴുതിയതും ഇനി എഴുതുന്നതും പറയുന്നതും എല്ലാം കൃപയാലാണ്. ഇപ്പോൾ കുത്തിക്കുറിക്കുന്നത് കൃപയ്ക്കു മേൽ കൃപയാലാണെന്ന് പറയുവാൻ തോന്നുന്നു. 2002–ലോ 2003–ലോ ആണ് ആ സംഭവം.

കർണ്ണാടകത്തിലെ ഖണ്ഡിബാഗി നടുത്ത്, ബൽത്തങ്ങാടി രൂപതയുടെ കീഴിലുള്ള ഒരു ഇടവകപള്ളിയിൽ കരിസ്മാറ്റിക്കുകളായിരുന്ന എന്നെയും ആത്മാഭിഷേകം ടീമിനെയും ധ്യാനിപ്പിക്കുവാൻ വിളിച്ചു. അക്കാലത്ത് ബൽത്തങ്ങാടി ബിഷപ്പുമായി നല്ലൊരു ബന്ധമുണ്ടായിരുന്നതിനാലാണ് വൈദികർ ഇല്ലാത്ത ടീമെന്ന നിലയിൽ ഞങ്ങളെ അവർ വിളിച്ചത്. ഞങ്ങൾ അക്കാലത്ത് പയ്യന്നൂർ നിന്നും രാജഗിരി പുളിങ്ങോം ഭാഗത്തേക്കുള്ള ബസ്സിൽ കയറിയാൽ ഇറങ്ങാൻ പറ്റുന്ന മലയോര കർഷക കേന്ദ്രമായ ചെറുപുഴയിൽ മലങ്കര കത്തോലിക്കാപള്ളിയോട് ചേർന്ന് അവരുടെ പറമ്പിൽ ഞങ്ങളുടെ പണച്ചിലവിൽ നിർമ്മിച്ച ഗത്സെമൻ ധ്യാനമന്ദിരത്തിൽ അതിപ്രശസ്തമായ നിലയിൽ ഒരു പ്രാർത്ഥനാജീവിതം നയിച്ച് വരികയായിരുന്നു.

ഞങ്ങൾ ആ പള്ളിയിൽ ചെല്ലുമ്പോൾ വികാരിയച്ചന് പറയുവാനുള്ളത് ആ ഇടവകയിലെ ഭൂരിപക്ഷം പേർക്കും പട്ടയമില്ലാത്ത ഭൂമിയാണുള്ളതെന്നും, അവരിൽ പലരും ഫോറസ്റ്റ് കയ്യേറി വീട് വെച്ചതാണെന്നും ആർക്കും സാമ്പത്തികമായി യാതൊന്നുമില്ലെന്നും ദൈവത്തോട് പ്രാർത്ഥിച്ച് എന്തെങ്കിലും നിലനിൽപ്പിനായി വാങ്ങിത്തരണമെന്നുമായിരുന്നു. അത് കേട്ടപ്പോൾ കർത്താവിന് ഞങ്ങളെ വിശ്വാസത്തിൽ വളർത്തണമെന്നുണ്ട് എന്ന് മനസ്സിലായി. തുടർച്ചയായ പ്രാർത്ഥനയായിരുന്നു.

ഒരു രാത്രിയിലെ പ്രാർത്ഥനയിൽ മണ്ണിനടിയിൽ നിന്നും കർത്താവ് ഏതോ സമ്പത്ത് തരാൻ പോകുന്നുവെന്ന് ദർശനത്തിലൂടെ കാണിച്ചുതന്നു. ആ സമ്പത്ത് വിലകൂടിയ "സ്റ്റോൺ" ആണെന്നും മനസ്സിലാക്കിച്ചു തന്നു. മണ്ണിനടിയിൽ തിളങ്ങുന്ന എന്തൊക്കെയോ പോലെ എന്നാണ് ഞങ്ങൾക്ക് ആദ്യം മനസ്സിലായത്. മൂന്ന് തൂമ്പാപ്പാട് മണ്ണിൽ ആഴത്തിൽ കിളക്കുമ്പോൾ ഈ വില കൂടിയ, മോതിരത്തിലോ കമ്മലിലോ മാലയുടെ ലോക്കറ്റിലോ വെയ്ക്കുന്ന തരത്തിൽപെട്ട കല്ല് കിട്ടുമെന്നും, മുപ്പത് ദിവസത്തെ പ്രാർത്ഥന ഒരുക്കമായി വേണമെന്നും കിട്ടിയത് അവിടെ പ്രസംഗത്തിനിടയിൽ പറഞ്ഞു. ഇത് കേട്ടുകൊണ്ടിരുന്ന കൊല്ലന്റെ പണിയെടുക്കുന്ന ഒരാൾ അപ്പോൾത്തന്നെ എഴുന്നേറ്റ് അവിടെനിന്നും പോയി കിളയ്ക്കൽ ആരംഭിച്ചു. നാലഞ്ചു സ്റ്റോൺ കിട്ടി. കൊല്ലന്റെ ആലയിൽ പിറ്റേദിവസം ചെന്നവർ ഇത് അറിഞ്ഞ് നാട്ടിലെങ്ങും പരത്തി.പക്ഷെ അച്ചൻ മുപ്പത് ദിവസം പള്ളിയിലും വീട്ടിലും സ്പെഷൽ പ്രാർത്ഥനകൾ നടത്തിച്ചു. കൃത്യം മുപ്പത് ദിവസം കഴിഞ്ഞപ്പോൾ ഇടവകക്കാർ പ്രാർത്ഥനയോടെ കിളയ്ക്കാൻ തുടങ്ങി. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ കർത്താവ് വാക്ക് പാലിച്ചുവെന്നും കിലോകണക്കിന്, ചിലർക്ക് ക്വിന്റൽ കണക്കിന്, സ്റ്റോൺ കിട്ടുവാനിടയായി എന്നു പറഞ്ഞാൽ മതിയല്ലോ. ഒരാഴ്ച രണ്ടാഴ്ച കൊണ്ട് എല്ലാവരും വലിയ ധനവാന്മാർ ആയി. ഫോറസ്റ്റ് അധികൃതരും സർക്കാരും വിവരമറിഞ്ഞ് അവർ വന്ന് നടപടി സ്വീകരിക്കുംമുമ്പ് ആ ഇടവകക്കാരൊക്കെയും ലക്ഷാധിപതികളായി. ഈ സാക്ഷ്യം ഞാൻ കുവൈറ്റിൽ പോയി പറഞ്ഞപ്പോൾ ബുദ്ധിമാന്മാരാരും ആദ്യം വിശ്വസിച്ചില്ല. പാവങ്ങളൊക്കെ ദൈവത്തെ വിശ്വസിക്കുകയും ഈ സത്യദൈവത്തെ നല്ലവണ്ണം സ്തുതിക്കുകയും ചെയ്തു.

കർണ്ണാടകത്തിലെ ആ ഇടവകപ്പള്ളിയിലെ അംഗമായിരുന്ന ഒരാൾ, അന്നത്തെ കുവൈറ്റ് മീറ്റിംഗിലുണ്ടായിരുന്നു. ഞാൻ കൺവെൻഷനിൽ പ്രസംഗിക്കുന്ന വിവരമറിഞ്ഞ് അദ്ദേഹം അന്ന് കിട്ടിയ സ്റ്റോണുകളിൽ സൂക്ഷിച്ചുവെച്ചിരുന്ന ചില അപൂർവ്വ തരങ്ങൾ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു കോടി രൂപയ്ക്ക് സ്റ്റോൺ കിട്ടിയെന്ന് അദ്ദേഹം ഒരു സാക്ഷ്യവും പറഞ്ഞതുകൊണ്ട് എന്റെ മുഖവും രക്ഷപ്പെട്ടു. ഞാനാണെങ്കിൽ കർത്താവിനെ അറിഞ്ഞനാൾ മുതൽ തിരുവചനമനുസരിച്ച് മാത്രം ജീവിക്കുന്നവനാണ്.വിശ്വാസസ്നാനം സ്വീകരിച്ച ശേഷം വിശുദ്ധിയും വേർപാടുമെടുക്കുവാൻ പരമാവധി ശ്രമിക്കുന്നു. എന്നെങ്കിലും എപ്പോഴെങ്കിലും വീഴ്ചകളുണ്ടായപ്പോഴൊക്കെ തമ്പുരാന്റെ മുമ്പിൽ പശ്ചാത്തപിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് മുന്തിരിയുടെ തായ്ത്തണ്ടിനോട് കൊമ്പുകൾ ചേരുന്നതുപോലെ ചേർന്നു തന്നെ നിൽക്കുന്നതിനാൽ ഇതുപോലെയുള്ളതും, ഭൂതങ്ങൾ ഇറങ്ങിപ്പോയതും വമ്പിച്ച രോഗശാന്തികൾ ലഭ്യമായതുമെല്ലാം ത്രീയേകദൈവത്തിന്റെ മഹാകൃപയാണെന്ന് തിരിച്ചറിയുന്നു. ഈ അത്ഭുതപ്രവർത്തനങ്ങൾ പിശാചിൽ നിന്നാണെന്ന് പ്രചരിപ്പിക്കുന്നവർക്ക് അതിനപ്പുറമൊന്നും പറയാനില്ലാത്തതുകൊണ്ട് പറഞ്ഞ് സമാധാനിക്കട്ടെ. പക്ഷെ അവരും മാനസാന്തരപ്പെട്ട് വചനത്തിലേക്ക് വേഗം വരണം എന്നു മാത്രം ●

(തുടരും...)




## ഗവേഷകർ പറയുന്നു, ഇതു യേശു കുരുടനെ സൗഖ്യമാക്കിയ ശീലോഹാ കുളം തന്നെ.

**യെരുശലേം:** യേശു പരസ്യ ശുശ്രൂഷാകാലത്ത് കുരുടന് കാഴ്ച നൽകിയ സംഭവകഥയിലെ ശീലോഹാ കുളം ഗവേഷകർ കണ്ടെത്തി.

യെരുശലേമിൽ ദാവീദിന്റെ നഗരത്തിന്റെ തെക്കു ഭാഗത്തായി ടെംമ്പിൾ മൗണ്ടിനു സമീപം മലിനജലമൊഴുകുന്ന പൈപ്പിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനിടയിലാണ് ശീലോഹാ കുളത്തിന്റെ സ്ഥാനം ഗവേഷകർ കണ്ടെത്തിയത്. 225 അടി നീളവും ചതുർഭുജവുമായുള്ള കുളമാണ് കണ്ടെത്തിയത്.

ഇവിടെ ബയസെന്റൈൻ കാലഘട്ടത്തിൽ എ.ഡി. 400-നും 460-നും ഇടയിൽ ശീലോഹാ കുളത്തിനോട് ചേർന്ന് ഒരു ക്രൈസ്തവ ആരാധനാലയവും പണി കഴിപ്പിച്ചിരുന്നതായി ഗവേഷകർ പറയുന്നു. പുതിയനിയമത്തിൽ യോഹന്നാന്റെ സുവിശേഷം 9-ാം അദ്ധ്യായത്തിൽ യേശു ഈ സ്ഥലത്തുകൂടി കടന്നുപോയപ്പോൾ പിറവിയിലെ കുരുടനായ ഒരു മനുഷ്യനെ ശിഷ്യന്മാർ പരിചയപ്പെടുത്തിയപ്പോൾ അവന് യേശു അത്ഭുതവിടുതൽ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

"ദൈവപ്രവർത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ അവൻ കുരുടനായതെന്ന്" യേശു പറഞ്ഞ ശേഷം നിലത്തു തുപ്പി, തുപ്പൽകൊണ്ടു ചേറുണ്ടാക്കി, ചേറു അവന്റെ കണ്ണിൽ പൂശി, നീ ചെന്നു ശീലോഹാ കുളത്തിൽ കഴുക എന്ന പറഞ്ഞത് (വാക്യം 1-7) ൽ നാം വായിക്കുന്നു. അന്നു മുതൽ ഇന്നു വരെയും ശീലോഹാ കുളം ക്രൈസ്തവർക്ക് പരിചിതമാണ്. യിസ്രായേൽ പുരാവസ്തു ഗവേഷകരായ റോണി റെയ്ക്, ഏലിഷുക്രോൺ, എന്നിവരടങ്ങുന്ന സംഘമാണ് ഗവേഷണത്തിന് നേതൃത്വം നൽകിയത്.

2 ദിനവൃത്താന്ത പുസ്തകത്തിൽ 32-ാം അദ്ധ്യായത്തിൽ ഹിസ്കിയാവ് ഉറവകൾ നിർമ്മിച്ചതും ഈ കുളവുമായി ബന്ധപ്പെട്ടാണെന്ന് ഗവേഷകർ ഉറപ്പിച്ചു പറയുന്നു. 19-ാം നൂറ്റാണ്ടിൽ ആണ് ചില ഗവേഷകർ ഇത് ശീലോഹാ കുളമാണെന്ന് വിശ്വസിച്ചതെങ്കിലും അങ്ങനെ ഉറപ്പിച്ചു പറഞ്ഞിരുന്നില്ല. ഉൽഖനനസമയത്ത് ഗവേഷകർ ആദ്യം രണ്ടു കൽപ്പടവുകൾ കണ്ടിരുന്നു. തുടർന്നു നടത്തിയ ഖനനത്തിലാണ് കൂടുതൽ തെളിവുകൾ ലഭിച്ചത്.


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | | |
|---|---|---|
| ഏപ്രിൽ | 17 | കോഴിക്കോട് കൺവെൻഷൻ. വ്യാപാരഭവൻ (A/C hall) (കുരിശുപള്ളിക്ക് സമീപം). Ph:9961854203 **Time:**10am 3pm |
| ഏപ്രിൽ | 20 | വടകര കൺവെൻഷൻ. ഡാസിൽ ഓഡിറ്റോറിയം. ന്യൂ ബസ്സ്റ്റാന്റ് വടകര (Dazzle Banquet Hall) Ph:9497077796, 9961854203 **Time:**10am 3pm |
| ഏപ്രിൽ | 21 | താമരശ്ശേരി കൺവെൻഷൻ. വ്യപാരഭവൻ Ph:9961259509, 9645439869 **Time:**10am 3pm |
| ഏപ്രിൽ | 22 | പെരിന്തൽമണ്ണ കൺവെൻഷൻ. മുനിസിപ്പൽ ടൗൺ ഹാൾ. (കമ്മ്യൂണിറ്റി ഹാൾ) നിലമ്പൂർ റോഡ്, near.ഗവ. ഹൈസ്കൂൾ Ph:9847866077, 9747747068 **Time:**10am 3pm |
| ഏപ്രിൽ | 23-24 | തൃശ്ശൂർ കൃപാവര വളർച്ചാ ധ്യാനം. ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C) പാലസ് റോഡ് Ph:9446988562 |
| ഏപ്രിൽ | 28-30 | പാലക്കാട് & പൊള്ളാച്ചി. കൺവെൻഷൻ & ഭവനസന്ദർശനം, Ph:9447695624 |
| മെയ് | 1 | എറണാകുളം. കൺവെൻഷൻ. പാലാരിവട്ടം ചർച്ച്ഹാൾ **Time:**10am 3pm Ph:9388487301, 9745971555, 9947217398 |
| മെയ് | 6-8 | ചെന്നൈ കൺവെൻഷൻ & ഭവനസന്ദർശനം, Ph:9400502442, 9444928484 |
| മെയ് | 10-13 | ബൈബിൾ പഠനവും രോഗശാന്തി പ്രാർത്ഥനയും (4 days) കോഴിക്കോട് വ്യാപാരഭവൻ A/C Hall (കുരിശുപള്ളിക്ക് സമീപം,ബാങ്ക്റോഡ്) നയിക്കുന്നത്: ദേവസ്യാ മുല്ലക്കരസാർ, Ph:9961854203 സമയം **Time:**10 am- 5 pm |
| മെയ് | 15 | പാറശ്ശാല കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട, റെയിൽവെപാലത്തിന് സമീപം Ph:9744569559 **Time: 10am 1pm** തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ്മിനിഹാൾ Ph:9446718242 **Time:2.30 pm 5.30 pm** |
| മെയ് | 17-20 | കോട്ടയം, പാലാ ഭവനസന്ദർശനം |
| മെയ് | 21 | പാലാ കൺവെൻഷൻ. ടൗൺ ഹാൾ, Ph:9744655214 **Time:10am 1pm** |
| മെയ് | 22 | കൺവെൻഷൻ, കോട്ടയം IMA Hall, **Time:10am to 2pm** പാലാ വ്യാപാരഭവൻ **3pm to 5pm** |
| മെയ് | 23-27 | കോട്ടയം, പാലാ ഭവനസന്ദർശനം |
| മെയ് | 28 | കോട്ടയം കൺവെൻഷൻ. KPS മേനോൻ ഹാൾ, Ph:9744655214 **Time:10am 1pm** |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും **തിരുവല്ല** കൺവെൻഷൻ .ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ **തിരുവനന്തപുരം** കൺവെൻഷൻ Ph:9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും **കോഴിക്കോട്** കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203

(മെയ് 10-13 വരെ ബൈബിൾ പഠനവും രോഗശാന്തി പ്രാർത്ഥനയുമുള്ളതിനാൽ മെയ് മാസത്തിലെ മൂന്നാം ഞായറാഴ്ച കൺവെൻഷൻ ഉണ്ടായിരിക്കുന്നതല്ല.)

ATHMABHISHEKAM MONTHLY
2016 APRIL
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18 Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th April 2016

# കൃപാവരവളർച്ചാ ധ്യാനം

## തൃശ്ശൂർ

ചേംബർ ഓഫ് കൊമേഴ്സ് ഹാളിൽ (A/C)
(പാലസ് റോഡ്, സ്വപ്നാ തിയേറ്ററിന് സമീപം)
ഏപ്രിൽ 23,24 (ശനി, ഞായർ) ദിവസങ്ങളിൽ
സമയം:10 am to 5 pm വിശദവിവരങ്ങൾക്ക്: 9446988562

**തിരുവചനത്തിന്റെ മാർമ്മികസത്യങ്ങളും,
നിത്യജീവന്റെ രഹസ്യങ്ങളും അറിയുവാനാഗ്രഹിക്കുന്ന
ഏവർക്കും
അത്യപൂർവ്വ, ബൈബിൾപഠന
സുവർണ്ണാവസരങ്ങൾ**

# ബൈബിൾ പഠനം

## കോഴിക്കോട്

വ്യാപാരഭവനിൽ (A/C)
(കുരിശുപള്ളിക്ക് സമീപം, ബാങ്ക്റോഡ്)
മെയ് 10 മുതൽ 13 വരെ (4 days)
സമയം 10 am to 5 pm
വിശദവിവരങ്ങൾക്ക്:
9961854203



* എല്ലാ ദിവസവും
രോഗശാന്തി പ്രാർത്ഥന
ഉണ്ടായിരിക്കുന്നതാണ് *

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).